സദ്ഭാവന
ഓൺലൈനിൽ വായിക്കുവാൻ
ക്യു.ആർ കോഡ് സ്കാൻ ചെയ്യുക

# സദ്ഭാവന

YouTube
ശ്രീ. ബി.എസ്. ബാലചന്ദ്രൻ രചിച്ച
ശ്രീമഹാരാമായണം
കേൾക്കുവാനും വായിക്കുവാനും
സന്ദർശിക്കുക
യൂട്യൂബ് ചാനൽ
Jaihind Bharat Voice

പ്രതിമാസ മലയാള വാർത്താപത്രം | SATHBHAVANA | The Monthly Malayalam Newspaper

പുസ്തകം 25 ലക്കം 4 | തിരുവനന്തപുരം | 2026 ഏപ്രിൽ 10 | പേജ് 8 | വില 20 രൂപ | RNI Reg. No. KERMAL /2002/7358

വേഗത്തിലറിയാൻ



ആൽബം -08

ധർമ്മ മാർഗ്ഗത്തിൽ വിശ്വാസമർപ്പിച്ച് ഭാരത ദർശനം - 01
ബി.എസ്. ബാലചന്ദ്രൻ

അർഹതക്ക് അംഗീകാരം 'ഭാരത് സേവക്' ബഹുമതി നൽകി ആദരിച്ചു -03, 04, 05, 06

എഴുത്തിന്റെ ആദരങ്ങൾ സരസ്വതി സമ്മാൻ: സാഹിത്യത്തിന്റെ ഉയർന്ന ദേശീയ ബഹുമതി - 06

ഗഗനസഞ്ചാരികൾ ആകാശത്തേക്ക് പാടി പറന്ന എലിസബത്ത് തിബിൾ - 07

വേദങ്ങളിലെ വാക്യങ്ങൾക്ക് പകരംവെയ്ക്കാൻ മറ്റൊന്നില്ല : ബി.എസ്. ബാലചന്ദ്രൻ- 08

## ധർമ്മ മാർഗ്ഗത്തിൽ വിശ്വാസമർപ്പിച്ച്

# ഭാരത ദർശനം

**ബി.എസ്. ബാലചന്ദ്രൻ**



വേദങ്ങളുടെയും വേദഭാഗങ്ങളുടെയും ധർമ്മശാസ്ത്രങ്ങളുടെയും സാരം ഉൾച്ചേർന്നതാണ് ഭാരതം!

ഭാരതത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ പ്രപഞ്ചയാഥാർത്ഥ്യങ്ങളുടെ സമഗ്രവും യുക്തിസഹവുമായ വിശദീകരണത്തിന് അടിസ്ഥാനമായി പ്രവർത്തിക്കുന്ന സവിശേഷമായ വീക്ഷണഗതിയെക്കുറിച്ചും ചിന്തിക്കാതിരിക്കാനാവില്ല. അതായത് പരമസത്യത്തിന്റെ പ്രതിഭാസമെന്ന നിലയിൽ പ്രപഞ്ചത്തെ കാണുകയും വിശദീകരിക്കുകയും ചെയ്യുന്ന ഭാരതീയതത്വസംഹിതയെക്കുറിച്ചും ചിന്തിക്കേണ്ടിയിരിക്കുന്നു എന്നർത്ഥം!

ഭൂഗോളത്തെ ഏഴ് ഭൂഖണ്ഡങ്ങളായി തിരിച്ച് അതിലൊന്നായ 'ജംബുദീപ'ത്തെ വീണ്ടും ഒമ്പതായി ഭാഗിക്കുമ്പോൾ അതിലെ തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന ഭൂപ്രദേശത്തിന് ദേവാംശമുണ്ട് എന്നായിരുന്നു പ്രാചീന ഋഷിമതം! ഒമ്പത് ഭാഗങ്ങളിൽ പ്രസ്തുത പ്രദേശം ഒഴികെയുള്ള ഇളാവൃതം, ഭദ്രാസ്യം, ഹിരണ്വാൻ, ഹരി, കേളമാലം, ചമ്പകം, കുരുവർഷം, കിംപുരുഷവർഷം എന്നീ എട്ടിലും യുഗാവസ്ഥയോ ജരാമരണങ്ങളോ ഇല്ല! മാനവകുലത്തെ ദേവഹിതാർത്ഥം കൈവല്യത്തിലേയ്ക്കുയർത്തുന്നതിനും ധർമ്മ സംസ്ഥാപനത്തിനുമായുള്ള ഈശ്വരാവതാരങ്ങൾക്കു വേണ്ടിയുള്ള കളമൊരുക്കലായിരുന്നു അതെന്നുവേണം കരുതാൻ.! ചുരുക്കിപ്പറഞ്ഞാൽ ദിവ്യവും പരിപാവനവും ദൈവാംശം തുടിച്ചുനിൽക്കുന്നതുമായുള്ള ഒരു ഭൂപ്രദേശം! ഈ പുണ്യഭൂമിയിൽ ഉദ്ഭൂതമായ പാവന-മാഹാത്മ്യങ്ങളുടെ രേണുക്കളാണ് മാനവരാശിയിലാകെ പടർന്നത്! പ്രസ്തുത ഭൂപ്രദേശമാണ് കാലന്തരേ 'ഭാരതം' എന്നറിയപ്പെട്ടത്!

ഈ പ്രദേശത്തിന് 'ഭാരതം' എന്ന പേര് തികച്ചും അന്വർത്ഥമാണെന്ന് ചരിത്രം ചികഞ്ഞാൽ വ്യക്തമാകും. ശ്രീമഹാവിഷ്ണുവിന്റെ അവതാരമായ ശ്രീരാമപാദങ്ങളിൽ രാജ്യത്തെ സമർപ്പിച്ച് സത്യ-ധർമ്മ-നീതികൾ മുറുകെ പിടിച്ച് ഭരണം നടത്തിയ ഭരതന്റെ പേരിനോട് ചേർന്നു നിന്നുകൊണ്ടാണ് ഈ നാടിന് ഭരതമെന്നോ ഭാരതമെന്നോ പേരുണ്ടായത്. ഭാരതത്തിന്റെ ആദ്യചക്രവർത്തിയായി ഉദ്ഘോഷിക്കപ്പെടുന്നത് ഭരതനാണ്.

പ്രജാവത്സലനും ധർമ്മിഷ്ടനും നീതിമാനും സർവ്വോപരി ധീരനുമായ ഭരതമഹാരാജാവിന്റെ സഹസ്രാബ്ദങ്ങൾക്കുമുമ്പുള്ള രാജ്യഭരണം ഈ ആധുനിക യുഗത്തിലും പുതുമയാർന്നതും കാലികപ്രസക്തിയുള്ളതുമാണെന്ന വസ്തുത അത്ഭുതമുണർത്തുന്നു! ഭരണാധികാരി, സഹോദരൻ, പുത്രൻ, സ്നേഹിതൻ എന്നുവേണ്ട പൂർണ്ണതയെത്തിയ ഒരു മനുഷ്യൻ എങ്ങിനെയൊക്കെയായിരിക്കണമെന്ന് വ്യക്തമായി പഠിപ്പിക്കുന്ന ജീവിതചര്യയും കർമ്മശൈലിയും സംസ്കാരവൈശിഷ്ട്യവുമായിരുന്നു ഭരതന്റേത്!

ഭരതമഹാരാജാവ് ഉയർത്തിക്കെട്ടിയ മൂല്യവത്തായ ധർമ്മ-നീതികളുടേയും ഉന്നത സംസ്കാരത്തിന്റേയും കൊടിപ്പട്ടം താഴ്ത്തുവാനുള്ള കെൽപ്പ് ഇതപര്യന്തം എവിടെയും ആർക്കും കണ്ടിട്ടില്ലായെന്നതും വസ്തുത!

ഒന്നിനോടും ഒരുവിധ ആസക്തിയുമില്ലാത്തതും അധികാര പ്രമത്തത തൊട്ടുതീണ്ടാത്തതുമായ ത്യാഗമൂർത്തിയായിരുന്നു ഭരതചക്രവർത്തി. ഭരതനെ മാനവകുലത്തിലെയോ രാജവംശത്തിലെയോ ഏതെങ്കിലുമൊരു കള്ളിയിൽ ഒതുക്കിനിറുത്താനാവില്ല. മറിച്ച് ഭരതനെ മഹത്തായ ഒരു സംസ്കാരമായിത്തന്നെ കാണണം! പ്രസ്തുത ഭരതസംസ്കാരത്തിൽ നിന്ന് രൂപപ്പെട്ടുവന്നതാണ് ഭാരതസംസ്കാരം!

ഭാരത സംസ്കാരമെന്നു കേട്ടാൽ ആദ്യം ചിന്തിക്കുന്നത് സിന്ധുനദീതട സംസ്കാരത്തെക്കുറിച്ചായിരിക്കും! എന്നാൽ ഭാരത സംസ്കാരം ഉരുത്തിരിഞ്ഞത് സിന്ധുനദീതടസംസ്കാരത്തിൽ നിന്നാണെന്ന അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കാനാവില്ല. അതേസമയം മാനവസംസ്കാരത്തിന്റെ ആധുനിക കാലഘട്ടത്തിലെ തുടക്കം സിന്ധുനദീതട സംസ്കാരത്തിലാണെന്നതിനോട് യോജിക്കാതിരിക്കാനുമാവില്ല. സിന്ധുനദീതട സംസ്കാരത്തിന്റെ ആവിർഭാവത്തിന് എത്രയോ മുമ്പുതന്നെ ഭാരതസംസ്കാരം രൂപപ്പെട്ടുകഴിഞ്ഞിരുന്നു. സത്യ-ധർമ്മ-സ്നേഹ-ഭയ-ഭക്തി-വിശ്വാസങ്ങളെല്ലാം ഭാരതസംസ്കാര കിരീടത്തിലെ സുവർണ്ണരത്നങ്ങളാണ്. ഭരതചക്രവർത്തിയുടെ ഭരണകാലത്ത് ഇവയൊക്കെയും കൂടുതൽ പൊലിമയോടെ പ്രശോഭിച്ചിരുന്നുവെന്ന ചരിത്രസത്യം ഭാരതസംസ്കാരത്തിന്റെ പ്രാചീനതയുടെ അടയാളവും.

വേദോപനിഷത്തുകളുടെ കാലഘട്ടമാണ് ഭാരതത്തെ ആത്മീയതയിലേയ്ക്ക്

(ശേഷം 8–ാം പേജിൽ)

---

**ശാസ്ത്ര ലോകം**



ജയ ശ്രീകുമാർ

## ഫ്രിറ്റ്സ് സ്റ്റാസ്റ്റ്നി (Fritz Stastny)

## തെർമോക്കോൾ/എക്സ്പാൻഡഡ് പോളിസ്റ്റൈറൈൻ (EPS)

**നമ്മൾ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വസ്തുക്കൾ കണ്ടെത്തിയവരെ പരിചയപ്പെടുത്തുന്ന ഒരു പംക്തിയാണ് ഇത്**

1908 മാർച്ച് 4-ന് ഓസ്ട്രിയ-ഹംഗറിയിലെ (ഇന്നത്തെ ചെക്ക് റിപ്പബ്ലിക്) ബ്രണോ എന്ന സ്ഥലത്താണ് ഫ്രിറ്റ്സ് സ്റ്റാസ്റ്റ്നി (Fritz Stastny) ജനിച്ചത്. ഒരു ജർമ്മൻ -ചെക്ക് കുടുംബത്തിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. അച്ഛൻ ഫയർ ഇൻസ്പെക്ടറും അമ്മ അധ്യാപികയുമായിരുന്നു. ജർമ്മൻ, ചെക്ക് ഭാഷകൾ ഒരുപോലെ സംസാരിക്കുമായിരുന്ന ഇവരുടെ നാല് മക്കളിൽ ഇളയവനായിരുന്നു ഫ്രിറ്റ്സ് സ്റ്റാസ്റ്റ്നി. ജന്മനാടായ ബ്രണോയിലെ ജർമ്മൻ സെക്കൻഡറി സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. 1926 മുതൽ 1930 വരെ ബ്രണോയിലെ ജർമ്മൻ ടെ



ക്നിക്കൽ യൂണിവേഴ്സിറ്റിയിൽ (German Technical University) കെമിസ്ട്രിയിൽ ഉന്നത പഠനത്തിനു ശേഷം 1933-ൽ അതേ സർവ്വകലാശാലയിൽ നിന്ന് കെമിക്കൽ എഞ്ചിനീയറിംഗിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ അദ്ദേഹം പിയാനോ വായിച്ച് കിട്ടുന്ന വരുമാനം ഉപയോഗിച്ചാണ് പഠനത്തിനുള്ള ചെലവുകൾ വഹിച്ചിരുന്നത്. ഡോക്ടറേറ്റിന് ശേഷം കുറച്ചുകാലം ചെക്കോസ്ലോവാക്യയിൽ ജോലി ചെയ്തശേഷം 1939-ൽ ജർമ്മൻ കെമിക്കൽ കമ്പനിയായ BASF-ൽ ഒരു ഗവേഷണ ശാസ്ത്രജ്ഞനായി അദ്ദേഹം ജോലിയിൽ പ്രവേശിച്ചു . ലുഡ്വിഗ്ഷാഫെൻ (Ludwigshafen) എന്ന സ്ഥലത്തെ ലാബിലായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം. 1949 പോളിസ്റ്റൈറൈനെ കൂടുതൽ വഴക്കമുള്ളതാക്കാനുള്ള പരീക്ഷണങ്ങൾക്കിടെയാണ് അദ്ദേഹം അവിചാരിതമായി എക്സ്പാൻഡഡ് പോളിസ്റ്റൈറൈൻ (EPS) കണ്ടെത്തിയത്. പോളിസ്റ്റൈറൈൻ എന്ന പ്ലാസ്റ്റിക്

(ശേഷം 7–ാം പേജിൽ)

---

**ചിറകുള്ള മുന്തിരിപ്പൂക്കൾ**



മഞ്ജു ശ്രീകണ്ഠൻ

## കുളി കാക്ക കാഷ്ഠിച്ചാൽ മാത്രം

മരണവാർത്ത അറിയാൻ വൈകുന്നത് പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. പത്രപ്രവർത്തകരുടെ കാര്യത്തിലാണെങ്കിൽ ചിലപ്പോഴത് 'പണി പോകുന്ന' സ്ഥിതിയിലേക്കുവരെ എത്തിച്ചേയ്ക്കാം.

മഹാകവി കുമാരനാശാന്റെ മരണം മലയാള മനോരമ പത്രത്തിനും മാതൃഭൂമി പത്രത്തിനുമെല്ലാം ലഭിക്കുന്നത് ദിവസങ്ങൾ കഴിഞ്ഞാണ്. അക്കാലത്തെ ആശയവിനിമയ സൗകര്യങ്ങളുടെ അപര്യാപ്തതയടക്കമുള്ള പ്രശ്നങ്ങളാണ് ഇതിന് കാരണം.

കുമാരനാശാൻ മരിക്കുന്നത് 1924 ജനുവരി 17നാണ്. ആലപ്പുഴ പല്ലനയാറ്റിലുണ്ടായ ബോട്ടപകടത്തിലാണ് മലയാളത്തിന്റെ മഹാകവിയുടെ അന്ത്യം! അക്കാലത്ത് മാതൃഭൂമിയും മലയാള മനോരമയുമൊന്നും എല്ലാ ദിവസവും അച്ചടിച്ചിറക്കിയിരുന്നില്ല. ആഴ്ചയിൽ മൂന്നുദിവസം മാത്രമായിരുന്നു പ്രസിദ്ധീകരിച്ചിരുന്നത്. വാർത്തകൾ ശേഖരിക്കുവാനും അത്



കുമാരനാശാൻ



ബേബിജോൺ

അച്ചടിച്ച് ദൂരെ സ്ഥലങ്ങളിൽ എത്തിക്കുവാനുമൊക്കെയുള്ള ബുദ്ധിമുട്ടുകൾ തന്നെയാണ് ഇതിനുള്ള പ്രധാന കാരണമായിരുന്നത്. പല്ലനയാറ്റിൽ ബോട്ടപകടമുണ്ടായ വാർത്ത ജനുവരി 19ലെ മനോരമ പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ കുമാരനാശാൻ മരണമടഞ്ഞത് അതിലുണ്ടായിരുന്നില്ല. അപകടം സംഭവിച്ച ബോട്ടിൽ യാത്രക്കാരുടെ കൂട്ടത്തിൽ മഹാകവിയും ഉണ്ടായിരുന്നു എന്ന വിവരത്തിന്റെയടിസ്ഥാനത്തിൽ കുമാരനാശാന്റെ ബന്ധുക്കളും പല്ലനയാറ്റിൽ തിരച്ചിൽ നടത്തുന്നു എന്നുമാത്രമായിരുന്നു വാർത്തയിലുണ്ടായിരുന്നത്.

(ശേഷം 7–ാം പേജിൽ)

---

## മറുകും മലയും



ഡോ. രമേശ് ഇളമൺ നമ്പൂതിരി

### ബൂത്തിലേയ്ക്ക്

വിരലു കറുപ്പിച്ച്
വലിയൊരു വെളുപ്പിനായി
മുന്നോട്ട്.
ഈ കറുപ്പ് വെളുക്കുമോ?

### എന്തു ദൂരം

എൺപ്പത്തിയഞ്ച് വർഷങ്ങൾക്കു മുമ്പാണ്
നടക്കുവാൻ തുടങ്ങുന്നത്.
ഇപ്പോഴും അതു തുടരുന്നു.
അഞ്ചടി നീളമുള്ള ഒരു
ശരീരത്തിന്റെയുള്ളിൽ
ഇത്രയധികം ദൂരമുണ്ടെന്നോ?
എന്തൊരത്ഭുതം !

### നമ്മൾ

ജീവിതം ഒരു ബലൂൺ.
സ്നേഹം അതിന്റെ വായു.
പ്രതീക്ഷ അതിന്റെ ചരട്.
ആകാശമോ സ്വപ്നവും.

### പ്രതീക്ഷ

യജമാനൻ എന്നെങ്കിലും ഈ കൂട്
അടയ്ക്കുവാൻ മറന്നേക്കാം
ആകാശത്തിന്റെ മഹാമൗനത്തിൽ
അല്പം തൂവലുകൾ വിടർത്തട്ടെയെന്ന്
ചിന്തിച്ചേക്കാം.
അയാൾക്കും ഒരു കൂടുണ്ടല്ലൊ.
കിളി അഴികളിലൂടെ
വെളിയിലേയ്ക്കു നോക്കി.

### ഇവിടെ

നോട്ടുകൊട്ടാരം പണിയുവാൻ
തന്നെയാണ്
വിദേശത്തേയ്ക്കു പറന്നത്.
ഇവിടെ പ്രഭാതങ്ങൾ സ്ഫോടനങ്ങളുടെ
പൂരപ്പറമ്പ്.
പരുന്തുകൾക്കു പകരം
ചീറിയെത്തുന്ന മിസൈലുകൾ.
എന്റേത് ചീട്ടുകൊട്ടാരമോ?

---

## കാര്യവിചാരം



പ്രൊഫ. ജി. ബാലചന്ദ്രൻ

### സർവ്വത്ര ലഹരി - അക്രമം - മനോരോഗം

ബീഡി, സിഗരറ്റ്, ചുരുട്ട്, കഞ്ചാവ്, ചരസ് ഇതെല്ലാം മറന്നേക്കൂ ... പുതുതലമുറയെ കീഴടക്കാൻ പുതു ലഹരികൾ രാജ്യാന്തര അതിരുകൾ കടന്നു കൊച്ചു കേരളത്തിലും എത്തിത്തുടങ്ങി. മനുഷ്യ മസ്തിഷ്കങ്ങളെ ഭ്രാന്ത് പിടിപ്പിച്ച് കൊടും ക്രൂരതകളിലേക്ക് നയിക്കുന്ന എം ഡി എം എ ഉൾപ്പെടെയുള്ള സിന്തറ്റിക് ഡ്രഗുകളുടെ കാലമാണിത്. പഴയ കഞ്ചാവും ബീഡിയും വലിച്ചവരെല്ലാം ഇന്ന് മാന്യന്മാർ ! മയക്കുമരുന്നുകളുടെ കള്ളക്കടത്തും കൂടി വരികയാണ്. സ്വർണ്ണത്തേക്കാൾ ഇരട്ടി ലാഭം അതാണത്രേ ! തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ നിന്ന് ശേഖരിച്ച് ഗൾഫ് നാടുകൾ വഴി കേരളത്തിൽ എത്തിച്ച് വിതരണം ചെയ്യുന്നതോടുകൂടി കള്ളക്കടത്തുകാർക്ക് കിട്ടുന്നത് പൊന്നിനേക്കാൾ ആദായമാണ്. മാതാപിതാക്കളെയും സഹോദരന്മാരെയും അയൽവാസികളെയും എല്ലാം കൊല ചെയ്ത് ലഹരിയുടെ അടിമകളായി കഴിയുന്ന ഒരു വലിയ വിഭാഗത്തിന്റെ പിടിയിൽ കേരളം ഞെരിഞ്ഞമരുകയാണ്. കളമശ്ശേരി പോളിടെക്നിക് കോളേജിലെ ഹോസ്റ്റലിൽ നിന്ന് രണ്ടര കിലോ വരുന്ന കഞ്ചാവാണ് പോലീസ് പിടിച്ചെടുത്തത്. ഇതിൽ വിദ്യാർത്ഥി സംഘടനാ നേതാക്കൾക്ക് കൂടി പങ്കുണ്ട് എന്ന കാര്യം ഏറെ ഞെട്ടിപ്പിക്കുന്നതാണ്. ലഹരിക്കടിമപ്പെട്ടവർ സ്ത്രീകളെയും കുട്ടികളെയും ക്രൂരമായി ദ്രോഹിക്കുന്ന വാർത്തകൾ അനുദിനം വർധിച്ചുവരികയാണ്. എന്നാൽ ക്രമസമാധാനത്തിന് നിയോഗിക്കപ്പെട്ടവരുടെ എണ്ണക്കുറവും അവർക്ക് കാര്യങ്ങളിൽ ഇടപെടാനുള്ള നിയമപരമായ പരിമിതികളും ലഹരി

(ശേഷം 2–ാം പേജിൽ)



# മാർച്ച് ഡയറി

ആശ അരവിന്ദ്

## മാർച്ച് 1

- ചൊവ്വയിൽ മിന്നൽ ഉണ്ടാകുന്നതിന്റെ വ്യക്തമായ തെളിവുകൾ ശാസ്ത്രജ്ഞർ പുറത്തുവിട്ടു. നാസയുടെ മാവെൻ (MAVEN Mars Atmosphere and Volatile Evolution) മിഷനിൽ നിന്നുള്ള വിവരങ്ങൾ ഉപയോഗിച്ചാണ് 'വിസ്‌ലർ' (Whistler) എന്നറിയപ്പെടുന്ന റേഡിയോ തരംഗങ്ങൾ കണ്ടെത്തിയത്. ഇത് ഭൂമിയിൽ മിന്നൽ പിണരുകൾക്ക് സമാനമായ പ്രതിഭാസമാണ്. ചൊവ്വയിലെ ശക്തമായ പൊടിക്കാറ്റുകൾ (Dust Storms) വഴി അന്തരീക്ഷത്തിലെ പൊടിപടലങ്ങൾ കൂട്ടിമുട്ടുന്നതിലൂടെ യുണ്ടാകുന്ന സ്റ്റാറ്റിക് വൈദ്യുതിയാകാം ഈ മിന്നലുകൾക്ക് കാരണമെന്ന് കരുതപ്പെടുന്നു.

## മാർച്ച് 2

- ഓഹരി വിപണിയിൽ നിക്ഷേപകരെ കബളിപ്പിക്കുന്ന വ്യാജ ഉപദേശങ്ങൾക്കും സോഷ്യൽ മീഡിയ വഴിയുള്ള തെറ്റായ പ്രചാരണങ്ങൾക്കുമെതിരെ ശക്തമായ നടപടിയുമായി സെബി (SEBI -Securities and Exchange Board of India). ഇതിനായി സെബി സ്വന്തമായി വികസിപ്പിച്ചെടുത്ത 'സുദർശൻ' എന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ടൂൾ വഴി ഇതുവരെ 1.2 ലക്ഷത്തിലധികം വ്യാജ പോസ്റ്റുകളാണ് വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ നിന്ന് നീക്കം ചെയ്തത്.

## മാർച്ച് 3.

- തമിഴ്നാട്ടിലെ ആദ്യത്തെ ഡാർക്ക് സ്കൈ പാർക്ക് നാമക്കൽ ജില്ലയിലെ കൊല്ലിമലയിൽ (അരിയൂർ ഷോല റിസർവ് ഫോറസ്റ്റ്) ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ആസ്ട്രോ-ടൂറിസം (ജ്യോതിശാസ്ത്ര വിനോദസഞ്ചാരം) പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. പ്രപഞ്ചത്തെക്കുറിച്ചും നക്ഷത്രങ്ങളെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയാണ് ഇതിലൂടെ തമിഴ്നാട് വനംവകുപ്പ് ലക്ഷ്യമിടുന്നത്.

## മാർച്ച് 4.

- ഇന്ത്യ- കാനഡ ദീർഘകാല യുറേനിയം കരാർ ഒപ്പുവെച്ചു. രാജ്യത്തിന്റെ ആണവോർജ്ജ മേഖലയ്ക്ക് വലിയ കരുത്താകും. ഏകദേശം 2.6 ബില്യൺ ഡോളർ (ഏകദേശം 21,000 കോടി രൂപ) മൂല്യമുള്ളതാണ് ഈ യുറേനിയം വിതരണ കരാർ. കാനഡയിലെ പ്രമുഖ യുറേനിയം ഉൽപ്പാദകരായ കാമെകോ (Cameco) ആണ് ഇന്ത്യയുടെ ആണവോർജ്ജ വകുപ്പിന് (DAE) യുറേനിയം എത്തിച്ചു നൽകുന്നത്. 2027 മുതൽ 2035 വരെയുള്ള കാലയളവിലേക്കാണ് കരാർ ഒപ്പിട്ടിരിക്കുന്നത്.

## മാർച്ച് 5

- മലയാളം ഭരണഭാഷാ ബില്ലിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഒപ്പിട്ടു. 2025 ഒക്ടോബറിൽ നിയമസഭ പാസാക്കിയ ബില്ലാണിത്. ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസുകളിൽ മലയാളം നിർബന്ധമാക്കുക, കോടതിഭാഷ, സർക്കാർ ഉത്തരവുകൾ തുടങ്ങിയവ മലയാളത്തിലാക്കുക, തുടങ്ങിയവ ലക്ഷ്യമിട്ടാണ് ബില്ല്. കേരള ഔദ്യോഗിക ഭാഷകൾ ആക്ട് 1969 അനുസരിച്ച് സംസ്ഥാനത്ത് ഇംഗ്ലീഷും മലയാളവും ഔദ്യോഗിക ഭാഷകളാണ്. ഇതിനു പകരം സമഗ്ര മലയാള ഭാഷ നിയമം ഉറപ്പാക്കുകയാണ് ബില്ലിന്റെ ലക്ഷ്യം.

## മാർച്ച് 6

- ഇന്ത്യയിലെ ആദ്യ അണ്ടർ വാട്ടർ മെട്രോ ടണൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. ഹൂഗ്ലി നദിയിൽ നിർമിച്ച 520 മീറ്റർ നീളമുള്ള ടണലാണ് ഉദ്ഘാടനം ചെയ്തത്. തുടർന്ന് അദ്ദേഹം സ്കൂൾ വിദ്യാർഥികൾക്കൊപ്പം അണ്ടർ വാട്ടർ മെട്രോയിൽ യാത്ര ചെയ്തു. വെള്ളത്തിനടിയിലൂടെയുള്ള 520 മീറ്റർ ദൂരം 45 സെക്കൻഡ് കൊണ്ട് മെട്രോ ട്രെയിൻ പിന്നിടുമെന്നാണ് കണക്കുകൂട്ടൽ.

## മാർച്ച് 7

- സംസ്ഥാനത്തെ ആദ്യത്തെ എൻവിഡിയ എഐ ഫാക്ടറി പ്രവർത്തനസജ്ജമാക്കി കെ എസ് യു-ഉം യുണീക് ഐഡി സ്റ്റാർട്ടപ്പായ 'ജെനിസിസ് ലാബ്സ്'. എൻവിഡിയ സ്റ്റുഡിയോ സർട്ടിഫൈഡ് അംഗവും ഇന്റൽ ഗോൾഡ് മെമ്പറുമാണ് ജെനിസിസ് ലാബ്സ്. കേരളത്തിലെ പ്രമുഖ പ്രൊഡക്റ്റ് സ്റ്റുഡിയോയായ 'കീവാല്യൂ' സോഫ്റ്റ്‌വെയർ സിസ്റ്റംസിനായാണ് കൊച്ചിയിൽ ഈ അത്യാധുനിക സൗകര്യം ഒരുക്കിയിട്ടുള്ളത്.

## മാർച്ച് 8.

- കേരള പോലീസ് ആരംഭിച്ച 'നിർഭയ നിശ' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2026 മാർച്ച് 8-ന് അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് നടന്നു. രാത്രി 9 മുതൽ പുലർച്ചെ 5 വരെ സ്ത്രീകൾക്ക് സുരക്ഷയൊരുക്കുന്ന പദ്ധതിയിൽ, പ്രത്യേക പരിശീലനം ലഭിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥരെയും പിങ്ക് പട്രോളിംഗിനെയും വിന്യസിക്കുന്നു. രാത്രി യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് അടിയന്തര സഹായം ലഭ്യമാക്കാൻ ERSS (Emergency Response and Support System), 112 ഹെൽപ്പ് ലൈൻ, പോൽ-ആപ്പ് (PolApp) എന്നിവ ഏകോപിപ്പിക്കും. സംസ്ഥാന പോലീസ് മേധാവി റവാഡ എ. ചന്ദ്രശേഖർ പദ്ധതി ഫ്ലാഗ് ഓഫ് ചെയ്തു.

## മാർച്ച് 9

- 2026-ലെ ഐസിസി പുരുഷ ടി20 ലോകകപ്പിൽ ഇന്ത്യ ചരിത്രവിജയം കുറിച്ചു. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ നടന്ന ആവേശകരമായ ഫൈനലിൽ ന്യൂസിലാൻഡിനെ 96 റൺസിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ തങ്ങളുടെ മൂന്നാമത്തെ ടി20 ലോകകപ്പ് കിരീടം സ്വന്തമാക്കിയത്. ടി20 ലോകകപ്പ് കിരീടം നിലനിർത്തുന്ന (Defending Champions) ലോകത്തിലെ ആദ്യ ടീമായി ഇന്ത്യ മാറി. കൂടാതെ, സ്വന്തം നാട്ടിൽ ടി20 ലോകകപ്പ് നേടുന്ന ആദ്യ രാജ്യവുമായി ഇന്ത്യ.

## മാർച്ച് 10

- വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് അത്യാധുനിക ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത ക്രെയിൻ മാനേജ്മെന്റ് സിസ്റ്റം പൂർണ്ണമായും പ്രവർത്തനസജ്ജമായി. ഇതോടെ കണ്ടെയ്നറുകൾ നീക്കം ചെയ്യുന്നതിനും കപ്പലുകളുടെ ഗതാഗതം നിയന്ത്രിക്കുന്നതിനും പൂർണ്ണമായും ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സെമി-ഓട്ടോമേറ്റഡ് തുറമുഖമായി വിഴിഞ്ഞം മാറി.

## മാർച്ച് 11

- പത്മവിഭൂഷൺ ഡോ. കെ.ജെ. യേശുദാസിനോടുള്ള ആദരസൂചകമായി നിർമ്മിക്കുന്ന ഡിജിറ്റൽ ലൈബ്രറിയുടെ പ്രാഥമിക ഘട്ട ഉദ്ഘാടനം സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ നിർവഹിച്ചു. യേശുദാസ് പാടിയ പതിനായിരക്കണക്കിന് പാട്ടുകൾ, അദ്ദേഹത്തിന്റെ അഭിമുഖങ്ങൾ, അപൂർവ്വമായ ഫോട്ടോകൾ, വിഡിയോകൾ എന്നിവ ഒരിടത്ത് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. സംഗീത ഗവേഷകർക്കും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും യേശുദാസിന്റെ സംഗീത ലോകത്തെക്കുറിച്ച് പഠിക്കാനും ആസ്വദിക്കാനും ഈ ഡിജിറ്റൽ സംവിധാനം വഴി സാധിക്കും.

## മാർച്ച് 12

- സ്കൂൾ കായിക മേളകളുടെ ചരിത്രത്തിൽ നിർണ്ണായക മാറ്റത്തിനൊരുങ്ങി പൊതുവിദ്യാഭ്യാസ വകുപ്പ്. കായിക മത്സരങ്ങളിൽ കൃത്യതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി ഡിജിറ്റൽ ടൈമിംഗ് സിസ്റ്റം നിർബന്ധമാക്കാൻ തീരുമാനിച്ചു. ഓട്ടമത്സരങ്ങളിൽ സെക്കൻഡുകളുടെ വ്യത്യാസത്തിൽ വിജയികളെ നിശ്ചയിക്കുന്നതിലെ തർക്കങ്ങൾ ഒഴിവാക്കാൻ അത്യാധുനിക 'ഫോട്ടോ ഫിനിഷ്' സാങ്കേതികവിദ്യ ഉപയോഗിക്കും. പ്രായത്തട്ടിപ്പ് തടയുന്നതിനായി ഓരോ കായിക താരത്തിനും School Sports Unique Identification Number (SSUID) നൽകും.

## മാർച്ച് 13

- ഭാരത് ക്വാണ്ടം നെറ്റ്‌വർക്കിന്റെ (Bharat quantum Network) ഭാഗമായി ഇന്ത്യ സ്വന്തമായി വികസിപ്പിച്ചെടുത്ത 10-ക്യുബിറ്റ് ക്വാണ്ടം കമ്പ്യൂട്ടർ പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചു. സാധാരണ കമ്പ്യൂട്ടറുകൾക്ക് തകർക്കാൻ കഴിയാത്ത തരം ക്വാണ്ടം എൻക്രിപ്ഷൻ (quantum Encryption) സംവിധാനം വഴി സൈനിക സന്ദേശങ്ങൾ കൂടുതൽ സുരക്ഷിതമാക്കാനും, ഉപഗ്രഹങ്ങൾ വഴിയുള്ള വാർത്താവിനിമയത്തിലും വിവര കൈമാറ്റത്തിലും വിപ്ലവകരമായ മാറ്റങ്ങൾ വരുത്താനും ഇതിനു കഴിയും.

## മാർച്ച് 14

- 2025 ലെ ജ്ഞാനപീഠ പുരസ്കാരം തമിഴ് കവിയും ഗാനരചയിതാവുമായ ആർ വൈരമുത്തുവിന്. തമിഴ്നാട്ടിൽ നിന്നും ജ്ഞാനപീഠ പുരസ്കാരം നേടുന്ന മൂന്നാമത്തെ വ്യക്തിയാണ് വൈരമുത്തു. മികച്ച ഗാനരചയിതാവാനുള്ള ദേശീയ അവാർഡ് ഏഴ് പ്രാവശ്യം സ്വന്തമാക്കിയിട്ടുണ്ട്. സാഹിത്യത്തിന് നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം. 11 ലക്ഷം രൂപയും വാഗ്ദേവതയുടെ ശില്പവും ഫലകവും പുരസ്കാരം.

## മാർച്ച് 15

- രാജ്യത്തെ ആദ്യ ഗ്രീൻ ഹൈഡ്രജൻ ട്രെയിനിന്റെ പരീക്ഷണ ഓട്ടം വിജയകരമായി പൂർത്തിയാക്കി. ഹരിയാനയിലെ ജിന്ദിൽ നടന്ന പരീക്ഷണത്തിൽ മണിക്കൂറിൽ 70 കിലോമീറ്റർ വേഗതയിലാണ് ട്രെയിൻ സഞ്ചരിച്ചത്. മലിനീകരണമുക്തമായ ഈ ട്രെയിൻ ചെന്നൈയിലെ ഇന്റഗ്രൽ കോച്ച് ഫാക്ടറിയിലാണ് (ICF) നിർമ്മിച്ചത്. 'ഹൈഡ്രജൻ ഫോർ ഹെറിറ്റേജ്' എന്ന പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ഈ ട്രെയിനിൽ ഒരേ സമയം 2,600 ഓളം യാത്രക്കാർക്ക് സഞ്ചരിക്കാൻ സാധിക്കും.

## മാർച്ച് 16

- എൻ.പി.സി.ഐ.എല്ലിൽ (NPCIL) ചരിത്രം കുറിച്ച് ആർ.എം. നാച്ചമ്മ. ഇന്ത്യയിലെ ഒരു ആണവനിലയത്തിന്റെ 'ചീഫ് സൂപ്രണ്ട്' പദവിയിലെത്തുന്ന ആദ്യ വനിതയായി അവർ നിയമിതയായി. 35 വർഷത്തെ നീണ്ട സർവീസിനു ശേഷമാണ് ആർ.എം. നാച്ചമ്മ ഈ സുപ്രധാന പദവിയിൽ എത്തുന്നത്. നിലവിൽ ഒരു ആണവനിലയത്തിന്റെ പ്രവർത്തന ചുമതല വഹിക്കുന്ന ഏക വനിതയും ഇവർ തന്നെ.

## മാർച്ച് 17

- 98-ാമത് ഓസ്കാർ വേദിയിൽ അവതാരകയായി (Presenter) എത്തി ഇന്ത്യൻ താരം പ്രിയങ്ക ചോപ്ര രാജ്യത്തിന് അഭിമാനമായി. മികച്ച അന്താരാഷ്ട്ര ചിത്രത്തിനുള്ള (Best International Feature Film) പുരസ്കാരമാണ് പ്രിയങ്ക വേദിയിൽ പ്രഖ്യാപിച്ചത്. നോർവീജിയൻ ചിത്രമായ 'സെന്റിമെന്റൽ വാല്യൂ' ഈ വിഭാഗത്തിൽ പുരസ്കാരം നേടി. പത്ത് വർഷങ്ങൾക്ക് ശേഷമാണ് പ്രിയങ്ക ഓസ്കാർ വേദിയിൽ അവതാരകയായി തിരിച്ചെത്തുന്നത്

## മാർച്ച് 18.

- 2025-ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ചെറുകഥാകൃത്തും നോവലിസ്റ്റും കവിയുമായ എൻ. പ്രഭാകരന്. അദ്ദേഹം രചിച്ച് മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിച്ച മായാമനുഷ്യർ എന്ന നോവലാണ് മലയാളത്തിൽനിന്ന് പുരസ്കാരത്തിനായി തിരഞ്ഞെടുത്തത്. ഒരു ലക്ഷംരൂപയും ഫലകവുമടങ്ങുന്നതാണ് പുരസ്കാരം.

## മാർച്ച് 19.

- 2025- ലെ മാതൃഭൂമി സാഹിത്യ പുരസ്കാരത്തിന് പ്രശസ്ത എഴുത്തുകാരനായ മേതിൽ രാധാകൃഷ്ണൻ അർഹനായി. കോഴിക്കോട് വെച്ച് നടന്ന ചടങ്ങിൽ പ്രശസ്ത നോവലിസ്റ്റ് എം. മുകുന്ദനാണ് പുരസ്കാരം സമർപ്പിച്ചത്. അദ്ദേഹത്തിന്റെ സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് ഈ ആദരം നൽകിയത്.

## മാർച്ച് 20

- 2026-ലെ ലോക സന്തോഷ സൂചികയിൽ (World Happiness Report) തുടർച്ചയായ ഒമ്പതാം വർഷവും ഫിൻലാൻഡ് ലോകത്തിലെ ഏറ്റവും സന്തുഷ്ട രാജ്യമായി തിരഞ്ഞെടുക്കപ്പെട്ടു. ഫിൻലൻഡ്, ഐസ്ലൻഡ്, ഡെന്മാർക്ക്, കോസ്റ്ററിക്ക, സ്വീഡൻ, നോർവേ, നെതർലാൻഡ്സ്, ലക്സംബർഗ്, ഇസ്രായേൽ, സ്വിറ്റ്സർലൻഡ് എന്നിവയാണ് ആദ്യ പത്തിൽ ഇടം പിടിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇന്ത്യയുടെ റാങ്കിംഗിൽ നേരിയ പുരോഗതിയുണ്ട്. 118-ാം സ്ഥാനത്തുനിന്നും ഇന്ത്യ 116-ാം സ്ഥാനത്തേക്ക് ഉയർന്നു.

## മാർച്ച് 21

- വൈദ്യശാസ്ത്ര ലോകത്ത് വിപ്ലവകരമായ മുന്നേറ്റവുമായി ലണ്ടനിലെ ശാസ്ത്രജ്ഞർ. പരീക്ഷണശാലയിൽ കൃത്രിമമായി വികസിപ്പിച്ചെടുത്ത അന്നനാളം (Labല്ഗrown Oesophagus) വിജയകരമായി മാറ്റിവെക്കാമെന്ന് ഗവേഷകർ തെളിയിച്ചു. ജന്മനാ അന്നനാളത്തിന് വൈകല്യമുള്ള കുട്ടികൾക്ക് വലിയ പ്രതീക്ഷ നൽകുന്നതാണ് ഈ കണ്ടെത്തൽ. മനുഷ്യരിൽ ഈ പരീക്ഷണം വിജയിച്ചാൽ അവയവമാറ്റ ശസ്ത്രക്രിയ രംഗത്ത് ഇതൊരു വിപ്ലവകരമായ മാറ്റമാകും.

## മാർച്ച് 22

- അരുണാചൽ പ്രദേശിലെ പ്രകൃതിരമണീയമായ സിറോ (Ziro) താഴവരയിൽ നിന്ന് പുതിയൊരു ഇനം കാട്ടു കിവി (Wild Kiwi) വർഗ്ഗത്തെ ശാസ്ത്രജ്ഞർ കണ്ടെത്തി. 'ആക്റ്റിനിഡിയ ഇൻഡിക്ക' (Actinidia indica) എന്നാണ് ഈ പുതിയ സസ്യവർഗ്ഗത്തിന് പേര് നൽകിയിരിക്കുന്നത്. അരുണാചൽ പ്രദേശിലെ ജൈവവൈവിധ്യത്തെക്കുറിച്ച് പഠനം നടത്തുന്ന ഗവേഷക സംഘമാണ് ഈ കണ്ടെത്തലിന് പിന്നിൽ.

## മാർച്ച് 23

- ഭൗതികശാസ്ത്ര ചരിത്രത്തിലെ ഏറ്റവും സങ്കീർണ്ണമായ വെല്ലുവിളികളിലൊന്ന് അതിജീവിച്ച് ശാസ്ത്രജ്ഞർ. ആന്റിപ്രോട്ടോണുകൾ പുറത്തെടുത്ത് മുൻപൊരിക്കലും ചെയ്തിട്ടില്ലാത്ത പരീക്ഷണം നടത്തി ജനീവയിലെ ശാസ്ത്രജ്ഞർ. പ്രതിദ്രവ്യം (ആന്റിമാറ്റർ) ദ്രവ്യവുമായി (മാറ്റർ) സമ്പർക്കം പുലർത്തിയിരുന്നെങ്കിൽ ഒരു നിമിഷം കൊണ്ട് അത് നശിച്ചുപോകുമായിരുന്നു. എന്നാൽ യൂറോപ്യൻ ഓർഗനൈസേഷൻ ഫോർ ന്യൂക്ലിയർ റിസർച്ച് (CERN) ലെ ഗവേഷകർ ചൊവ്വാഴ്ച നാല് മണിക്കൂറിനുള്ളിൽ ഏകദേശം 100 ആന്റിപ്രോട്ടോണുകളെയാണ് റോഡിലിറക്കിയത്. പരീക്ഷണം വിജയകരമെന്നാണ് ഗവേഷകർ വിലയിരുത്തുന്നത്.

## മാർച്ച് 24

- മനുഷ്യരാശിയുടെ ബഹിരാകാശ സ്വപ്നങ്ങൾക്ക് പുതിയ ചുവടുവെയ്പ്പായി, ചൊവ്വയിലേക്കുള്ള ഒരു അത്യാധുനിക ദൗത്യം പ്രഖ്യാപിച്ചിരിക്കുകയാണ് നാസ (NASA). സ്കൈഫോൾ (Skyfall) എന്ന പേരിലുള്ള ഈ ദൗത്യം 2028 ഡിസംബറിൽ വിക്ഷേപിക്കാനാണ് പദ്ധതിയിടുന്നത്. ആണവശക്തിയിൽ പ്രവർത്തിക്കുന്ന ആദ്യത്തെ ഇന്റർപ്ലാനറ്ററി ബഹിരാകാശ പേടകമാണ് ഇത് എന്നതാണ് ഈ ദൗത്യത്തിന്റെ ഏറ്റവും വലിയ പ്രത്യേകത.

## മാർച്ച് 25

- 2026-ലെ ലോക ഭക്ഷ്യ പുരസ്കാരം (World Food Prize) നെതർലൻഡ്സിൽ നിന്നുള്ള ശാസ്ത്രജ്ഞനും മാനുഷിക പ്രവർത്തകനുമായ ഹ്യൂബ് ലെലിവെൽഡിന് (Huub Lelieveld) ലഭിച്ചു. ആഗോളതലത്തിൽ ഭക്ഷണത്തിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനായി (Global Food Safety) അദ്ദേഹം നൽകിയ ശ്രദ്ധേയമായ സംഭാവനകൾ പരിഗണിച്ചാണ് ഈ ബഹുമതി.

## മാർച്ച് 26

- രാജ്യത്തെ ഗോത്രവർഗ്ഗ മേഖലകളിലെ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സംഘടിപ്പിക്കുന്ന പ്രഥമ 'ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസ്' (Khelo India Tribal Games) ഛത്തീസ്ഗഡിൽ ആവേശകരമായ തുടക്കം. കേന്ദ്ര കായിക മന്ത്രാലയവും ഛത്തീസ്ഗഡ് സർക്കാരും സംയുക്തമായാണ് ഈ ചരിത്രപരമായ കായിക മേളയ്ക്ക് ആതിഥേയത്വം വഹിക്കുന്നത്. വിവിധ സംസ്ഥാനങ്ങളിൽ നിന്നായി ആയിരക്കണക്കിന് ഗോത്രവർഗ്ഗ കായികതാരങ്ങളാണ് ഈ മത്സരങ്ങളിൽ പങ്കെടുക്കുന്നത്. ആർച്ചറി (അമ്പെയ്ത്ത്), ഹോക്കി, ഫുട്ബോൾ, കബഡി, ഖോ-ഖോ തുടങ്ങിയ പരമ്പരാഗതവും ആധുനികവുമായ കായിക ഇനങ്ങൾ മേളയുടെ ഭാഗമാണ്. ഗോത്രവർഗ്ഗക്കാർക്കിടയിൽ ഏറെ പ്രചാരമുള്ള അമ്പെയ്ത്ത് മത്സരങ്ങൾക്കാണ് കാണികൾക്കിടയിൽ കൂടുതൽ ആവേശം പ്രകടമാകുന്നത്.

## മാർച്ച് 27

- പ്രമേഹരോഗികൾക്ക് ആശ്വാസവാർത്തയുമായി ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ (IISc) ഗവേഷകർ. വിരലിൽ സൂചി തറച്ച് രക്തമെടുക്കാതെ തന്നെ ശരീരത്തിലെ പഞ്ചസാരയുടെ അളവ് കൃത്യമായി പരിശോധിക്കാവുന്ന പുതിയ 'നോൺ-ഇൻവേസീവ്' (Noninvasive) സാങ്കേതികവിദ്യ ഇവർ വികസിപ്പിച്ചെടുത്തു. ലേസർ രശ്മികളോ പ്രത്യേക തരം പ്രകാശതരംഗങ്ങളോ ഉപയോഗിച്ച് ചർമ്മത്തിനടിയിലുള്ള ഗ്ലൂക്കോസ് തന്മാത്രകളെ തിരിച്ചറിയുന്ന രീതിയാണിത്. രക്തം പുറത്തെടുക്കാതെ തന്നെ സെൻസറുകൾ വഴി കൃത്യമായ റീഡിംഗ് നൽകാൻ ഈ ഉപകരണത്തിന് സാധിക്കും. ദിവസവും ഒന്നിലധികം തവണ വിരലിൽ സൂചി കുത്തി പരിശോധന നടത്തുന്നവർക്ക് ഈ പുതിയ രീതി വലിയ ആശ്വാസമാകും.

## മാർച്ച് 28

- ക്രിക്കറ്റ് ആരാധകർ കാത്തിരുന്ന ഇന്ത്യൻ പ്രീമിയർ ലീഗിന്റെ 19-ാം പതിപ്പിന് ബെംഗളൂരുവിലെ എം. ചിന്നസ്വാമി സ്റ്റേഡിയത്തിൽ വർണ്ണാഭമായ തുടക്കം. ഉദ്ഘാടന മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദിനെ ആറ് വിക്കറ്റിന് തകർത്ത് നിലവിലെ ചാമ്പ്യന്മാരായ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു തകർപ്പൻ വിജയം സ്വന്തമാക്കി. നേരത്തെ നടന്ന ഉദ്ഘാടന ചടങ്ങിൽ ബോളിവുഡ് താരങ്ങളുടെ സാന്നിധ്യവും അത്യാധുനിക ലേസർ ഷോയും ആരാധകരെ ആവേശത്തിലാഴ്ത്തി. ഐപിഎൽ ആവേശം വരും ദിവസങ്ങളിൽ രാജ്യത്തെ വിവിധ നഗരങ്ങളിലേക്ക് പടരും.

## മാർച്ച് 29

- ഇന്ത്യൻ ഹോക്കിയിലെ എട്ടാമത് ഹോക്കി ഇന്ത്യ വാർഷിക പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. പുരുഷ വിഭാഗത്തിൽ മിഡ്ഫീൽഡർ ഹാർദിക് സിംഗും വനിതാ വിഭാഗത്തിൽ നവനീത് കൗറും മികച്ച താരങ്ങൾക്കുള്ള (പ്ലെയർ ഓഫ് ദി ഇയർ) ബൽബീർ സിംഗ് സീനിയർ അവാർഡ് കരസ്ഥമാക്കി. മുൻ ഇന്ത്യൻ ക്യാപ്റ്റൻ സഫർ ഇഖ്ബാലിനെ പരമോന്നത ബഹുമതിയായ മേജർ ധ്യാൻചന്ദ് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി ആദരിച്ചു. 25 ലക്ഷം രൂപയാണ് പുരസ്കാര തുക. ബിച്ചു ദേവി ഖരിബം (ബൽജിത് സിംഗ് അവാർഡ്-മികച്ച ഗോൾകീപ്പർ) സഞ്ജയ് (പർഗത് സിംഗ് അവാർഡ്-മികച്ച ഡിഫൻഡർ) സുമിത് (അജിത് പാൽ സിംഗ് അവാർഡ്-മികച്ച മിഡ്ഫീൽഡർ) അഭിഷേക് (ധൻരാജ് പിള്ള അവാർഡ്-മികച്ച ഫോർവേഡ്) മികച്ച ഉദയതാരങ്ങൾ (U-21) സാക്ഷി റാണ (വനിത), പ്രിൻസ് ദീപ് സിംഗ് (പുരുഷൻ).

## മാർച്ച് 30

- മലയാളി സ്റ്റാർട്ടപ്പായ 'സ്പേസ്ടൈം 4ഡി പ്രിന്റിംഗ് സൊല്യൂഷൻ' നിർമ്മിച്ച അത്യാധുനിക 'ആകാശ 300' (Akasha300) 3ഡി പ്രിന്റർ ഇനി ഐഎസ്ആർഒയുടെ ഭാഗം. വലിയമലയിലെ ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്ററിലേക്കാണ് (LPSC) ഈ പ്രിന്റർ കൈമാറിയത്. 500 ഡിഗ്രി സെൽഷ്യസ് വരെ ചൂടിൽ പ്രവർത്തിക്കാൻ ശേഷിയുള്ള ഈ യന്ത്രം ബഹിരാകാശ ഗവേഷണ രംഗത്തെ സങ്കീർണ്ണമായ ഭാഗങ്ങൾ നിർമ്മിക്കാൻ സഹായിക്കും. അഖിൽ മാധവൻ, ജിതിൻ വി, പ്രത്യുഷ് ടി, അമൽ അശോകൻ എന്നിവർ ചേർന്ന് 2020-ൽ തുടങ്ങിയ ഈ സംരംഭം കേരള സ്റ്റാർട്ടപ്പ് മിഷന്റെയും ഐഐഎസ്ടിയുടെയും (IIST) പിന്തുണയോടെയാണ് വളർന്നത്. ഇന്ത്യയിൽ തന്നെ നിർമ്മിച്ച (Make in India) ഇത്തരം സാങ്കേതിക വിദ്യകൾ വരുംകാല ബഹിരാകാശ ദൗത്യങ്ങൾക്ക് വലിയ കരുത്താകും.

## മാർച്ച് 31

- ഏഷ്യൻ പാരാലിമ്പിക് കമ്മിറ്റിയുടെ 2025-ലെ മികച്ച കായിക താരങ്ങൾക്കുള്ള പുരസ്കാര പട്ടികയിൽ ഇന്ത്യയുടെ ഷീതൽ ദേവി ഇടംപിടിച്ചു. 'Para Archer of the Year' പുരസ്കാരത്തിനാണ് ജമ്മു കാശ്മീർ സ്വദേശിയായ ഈ കൗമാര താരം അർഹയായത്. കൈകളില്ലാതെ കാലുകൾ കൊണ്ട് വില്ലു കുലച്ച് ലക്ഷ്യം കാണുന്ന ഷീതലിന്റെ പോരാട്ടവീര്യം ലോകത്തിന് തന്നെ മാതൃകയാണെന്ന് സമിതി വിലയിരുത്തി. കഴിഞ്ഞ സീസണിലെ അന്താരാഷ്ട്ര മത്സരങ്ങളിലെ സ്ഥിരതയാർന്ന പ്രകടനമാണ് ഷീതലിനെ ഒന്നാമതെത്തിച്ചത്.

# സർവ്വത്ര ലഹരി - അക്രമം - മനോരോഗം

(1-ാം പേജിൽ നിന്നും തുടർച്ച)

മാഫിയകളെ കൂടുതൽ ശക്തമാക്കുകയാണ് കേരളത്തിലെ ആഭ്യന്തരവകുപ്പിന്റെ ചുമതല വഹിക്കുന്ന മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞ ഒരു കണക്കുണ്ട്. രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് 2024 ഡിസംബർ 31 വരെ 87702 എൻ.ഡി.എ.പി.എസ് കേസുകൾ രജിസ്റ്റർ ചെയ്യുകയും അതിൽ 87389 കേസുകളിലായി 94886 പേരെ പ്രതി ചേർക്കുകയും 93599 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തുവെന്ന്..!

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ (2016 -21 വരെ) 37340 കേസുകൾ രജിസ്റ്റർ ചെയ്യുകയും, അതിൽ 37228 കേസുകളിലായി 41567 പേരെ പ്രതി ചേർക്കുകയും 41378 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു.! എത്ര ഭീതിതമായ കണക്കാണിത്. കേരളത്തിൽ ലഹരി ഉപയോഗത്തിന്റെ പേരിൽ പിടിക്കപ്പെട്ടവരുടെ എണ്ണം ഇതാണെങ്കിൽ പിടിക്കപ്പെടാതെ പോയവരുടെ എണ്ണം ഇതിന്റെ എത്ര മടങ്ങായിരിക്കും? മിഠായിലും ഐസ്ക്രീമിലും സിന്തറ്റിക് ഡ്രഗുകൾ ചേർത്ത് പുതുതലമുറയെ ആകർഷിച്ച് അവരെ അതിന്റെ അടിമകളാക്കുന്ന മഹാപാപത്തിന് അറുതി വരുത്തേണ്ടതുണ്ട്. ഇതിനെതിരെ ഒറ്റക്കെട്ടായ ഒരു സമരമുറ ആവിഷ്കരിക്കണം. സംസ്ഥാനത്ത് കൂടിവരുന്ന കുറ്റകൃത്യങ്ങളെ നിയന്ത്രിക്കാൻ ആവശ്യത്തിന് പോലീസ് സംവിധാനം വളർന്നു വികസിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കണം? മയക്കുമരുന്നുകളുടെ വ്യാപനവും വിപണനവും കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും കൂടുതൽ ശക്തമായ സാങ്കേതിക മികവുകൾ നേടിയെടുക്കേണ്ടതുണ്ട്. കേവലം നിയമപാലകർ മാത്രം വിചാരിച്ചാൽ ഈ വിപത്തിനെ തടയാൻ കഴിയില്ല. അതിന് മത സാമൂഹിക രാഷ്ട്രീയ രംഗത്തെ എല്ലാവരും ഒന്നു ചേർന്ന് പ്രവർത്തിക്കണം. ഇക്കാര്യത്തിൽ സർക്കാരിന് ജാഗ്രതക്കുറവ് ഉണ്ടായിട്ടുണ്ട്. മദ്യത്തിൽ നിന്നുള്ള വരുമാനമാണ് സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ പ്രധാന മൂലധന സ്രോതസ്സ് എന്നത് വ്യക്തമാണ്. അതുകൊണ്ടുതന്നെയാണ് ദോഷമാണെന്ന് അറിഞ്ഞിട്ടും ബ്രൂവെറിയുടെ മായാവലയത്തിൽ സർക്കാർ പെട്ടുപോയത്. അത് പ്രത്യക്ഷമായും പരോക്ഷമായും ലഹരിയെ പ്രോത്സാഹിപ്പിക്കലാണ്. ലഹരിയെ വരുമാനസ്രോതസ്സ് ആയി കാണുന്ന കാലത്തോളം നമുക്ക് ലഹരിയോട് പൊരുതാൻ കഴിയില്ല. അതുകൊണ്ട് അതിനു പുതിയ മാർഗ്ഗങ്ങൾ അവലംബിക്കണം. ഗാന്ധിജിയുടെയും ഗുരുദേവന്റെയും കൂടിക്കാഴ്ചയുടെ നൂറാം വാർഷികം ആഘോഷിക്കുന്ന സമയത്ത് അവർ രണ്ടുപേരും ഒരുപോലെ ആഗ്രഹിച്ച മദ്യവർജന എന്ന മഹത്തായ ആശയത്തിനായി നമുക്കും കൈകോർക്കാം.

# സംസ്കാര ഭാരതം ഗാനസദസ്സ്

## പാട്ടിന്റെ പാലാഴി തീർത്ത് 'പാടാം നമുക്ക്പാടാം'



*'പാടാം നമുക്ക് പാടാം' പിന്നണിഗായിക ലക്ഷ്മീ രംഗൻ ഉദ്ഘാടനം ചെയ്യുന്നു*

**തിരുവനന്തപുരം:** സംസ്കാരഭാരതം ട്രസ്റ്റിന്റെ പ്രതിമാസ പരിപാടിയായ 'പാടാം നമുക്ക് പാടാം' പിന്നണിഗായിക ലക്ഷ്മീ രംഗൻ ഉദ്ഘാടനം ചെയ്തു.

ചടങ്ങിൽ റിട്ട. പ്രൊഫ. കെ.കൃഷ്ണകുമാർ അധ്യക്ഷനായിരുന്നു. ട്രസ്റ്റ് സെക്രട്ടറി ജയ ശ്രീകുമാർ സ്വാഗതമാശംസിച്ചു. പരിപാടിയിൽ ഒട്ടേറെ ഗായകർ ഗാനങ്ങൾ ആലപിച്ച് സദസ്സിനെ സംഗീത സാന്ദ്രമാക്കി.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

**‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്.എസിനുവേണ്ടി വൈസ് ചെയർമാൻ ബി.എസ്. ഗോപകുമാർ സമ്മാനിക്കുന്നു**



*ഡോ പൂർണ്ണത്രയീ ജയപ്രകാശ് ശർമ്മ*



*പ്രൊഫ.കെ.എം ഉണ്ണികൃഷ്ണൻ നമ്പീശൻ*


*ഡോ. ബാബു തോമസ്*

## ഡോ പൂർണ്ണത്രയീ ജയപ്രകാശ് ശർമ്മ

എറണാകുളം തൃപ്പൂണിത്തുറ സ്വദേശി. കാഞ്ചി കാമകോടി പീഠം എച്ച്.എച്ച്. സീതാരാമ സരസ്വതി സ്വാമികളുടെ പേരമകനാണ്. സംഗീതജ്ഞൻ, ഭരതനാട്യ നർത്തകൻ, കവി, കഥാകാരൻ, നാടകം-ടി വി സീരിയൽ - സിനിമാ നടൻ, സംസ്കൃത ഭാഷാ പ്രചാരകൻ, ആറ് ഭാഷകളിൽ പ്രാവീണ്യം, യോഗാദ്ധ്യാപകൻ. തൃശ്ശൂർ ദേവസ്ഥാനം കലാപീഠത്തിൽ 2016 മുതൽ അധ്യാപകനായും 2019 മുതൽ പ്രിൻസിപ്പാളായും സേവനം അനുഷ്ഠിക്കുന്നു. താമ്ര മുദ്രാ പുരസ്കാരം, പൂർണ്ണത്രയീ പുരസ്കാരം (കൊച്ചിൻ ദേവസ്വം ബോർഡ്, അക്ഷരകലാ ഭാരതി, ആന്ധ്ര മ്യൂസിക് അക്കാദമിയുടെ സംഗീതകലാ ശ്രീ വാരി, കാഞ്ചി കാമ കോടി പീഠം ആസ്ഥാന വിദ്വാൻ, മലേഷ്യ, ജോഹർ സിലംബം അക്കാദമി അവാർഡ്, കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ സീനിയർ ഫെലോഷിപ്പ് ഭാരത സർക്കാരിന്റെ ആദരം, രാജസ്ഥാൻ സംഗീത നാടക അക്കാദമി സർട്ടിഫിക്കേറ്റ് ഓഫ് ഓണർ, അക്ഷരശ്രീ പുരസ്കാരം, പെരിങ്ങോട്ടുകര ദേവസ്ഥാനം ആസ്ഥാന വിദ്വാൻ, റോട്ടറി പൈതൃകം അവാർഡ്, ആദി ശങ്കരാചാര്യ കലാ വാചസ്പതി പുരസ്കാരം, കേരള ബാല സാഹിത്യ അക്കാദമിയുടെ ആദരവ്, എസ്.കെ.പൊറ്റക്കാട് സാഹിത്യ പുരസ്കാരം (വൈജ്ഞാനിക സാഹിത്യം കേരള ബാലസാഹിത്യ അക്കാദമി പുരസ്കാരം , ചട്ടമ്പിസ്വാമി സാഹിത്യ അക്കാദമി യുടെ സർഗ്ഗ തൂലിക പുരസ്കാരം, നീതി ആയോഗ് ഭാരത് രത്ന സമ്മാൻ (2025), 40 ൽ പരം ദേശ -വിദേശ പുരസ്കാരങ്ങളും 100 ൽ പരം സംഗീത- നാട്യ- സാഹിത്യ-വിദ്യാഭ്യാസ-സാംസ്കാരിക കേന്ദ്രങ്ങളിൽനിന്ന് സ്വർണ്ണ മുദ്രയടക്കമുള്ള ആദരവുകളും ലഭിച്ചിട്ടുണ്ട്. പഞ്ചായതനപൂജാ കൃതികൾ, ദേവസ്ഥാന ദേവതാ പഞ്ചരത്ന കൃതികൾ, നവരാത്രി ദേവതാ കൃതികൾ, കേരള -തമിഴക ക്ഷേത്രാടന കൃതികൾ, കീർത്തനങ്ങൾ, പദങ്ങൾ, പദവർണ്ണങ്ങൾ, ജാവലികൾ, തില്ലാനകൾ, സമ്പ്രദായ ഭജനാ പദ്ധതി കീർത്തനങ്ങൾ, ധ്യാനശ്ലോകങ്ങൾ ഗുരുവായൂരപ്പൻ സുപ്രഭാതം, ശ്രീ ശാസ്താ സുപ്രഭാതം, ചോറ്റാനിക്കര ദേവീ സുപ്രഭാതം, പറശ്ശിനി മുത്തപ്പൻ സുപ്രഭാതം, ദശവിധഗണപതി സുപ്രഭാതം, മൂകാംബികാ സുപ്രഭാതം, ശ്രീ വിഷ്ണുമായ സ്വാമി സുപ്രഭാതം, ശ്രീ വിഷ്ണുമായ സ്വാമി സഹസ്രനാമ സ്തോത്രം - അഷ്ടോത്തര ശതനാമാവലി തുടങ്ങി ആറു ഭാഷകളിലായി 400 ൽ പരം കർണ്ണാടക സംഗീത കൃതികൾ രചിച്ചിട്ടുണ്ട്. സംസ്കൃതം ,തമിഴ്, മലയാളം, തെലുങ്ക് കന്നട, ഹിന്ദി മുതലായ ആറു ഭാഷകളിൽ 2000ൽ പരം ഹിന്ദു - ക്രിസ്ത്യൻ ഭക്തിഗാനങ്ങൾ, സഹൃദം റസിഡൻസ് വെൽഫെയർ അസോസിയേഷൻ പ്രസിഡന്റ് , മലയാള കാവ്യ സാഹിതി തൃശ്ശൂർ ജില്ല പ്രസിഡന്റ്, തപസ്യ തൃപ്രയാർ യൂണിറ്റ് വൈസ് പ്രസിഡന്റ്, പൂർണ്ണത്രയീ ഫൌണ്ടേഷൻ മാനേജിങ്ങ് ട്രസ്റ്റി,, നാട്യശ്രീ രംഗകലാ അക്കാദമി ട്രസ്റ്റി / പ്രസിഡന്റ്, ദേവസ്ഥാനം കലാപീഠം സെക്രട്ടറി / പ്രിൻസിപ്പാൾ എന്നീ സ്ഥാനങ്ങൾ നിലവിൽ വഹിക്കുന്നു.

## പ്രൊഫ.കെ.എം ഉണ്ണികൃഷ്ണൻ നമ്പീശൻ

കോഴിക്കോട് ചേവായൂർ സ്വദേശി. രസതന്ത്ര വിഭാഗം- ദേവഗിരി കോളേജ് കോഴിക്കോട്- 1966 മുതൽ 1999 വരെ 1999 മുതൽ 2001 വരെ അതേ വിഭാഗത്തിൽ ഗസ്റ്റ് ഫാക്കൽറ്റി. പ്രിൻസിപ്പൽ സ്പ്രിംഗ് വാലിസ് സ്കൂൾ എൻ.ഐ.ടി ക്യാമ്പസ് കോഴിക്കോട്. കോഴിക്കോട് സർവ്വകലാശാലയിൽ പ്രീഡിഗ്രി, ഡിഗ്രി പരീക്ഷകളുടെ ചെയർമാൻ. പരിസ്ഥിതി പഠനവിഭാഗം പോസ്റ്റ് ഗ്രാജുവേറ്റ്. ബോർഡ് ഓഫ് സ്റ്റഡീസിൽ അംഗം. അക്കാദമിക് സ്റ്റാഫ് കോളേജിൽ ഗസ്റ്റ് ഫാക്കൽട്ടി. എന്നീ പദവികൾ വഹിച്ചു. പ്രീഡിഗ്രി,ഡിഗ്രി ടെക്സ്റ്റ് ബുക്കുകൾ, കേരള എൻട്രൻസ് പരീക്ഷയ്ക്ക് വേണ്ട രസതന്ത്ര ഗൈഡ്, എന്നിവ എഴുതി പ്രസിദ്ധീകരിച്ചു. കോഴിക്കോട് ആകാശവാണി നിലയത്തിൽ വളരെ കാലം പ്രഭാഷകനായിരുന്നു. ഒിവിധ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ജില്ലാ സെക്രട്ടറി, ജില്ലാ പ്രസിഡണ്ട് എന്നീ പദവികൾ വഹിച്ചു. കേരള പരിസ്ഥിതി സംരക്ഷണ സമിതിയുടെ സ്ഥാപകാംഗം. സ്പെക്കിന്റെ സെക്രട്ടറി. സൈലൻറ് വാലി സംരക്ഷണ പ്രവർത്തനങ്ങൾക്കായി അനുമോദന ഫലകം ലഭിച്ചു. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഇപ്പോഴും സജീവമാണ്.

## ഡോ. ബാബു തോമസ്

കോട്ടയം വാകത്താനം സ്വദേശി. വിദ്യാഭ്യാസം, വിദ്യാർത്ഥികേന്ദ്രീകൃത കൗൺസിലിംഗ് എന്നീ മേഖലകളിൽ കഴിഞ്ഞ 33 വർഷമായി പ്രവർത്തിക്കുന്നു. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ അധ്യാപകനായിരുന്നു. ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് സെന്റ് ജോസഫ് എച്ച്. എസ്. എസിലെ മുൻ ഹെഡ്മാസ്റ്ററാണ്. 2020-ലെ കേരള സംസ്ഥാന സർക്കാരിന്റെ അധ്യാപക അവാർഡ് നേടി. കൂടാതെ മികച്ച ഹെഡ്മാസ്റ്റർക്കുള്ള സ്കൂൾ രത്ന നാഷണൽ അവാർഡ് (2020), കേരള സംസ്ഥാന പേരന്റ് ടീച്ചർ അസോസിയേഷൻ അവാർഡ് (2019), ഗുരുശ്രേഷ്ഠ അവാർഡ് (2016) ആചാര്യ അവാർഡ് (2016) മലയാള മനോരമ എയർ ഇന്ത്യ ബോൾട്ട് അവാർഡ് (2003), കർമ്മല കുസുമം കലാ സാഹിത്യ അവാർഡ് (2009) തുടങ്ങിയവയും ലഭിച്ചിട്ടുണ്ട്. കൗൺസിലിംഗ് മേഖലയിൽ പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കു മുൻഗണന നല്കിയാണ് പ്രവർത്തിക്കുന്നത്. ലഹരി വിരുദ്ധ ബോധവത്ക്കരണ രംഗത്ത് നിരവധി സംഭാവനകൾ നല്കിയിട്ടുണ്ട്. വിദ്യാഭ്യാസ സംബന്ധമായ 3 ഗ്രന്ഥങ്ങളുടെ രചയിതാവാണ്. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന്റെ മികച്ച പ്രവർത്തനങ്ങൾക്കും, കുട്ടികളുടെ പരീക്ഷാ ഉത്കണ്ഠ പരിഹരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കും കേരള കൗൺസിലേഴ്സ് & ട്രെയിനേഴ്സ് ട്രേഡ് യൂണിയൻ (KCTTU)വിന്റെ ബഹുമതി ലഭിച്ചിട്ടുണ്ട്. ഇന്ത്യൻ സൊസൈറ്റി ഫോർ ട്രെയിനിംഗിന്റെ (ISTD) തിരുവനന്തപുരം ചാപ്റ്ററിലെ ആയുഷ്ക്കാല അംഗവും, മുൻ നാഷണൽ കൗൺസിൽ അംഗവുമായിരുന്നു. സ്കൂൾ അക്കാഡമി ഫോർ കേരളായുടെ ഉപദേശക സമിതിയംഗവും കേരള സംസ്ഥാന പി.റ്റി.എ. അംഗവുമാണ്. പ്രൊഫഷണൽ കൗൺസിലേഴ്സ് ആന്റ് ട്രെയിനേഴ്സ് (PCTA) അസോസിയേഷൻ കോട്ടയം ജില്ലാ പ്രസിഡന്റ് കൂടിയാണ്.


*പ്രണവ് ഏക*



*ജോസ് മാമ്പിള്ളി*



*ഇന്ദിര വർമ്മ*

## പ്രണവ് ഏക

പത്തനംതിട്ട കോഴഞ്ചേരിസ്വദേശി. അഭിനേതാവ്, തിരക്കഥ കൃത്ത്, സംവിധായകൻ, എഴുത്തുകാരൻ, ആഡ് ഫിലിംമേക്കർ ട്രെയിനർ, പത്ത് വർഷത്തിലധിമായി മുഖ്യധാരയിലെ സിനിമ - സീരിയൽ - പരസ്യ മീഡിയകളിൽ സഹ സംവിധായകനായി പ്രവർത്തിക്കുന്നു. സ്വന്തമായി നാല് ഹ്രസ്വചിത്രങ്ങൾ എഴുതി സംവിധാനം ചെയ്തിട്ടുണ്ട്. ഈ ഹ്രസ്വചിത്രങ്ങൾ 150 നാഷണൽ-ഇന്റർനാഷണൽ ഫെസ്റ്റിവലുകളിൽ പ്രദർശിപ്പിക്കുകയും ഇവിടെ നിന്നും 200-ലധികം അവാർഡുകൾ കരസ്ഥമാക്കുകയും ചെയ്തു. രണ്ട് പുസ്തകങ്ങൾ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രശസ്ത ആക്ഷേപഹാസ്യ സാഹിത്യകാരനായിരുന്ന ശ്രീ. വി. കെ. എൻ. ന്റെ പേരിലുള്ള കലാസാഹിത്യ പുരസ്കാരം ലഭിച്ചിട്ടുണ്ട്. പ്രശസ്ത നാടകകൃത്തും സാഹിത്യകാരനുമായിരുന്ന ശ്രീ. തോപ്പിൽ ഭാസിയുടെ പേരിലുള്ള കലാസാഹിത്യ പുരസ്കാരം ലഭിച്ചിട്ടുണ്ട്. കലാസാഹിത്യ രംഗത്ത് ഇതുവരെയുള്ള സമഗ്ര സംഭാവനകൾ പരിഗണിച്ചു 2025ലെ ശംഖുമുദ്ര പുരസ്കാരം, കലാപുരസ്കാരം എന്നിവ ലഭിച്ചു.

## ജോസ് മാമ്പിള്ളി

തൃശ്ശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട സ്വദേശി. യുവതിയുവാക്കൾക്കായി സി.വൈ.എം (കാത്തലിക് യൂത്ത് മൂവ്മെന്റ് ) എന്ന സംഘടനക്ക് രൂപം നൽകി. മൂത്ത മകളുടെ വിവാഹത്തിന് 1400 വൃക്ഷതൈകൾ നൽകി വിവാഹം ആഘോഷിച്ചു. രണ്ടാമത്തെ മകളുടെ വിവാഹത്തിന് കോവിഡ് കാലഘട്ടമായിരുന്നതിനാൽ വിവാഹ സത്കാരത്തിനായ് നീക്കി വെച്ച സംഖ്യ പാവപ്പെട്ടവർക്ക് പലവ്യഞ്ജന കിറ്റുകളായി വിതരണം ചെയ്യുകയുണ്ടായി. 2018 ലെ പ്രളയകാലത്തും പല സഹായങ്ങളും ചെയ്യുകയുണ്ടായി. ഇരിഞ്ഞാലക്കുട നിയോജക മണ്ഡലത്തിലെ അന്നുണ്ടായിരുന്ന മുഴുവൻ ക്യാമ്പുകളിലേക്കും ജനങ്ങളുടെ സഹായത്തോടെ മരുന്ന് വിതരണം നടത്തി. ഇരിഞ്ഞാലക്കുട രൂപതയിലെ 38 പള്ളികളുടെ കെ.സി.വൈ. എമ്മിന്റെ മേഘല പ്രസിഡണ്ട് ആയിരുന്നു. ഈ സംഘടനയുടെ രൂപത ചെയർമാനായി മത്സരത്തിലൂടെ തിരഞ്ഞെടുക്കപ്പെട്ടു. സ്കൂളുകളുടെയും, ആരാധനാലയങ്ങളുടെയും സമീപത്ത് സ്ഥിതി ചെയ്തിരുന്ന പല കള്ള് ഷാപ്പുകളും നിയമത്തിന്റെ പരിധിയിൽ പൂട്ടിക്കുവാൻ സാധിച്ചു. ഇരിഞ്ഞാലക്കുടയിൽ പ്രവർത്തിക്കുന്ന പീപ്പിൾസ് കോ ഓപ്പറേറ്റീവ് ബാങ്കിന്റെ ഡയറക്ടറും വൈസ് പ്രസിഡന്റ്റുമായി 20 വർഷക്കാലം സേവനം അനുഷ്ഠിച്ചു. ഇരിങ്ങാലക്കുട രൂപതയിലെ സാമുദായിക സംഘടനയായ എ. കെ.സി.സി യുടെ രൂപത ചെയർമാനും സംഘടനയുടെ സംസ്ഥാന പരിസ്ഥിതി പ്രസിഡന്റുമായും സേവനം അനുഷ്ഠിച്ചു. വിവിധ നാടകങ്ങളിലും ഡോക്യൂമെന്ററി ചിത്രങ്ങളിലും സിനിമയിലു അഭിനയിച്ചിട്ടുണ്ട്. നിലവിൽ കത്തീഡ്രൽ കെ.സി.വൈ. എമ്മിന്റെ ആനിമേറ്റർ ആയി പ്രവർത്തിച്ച് വരുന്നു. രാഷ്ട്രീയ രംഗത്തും സജീവമായി പ്രവർത്തിച്ച് വരുന്നു. യൂത്ത് കോൺഗ്രസ്സിന്റെ ഇരിങ്ങാലക്കുട ടൗൺ മണ്ഡലം വൈസ് പ്രസിഡന്റും, കോൺഗ്രസ്സിന്റെ ഇരിഞ്ഞാലക്കുട മണ്ഡലം സെക്രട്ടറിയും ട്രഷററുമായി പ്രവർത്തിക്കാൻ സാധിച്ചിട്ടുണ്ട് നിലവിൽ ‘എക്സ്പ്രസ്സ്’ ദിനപത്രത്തിന്റെ ഇരിഞ്ഞാലക്കുട ബ്യൂറോ റിപ്പോർട്ടറും, ഇരിഞ്ഞാലക്കുട പ്രസ്സ് ക്ലബ് ജോയിന്റ് സെക്രട്ടറിയുമാണ്. കൂടാതെ ഇരിഞ്ഞാലക്കുട ഫിലിം സൊസൈറ്റിയുടെ ജോയിന്റ് സെക്രട്ടറിയുമായി പ്രവർത്തിച്ച് വരുന്നു.

## ഇന്ദിര വർമ്മ

തൃശൂർ തലപ്പുള്ളി സ്വദേശി. കഴിഞ്ഞ 37 വർഷക്കാലമായി കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലുമായി അദ്ധ്യാപനം നടത്തി വരുന്നു. 1989 ൽ ഹരി ശ്രീ സ്കൂളിൽ നഴ്സറി വിഭാഗത്തിന്റെ ചുമതലക്കാരിയായി ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് മേരി റാണി ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അധ്യാപികയായും പി.ടി.എ സെക്രട്ടറിയായും പ്രവർത്തിച്ചു, ഐ.ഇ.എസ് പബ്ലിക് സ്കൂളിൽ ഹെഡ്മിസ്ട്രസ് ആയി ജോലി ചെയ്തു, 2003 മുതൽ വെസ്റ്റ് ഫോർട്ട് അക്കാദമി ഫോർ ഹയർ എഡ്യൂക്കേഷനിൽ ഇംഗ്ലീഷ് ലക്ചററായും വർമ്മാസ് അക്കാദമിയുടെ കീഴിൽ തൃശ്ശൂരിലെ സർക്കാർ നഴ്സിംഗ് സ്ഥാപനത്തിൽ ആ.ടഇ നഴ്സിംഗ് വിദ്യാർത്ഥികൾ, പാരാമെഡിക്കൽ, എം.ബി.എ, എം.സി.എ വിദ്യാർത്ഥികൾക്കായി കോർഡിനേറ്ററായും പ്രവർത്തിച്ചു. വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ ഇംഗ്ലീഷ് ഭാഷാ ഗസ്റ്റ് ലാക്ചററായി ജോലി ചെയ്തു. വർമ്മാസ് അക്കാദമി എന്ന സ്ഥാപനത്തിന്റെ ഉടമയായി 2007 മുതൽ പ്രവർത്തിച്ചു വരുന്നു. കോയമ്പത്തൂരിലെ ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അക്കാദമിക് വിഭാഗം മേധാവിയായി പ്രവർത്തിച്ചിട്ടുണ്ട്. മികച്ച അധ്യാപികയ്ക്കുള്ള കേരള സംസ്ഥാന അവാർഡ് ലഭിച്ചിട്ടുണ്ട്. കേരള പ്രൈവറ്റ് സ്കൂൾ അസോസിയേഷന്റെ മോഡേൺ മെത്തേഡ്സ് & ടെക്നിക്സ് ഓഫ് ടീച്ചിംഗ്സ് അവാർഡ് (NEP). ഭാരത് വികാസ് അവാർഡ് , മഹിള രത്ന അവാർഡ്, അധ്യാപകനെന്ന നിലയിൽ മികച്ച സംഭാവനയ്ക്കുള്ള ദേശീയ റിപ്പബ്ലിക്കൻ അവാർഡും, ചെന്നൈയിലെ അമിറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് വിദ്യാഭ്യാസ മികവിനും ലൈഫ് ടൈം അച്ചീവ്മെന്റിനും ഉള്ള കേരള അധ്യാപക അവാർഡ്, 2026 ൽ വിദ്യാഭ്യാസത്തിലെ മികവിനെ ആദരിക്കുന്നതിനുള്ള കേരള അധ്യാപക അവാർഡ് എന്നിവ ലഭിക്കുകയുണ്ടായി. നിലവിൽ തൃശൂർ ജില്ലയിലെ ചിറമനങ്ങാട്ടെ സഹാറ ഗ്ലോബൽ സ്കൂളിൽ സീനിയർ പ്രിൻസിപ്പലായും അക്കാദമിക് കോ-ഓർഡിനേറ്ററായും ജോലി ചെയ്തു വരുന്നു.



*ഡോ. റഷീദ് പാനൂർ*



*ഹസ്സീന*



*ഷാജർ താമരശ്ശേരി*

## ഡോ. റഷീദ് പാനൂർ

പാനൂർ കണ്ണൂർ ജില്ലയിലെ പാനൂർ സ്വദേശി. കേരളത്തിലെ അറിയപ്പെടുന്ന സമാന്തര കോളേജുകളിൽ ഇംഗ്ലീഷ് അധ്യാപകനായിരുന്നു. പിന്നീട് അബുദാബിയിലേക്ക് പോയി. അവിടെ ഇംഗ്ലീഷ് അധ്യാപകനും ഫ്രീലാൻസ് എഴുത്തുകാരനുമായിരുന്നു. ജിദ്ദയിലെ ഇന്ത്യൻ എംബസ്സി സ്കൂളിലും, കിംഗ് അബ്ദുൽ അസീസ് യൂണിവേഴ്സിറ്റിയിലും ഇംഗ്ലീഷ് അധ്യാപകനായിരുന്നു. ഇംഗ്ലീഷിലും മലയാളത്തിലും 10 പുസ്തകങ്ങൾ പബ്ലിഷ് ചെയ്തു. കേരളാ സാഹിത്യ അക്കാദമിയുടെ സി ബി കുമാർ അവാർഡും, ഓ വി വിജയൻ പുരസ്കാരവും ലഭിച്ചു. കേരളത്തിൽ അനേകം സാഹിത്യ സാംസ്കാരിക സെമിനാറുകളിൽ പ്രഭാഷണം നടത്താറുണ്ട്. കലാ വേദിയുടെ കണ്ണൂർ ജില്ലാ വൈസ് ചെർമാൻ ആണ്. ലോഹ്യാ വിചാര വേദിയുടെ സ്റ്റേറ്റ് കമ്മറ്റിയിൽ അംഗമാണ്.

## ഹസ്സീന

കോട്ടയം ഈരാറ്റുപേട്ട സ്വദേശി. സാമൂഹ്യ സേവനം, പരിശീലനം, മനശാസ്ത്രം, എന്നീ മേഖലകളിൽ കഴിഞ്ഞ 15 വർഷങ്ങളായി പ്രവർത്തിക്കുന്നു. ദുരിതകാലങ്ങളിലും സാമൂഹിക പ്രതിസന്ധികളിലും സജീവ ഇടപെടലുകൾ നടത്തുന്നു. സംസ്ഥാനത്തുണ്ടായ പ്രകൃതിക്ഷോഭ ദുരന്തവേളകളിലും കോവിഡ്കാലത്തും വിവിധ നിലകളിലുള്ള സേവന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. വിവിധ പ്രായത്തിലുള്ള വ്യക്തികൾക്കായി വ്യക്തിത്വ വികസനം, മാനസികാരോഗ്യം, പരീക്ഷാ തയ്യാറെടുപ്പ്, ജീവിത നൈപുണ്യങ്ങൾ എന്നിവ ഉൾപ്പെടുന്ന നിരവധി പരിശീലന പരിപാടികൾ നടത്തിവരുന്നു. എൻ.എസ്.ഡി.ഇ.സി യുടെ ബെസ്റ്റ് മെൻഡർ അവാർഡ് ലഭിച്ചിട്ടുണ്ട്. പരീക്ഷാ സമ്മർദ്ദം കുറയ്ക്കുന്നതിനും ആത്മഹത്യാ പ്രവണത കുറയ്ക്കുന്നതിനുമായുമുള്ള സൗജന്യ ടെലി-കോളിംഗ് സേവനം മൂന്ന് വർഷത്തോളം തുടർച്ചയായി നൽകിയതിനും അംഗീകാരം ലഭിച്ചിട്ടുണ്ട്. വേൾഡ് മെന്റൽ ഹെൽത്ത് ആൻഡ് റിസർച്ച് ഓർഗനൈസേഷൻ(WMHRO) ന്റെ കോട്ടയം ജില്ലാ കോഓർഡിനേറ്ററായും, ഇൻറർനാഷണൽ അസോസിയേഷൻ ഫോർ ഗൈഡൻസ് ആൻഡ് കൗൺസിലിങ്ങ് (IAGC) അംഗമായും മനശാസ്ത്ര രംഗത്ത് സജീവ സാന്നിധ്യമായി പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ പ്രൊഫഷണൽ കൗൺസിലർസ് ആൻഡ് ട്രെയിനേഴ്സ് അസോസിയേഷൻ (PCTA) ന്റെ കോട്ടയം ജില്ലാ ജനറൽ സെക്രട്ടറിയും സെൻറർ ഫോർ ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ഇന്ത്യ(CIGI) യുടെ റിസർച്ച് അസോസിയേറ്റായി കരിയർ ഗൈഡൻസ് ടൂൾ വികസനത്തിൽ പങ്കാളിയുമാണ്. പഠനവൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന അധ്യാപകർക്ക് ശാസ്ത്രീയ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും നൽകുന്നു. എരുമേലി എം ഇ എസ് കോളേജിൽ മനഃശാസ്ത്ര വിഭാഗം അധ്യാപികയായി സേവനമനുഷ്ഠിക്കുന്നു. മോട്ടിവേഷൻ രംഗത്തും സജീവ സാന്നിധ്യമായിക്കൊണ്ട് ഇതിനകം 25-ലധികം പ്രചോദനപരമായ വീഡിയോകൾ തയ്യാറാക്കി സമൂഹമാധ്യമങ്ങളിലൂടെ പങ്കുവെച്ചിട്ടുണ്ട്.

## ഷാജർ താമരശ്ശേരി

കോഴിക്കോട് താമരശ്ശേരി സ്വദേശി. മലയാള സിനിമയിലും നാടകവേദിയിലും ഒരേപോലെ പ്രവർത്തിച്ചു നിരവധി സൂപ്പർഹിറ്റ് സിനിമകളുടെ പിന്നണിയിൽ പ്രവർത്തിച്ചിട്ടുണ്ട്. വിവിധ ചിത്രങ്ങളുടെ അസിസ്റ്റന്റ് ഡയറക്ടറായിരുന്നു. പ്രമുഖ സംവിധായകർക്കൊപ്പം പ്രവർത്തിച്ചു. സിനിമയോടൊപ്പം തന്നെ നാടകവേദിയിലും പ്രവർത്തിക്കുന്നു. സംസ്ഥാന സ്കൂൾ കലോത്സവങ്ങളിൽ നിരവധി നാടകങ്ങൾ സംവിധാനം ചെയ്തു. കേവലം നാടകങ്ങൾ എന്നതിലുപരി, ഭാഷയുടെ അതിർവരമ്പുകൾ ഭേദിച്ച് അറബിക്, സംസ്കൃതം ഭാഷകളിലും അദ്ദേഹം നാടകങ്ങൾ ഒരുക്കി. കൂടാതെ, സങ്കീർണ്ണമായ വിഷയങ്ങൾ ലളിതമായി അവതരിപ്പിക്കുന്ന അദ്ദേഹത്തിന്റെ ശാസ്ത്ര നാടകങ്ങൾ ഏറെ പ്രശംസ പിടിച്ചുപറ്റിയവയാണ്. സ്വതന്ത്ര സംവിധായകനായി തന്റെ ആദ്യ ചിത്രം ഒരുക്കാൻ തയ്യാറെടുക്കുകയാണ്

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്.എസിനുവേണ്ടി വൈസ് ചെയർമാൻ ബി.എസ്. ഗോപകുമാർ സമ്മാനിക്കുന്നു



അരുൺ കൃഷ്ണൻ



സറീന ഉമ്മൂസ് സമാൻ


ലീല.കെ.

## അരുൺ കൃഷ്ണൻ

കൊല്ലം കുളത്തൂപ്പുഴ സ്വദേശി. കഴിഞ്ഞ 18 വർഷക്കാലമായി വിവിധ സ്കൂളുകളിൽ 5 മുതൽ 10, പ്ലസ്1, പ്ലസ്2 ക്ലാസുകളിലെ വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന അദ്ധ്യാപകനാണ്. ഇന്ത്യയിൽ ആദ്യമായി സമ്പൂർണ്ണ ഭരണഘടനാ സാക്ഷരത നേടിയ കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്തിൽ "സെനറ്റർ" ആയി പ്രവർത്തിച്ചു. കോവിഡ് കാലഘട്ടത്തിൽ വിവിധ വിദ്യാർത്ഥികൾക്ക് സൗജന്യ ഓൺലൈൻ ക്ലാസുകൾ എടുത്ത് സാധാരണക്കാരുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് വേണ്ടി മുൻകൈയെടുത്തു. അതുപോലെ, ആദിവാസി മേഖലകളിലെ കുട്ടികൾക്കായി ക്ലാസുകൾ എടുത്തു വരുന്നു. വിവിധ കലാരൂപങ്ങളിൽ പങ്കെടുക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും സംസ്ഥാനതല അവാർഡുകൾ നേടാൻ അവരെ സഹായിക്കുകയും ചെയ്യുന്നു. 2009 മുതൽ കുടുംബശ്രീയുടെ സംസ്ഥാന തല റിസോഴ്സ് പേഴ്സണായി പ്രവർത്തിച്ചു വരുന്നു. കഴിഞ്ഞ 17 വർഷമായി ആരോഗ്യം, വിദ്യാഭ്യാസം, പഞ്ചായത്ത് സാക്ഷരത, ശുചിത്വം എന്നിവയുൾപ്പെടെ നാടിന്റെ വികസനത്തിന്റെ വിവിധ വശങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി കഠിനമായി പരിശ്രമിച്ചു വരുന്നു. 2025ൽ ചെന്നൈയിലെ അമിറ്റ് യുണിവേഴ്സിറ്റിയും (ഇന്ത്യയിലെ ആദ്യത്തെ മറൈൻ യൂണിവേഴ്സിറ്റി) ഡോ. ജെ രാമചന്ദ്രൻ മാരിറ്റൈം ഫൗണ്ടേഷനും ഏർപ്പെടുത്തിയ കേരള സ്കൂൾ ടീച്ചർ അവാർഡിലെ മികച്ച സോഷ്യൽ വർക്കർ അധ്യാപകനുള്ള അവാർഡ് നേടുകയുണ്ടായി. വിവിധ സാംസ്കാരിക സാമൂഹിക സംഘടനകളിൽ പ്രവർത്തിക്കുന്നു.

## സറീന ഉമ്മൂസ് സമാൻ

കണ്ണൂർ ജില്ലയിലെ ഇരിന്നാവ് സ്വദേശിനി. കുട്ടിക്കാലം മുതൽ വായനയോടുള്ള അതിയായ ഇഷ്ടമുണ്ടായിരുന്നു. സാമൂഹ്യ നന്മകളെ ആസ്പദമാക്കികൊണ്ടുള്ള കഥകൾ, കവിതകൾ, നോവലുകൾ എന്നിവ രചിച്ചുകൊണ്ട് സാഹിത്യരംഗത്ത് തന്റെ സാന്നിധ്യം രേഖപ്പെടുത്തി. നാലു പുസ്തകങ്ങളുടെ രചയിതാവാണ്. വിവിധ സമാഹാരങ്ങളിലൂടെ നിരവധി സൃഷ്ടികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്വന്തം കഥകൾ പ്രേക്ഷകരിലേക്ക് എത്തിച്ചുകൊണ്ട് സിനിമാരംഗത്തും എത്തിച്ചേർന്നു. 9 ഷോർട്ട് ഫിലിമുകൾക്കും 2 മ്യൂസിക് ആൽബങ്ങൾക്കും തിരക്കഥയും സംവിധാനവും നിർവഹിച്ചു. ഒരു ഫീച്ചർ സിനിമയ്ക്കുള്ള തിരക്കഥ ഒരുക്കി.

## ലീല.കെ.

കൊല്ലം പുനലൂർ സ്വദേശി. സംഗീത കച്ചേരി കവിതാലാപനം, കവിതാരചന, സംഗീത സംവിധാനം, യൂട്യൂബ് ആഡിയോ - വീഡിയോകൾ, ഓണപ്പാട്ട്, ഭക്തിഗാനങ്ങൾ, വിപ്ലവഗാനം, കേരക ഗീതം (കേരളപ്പിറവി ഗാനം), വിഷു (കവിതകൾ) മഹാമായ(ഭക്തിഗാനം), ശിവശൈലം (ഭക്തിഗാനം), യേശു നാഥൻ ക്രിസ്തീയ ഗാനങ്ങൾ)മൊഞ്ചത്തിപ്പെണ്ണ് (മാപ്പിള പാട്ട്) തുടങ്ങിയവയിൽ പ്രാഗൽഭ്യം നേടിയിട്ടുണ്ട്. സംഗീത അദ്ധ്യാപികയായി മുപ്പതു വർഷം വിവിധ സ്കൂളുകളിൽ സർവ്വീസ് പൂർത്തയാക്കി. വിദ്യാരംഗം കലാസാഹിത്യ വേദി 25 വർഷത്തോളം എക്സിക്യൂട്ടിവ് അംഗം, ട്രഷറർ, എന്നീ നിലകളിൽ പ്രവർത്തിച്ചു. നിസ്വനം എന്ന മ്യൂസിക് സ്കൂൾ നടത്തി വരുന്നു. അധ്യാപന മേഖലയിലും പുറമേയും ധാരാളം ശിഷ്യ സമ്പത്ത് നേടാൻ കഴിഞ്ഞു. ഇപ്പോൾ കേരളാ സ്റ്റേറ്റ് പെൻഷനേഴ്സിന്റെ കരവാളൂർ ബ്രാഞ്ച്, അഞ്ചൽ ബ്ലോക്ക് എന്നിവയുടെ വൈസ് പ്രസിഡന്റായി തുടരുന്നു. വിദ്യാരംഗം കലാ സാഹിത്യവേദി, കൊല്ലം, പത്തനംതിട്ട ജില്ലയിൽ നിന്നും മികച്ച സംഗീത അധ്യാപകയ്ക്കുള്ള ഡോ: അംബേദ്കർ പുരസ്കാരം, ശ്രേഷ്ഠ ഭാഷാ കലാ സാഹിത്യ സാംസ്കാരിക വേദിയുടെ സംസ്ഥാന തല സംഗീത രത്ന പുരസ്കാരം ശിവരഞ്ജിനി സംഗീത സഭയുടെ സംഗീതശ്രീ പുരസ്കാരം, അനേകം ആദരവുകളും ലഭിച്ചിട്ടുണ്ട്. അസീസ് ലൈബ്രറി ചീപ്പു വയൽ, അഞ്ചൽ CPI കരവാളൂർ ലോക്കൽ കമ്മിറ്റി, CPI വാർഡ് കമ്മിറ്റി, അഞ്ചൽ ജുമാ അത്തെ ഇസ്ലാം വനിതാ വേദി ഉൾപ്പെടെ നിരവധി സംഘടനകളിലെ സജീവ അംഗമാണ്.



പ്രൊഫ. ബി.വൽസലകുമാരി


ഇന്ദിരാ ചന്ദ്രൻ



പ്രമോദ് ചിത്രം


ദീപ ബിബീഷ് നായർ

## പ്രൊഫ. ബി.വൽസലകുമാരി

ആലുവ സ്വദേശി. അദ്ധ്യാപിക, സാഹിത്യകാരി., വിവർത്തക, നർത്തകി,. ചാരിറ്റി പ്രവർത്തക. ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജിൽ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ അദ്ധ്യാപികയായിരുന്നു. പുസ്തങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതു കൂടാതെ കവിതാ സമഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗ്രഹാം ഗ്രീനിന്റെ പവർ ആന്റ് ഗ്ലോറി എന്ന നോവൽ ഉൾപ്പെടെ വിവിധ ഗ്രന്ഥങ്ങൾ മലയാളത്തിലേയക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ചാരിറ്റി പ്രവർത്തക കൂടിയാണ്, ടി.വി.എമ്മിനും ലക്ഷ്മി നാരായണ ട്രസ്റ്റ് കോട്ടയം എന്നീ സ്ഥാപനങ്ങൾക്കും ചാമപ്പറമ്പ് ഗവൺമെൻറ് എൽ.പി. സ്കൂളിലേക്കും സാമ്പത്തിക സഹായങ്ങൾ ചെയ്തിട്ടുണ്ട്. നൃത്തത്തിന് സ്റ്റേറ്റ്ലെവൽ ഗോൾഡ് മെഡലിസ്റ്റ് കുടിയാണ്.

## ഇന്ദിരാ ചന്ദ്രൻ

കണ്ണൂർ നിർമ്മലഗിരി സ്വദേശി. അദ്ധ്യാപികയായി ഔദ്യോഗിക ജീവിതം ആരംഭിച്ചു.. തിരുവനന്തപുരത്ത് ഡി.പി.ഐ ഓഫീസിൽ നിന്നും ഡപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ എന്ന പദവിയിൽ ജോലി ചെയ്തിരുന്നപ്പോൾ വിരമിച്ചു.. മികച്ച അദ്ധ്യാപികയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡും, മികച്ച വിദ്യാഭ്യാസ ഓഫീസർക്ക് ഉള്ള നാഷണൽ അവാർഡും ലഭിച്ചിരുന്നു. ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സിന്റെ ജില്ലാ കമ്മീഷണർ, ജില്ലാ ചീഫ് കമ്മീഷണർ, ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ചെറുകഥാ സമാഹാരം, കവിതാ സമാഹാരം നോവൽ എന്നിവ പ്രകാശനം ചെയ്തു. നാല് യാത്രാവിവരണങ്ങൾ എഴുതീയിട്ടുണ്ട്. ഉപാസനാ സാംസ്കാരിക വേദിയുടെ 2025 വർഷത്തെ മലയാറ്റൂർ പുരസ്കാരം, ‘മാധവമുരളീ’ പുരസ്കാരം, ബ്രഹ്മസുതൻ സ്മാരക സഞ്ചാര സാഹിത്യ പുരസ്ക്കാരം 2025 അക്ഷരദീപം ബുക്സിന്റെ അക്ഷരജ്യോതി പുരസ്കാരം, നിർമ്മാല്യം സാഹിത്യവേദിയുടെ ഇടശ്ശേരി ഗോവിന്ദൻ നായർ കവിതാ പുരസ്കാരം, എം ടി വാസുദേവൻ നായർ നോവൽ പുരസ്കാരം, കൃഷ്ണഗീതി പുരസ്കാരം ശ്രീ ആദിപരാശക്തി പുരസ്കാരംഎന്നിവ ലഭിച്ചിട്ടുണ്ട് നിലവിൽ വിവിധ കലാസാംസ്കാരിക സംഘടനകളിൽ അംഗം, സെക്രട്ടറി, ജ്യോതിർഗമയ ബുക്സിന്റെ ഭരണസമിതി അംഗം, എഡിറ്റോറിയൽ ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു വരുന്നു.

## പ്രമോദ് ചിത്രം

കണ്ണൂർ തലശ്ശേരി സ്വദേശി. ചിത്രകലയിൽ വേറിട്ട ശൈലിയാണുള്ളത്. പേന വരയിലും പെൻസിൽ വരയിലും അക്രിലി കിലും ചിത്രകലയുടെ സമസ്ത മേഖലകളിലും വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിഞ്ഞു. ഇതിനോടകം ആയിരകണക്കിന് ചിത്രങ്ങൾ വരക്കുകയും വിവിധ മേളകളിലും ആർട് ഗാലറികളിലും പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലെ SSLC സംസ്കൃത പാഠപുസ്തകത്തിലെ മുഴുവൻ ചിത്രരചനയും നിർവഹിച്ചു. കണ്ണൂർ കലക്ടറുടെ ചേമ്പറിൽ തെയ്യത്തിന്റെ ചിത്രം വരച്ചിട്ടുണ്ട്. കേരള ലളിതകലാ അക്കാദമി ചിത്രകലാ ക്യാമ്പിൽ പങ്കുകൊണ്ടു. ചിത്രരചനയ്ക്ക് നിരവധി തവണ പുരസ്കാരങ്ങൾ നേടി. സ്റ്റുഡിയോ ഫോട്ടോഗ്രാഫർ എന്ന നിലയിൽ നിരവധി ഫോട്ടോകൾക്ക് സമ്മാനങ്ങൾ നേടി. കലോത്സവ ലോഗോ രൂപകല്പനയിലും സ്വീകാര്യത നേടി. വാരികയിലും ആനുകാലികങ്ങളിലും കഥകൾ പ്രസിദ്ധീകരിച്ചു. നിരവധി short film കളിൽ മേക്കപ്പ് ആർട്ടിസ്റ്റ് ആയും കലാസംവിധായകനുമായി പ്രവർത്തിച്ചിട്ടുണ്ട്. 2019 ൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയ കുട്ടികളുടെ സിനിമാ ഫെസ്റ്റിവലിൽ ഏറ്റവും നല്ല ആർട്ട് ഡയറക്ടർക്കുള്ള അവാർഡ് ലഭിച്ചിട്ടുണ്ട്. ആൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ കൂത്തുപറമ്പ യൂനിറ്റ് പ്രസിഡൻറായി പ്രവർത്തിച്ചിട്ടുണ്ട്. നിലവിൽ തലശ്ശേരി മേഖല കമ്മറ്റി അംഗമാണ്.

## ദീപ ബിബീഷ് നായർ

കൊല്ലം പാരിപ്പള്ളി സ്വദേശി. ലണ്ടൻ മലയാളം റേഡിയോ ഡഗ യിൽ രണ്ട് വർഷം ഞഖ ആയിരുന്നു. കവിതാ സമാഹാരങ്ങൾ, ചെറുകഥ, ബാലസാഹിത്യം എന്നിവയിലായി ആറോളം പുസ്തകങ്ങൾ രചിച്ചു. ചങ്ങമ്പുഴ കവിതാ പുരസ്കാരം, അക്ഷരദീപം സാഹിത്യ പുരസ്കാരം, മാഗ്ന ലിറ്ററേച്ചർ അവാർഡ്, കേരള ബുക്ക് ഓഫ് റെക്കോർഡ്സ് തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. പത്തോളം ഗാനങ്ങൾക്കു രചന നിർവഹിച്ചു. കഴിഞ്ഞ എട്ടു വർഷങ്ങളായി സ്വദേശ വിദേശ ആനുകാലികങ്ങളിൽ എഴുതുന്നതിനൊപ്പം ലണ്ടൻ ലിമ വേൾഡ് ലൈബ്രറിയുടെ എഡിറ്റോറിയൽ അംഗമാണ്. കലാ സാഹിത്യ സാംസ്കാരിക മേഖലകളിൽ പ്രവർത്തിക്കുന്നതിനൊപ്പം ചാരിറ്റി പ്രവർത്തനങ്ങളിലും ഭാഗമാകാറുണ്ട്. നിലവിൽ ഓഫീസ് ഇൻചാർജായി ഒരു പ്രൈവറ്റ് കമ്പനിയിൽ ജോലി ചെയ്യുന്നു.



അനുപമ ഉമേഷ്


ബാബു കോട്ടപ്പാറ


അജിതകുമാരി ഐ.



തമലം കെ. ശ്രീധരൻനായർ

## അനുപമ ഉമേഷ്

നെടുമങ്ങാട് സ്വദേശി. ഗായിക. ദർശന എച്ച്.എസ്. എസ് നെടുമങ്ങാട് കഴിഞ്ഞ 25 വർഷമായി സംഗീത അദ്ധ്യാപികയായി സേവനം അനുഷ്ടിച്ച് വരുന്നു, ദുബായിൽ നൃത്തം, സംഗീതം, അഭിനയം, വാദ്യോപകരണങ്ങൾ, എന്നിവയുടെ ആട്സ് സ്കൂളുകളും നടത്തിവരുന്നു സംഗീത മേഘലകളിൽ നിരവധി കുട്ടികളെയും മുതിർന്നവരെയും സംഗീതം അഭ്യസിപ്പിക്കുകയും, ഗാനമേള ഭജൻസ്, നൃത്തം, എന്നി ട്രൂപ്പുകൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു. 2025 ഡിസംബർ 19 ന് അമൃത വർണിഷിണി ഗ്ലോബൽ ആട്സ് ചാരിറ്റബിൽ സോസൈറ്റി രൂപികരിക്കുകയും നിരവധി കലാക്കാരൻമാർക്ക് അതിൽ അവസരം നൽകുകയും ഭജനാമൃതം എന്ന പേരിൽ 70ഓളം സ്റ്റേജുകളിൽ ഇപ്പോൾ നടത്തി പോരുകയും ചെയ്യുന്നു. 2017 മുതൽ ഒട്ടനവധി ചാരിറ്റി പ്രവർത്തങ്ങളിൽ ഏർപ്പെട്ട് പോരുന്നു. 2025ന് എ.എൻ. പണിക്കർ പുരസ്കാരം , ഹ്യുമൻ റൈറ്റ്സ് പ്രോട്ടക്ഷൻ പുരസ്കാരം ലഭിച്ചു തുടർച്ചയായി 5 തവണ കവിയരങ്ങിന് സ്റ്റേറ്റ് അവാർഡ് കേരളോത്സവംകലാതിലകം പ്രീപ്രൈമറി കലോത്സവം കലാതിലകം നിരവധി കലോത്സവവേദികളിൽ ജഡ്ജായും പ്രവർത്തിച്ചിട്ടുണ്ട് കൃഷിപരമായി ഒട്ടനവധി അവാർഡുകൾ ഒരു തവണ കർഷകശ്രീ അവാർഡ് ലഭിച്ചു

## ബാബു കോട്ടപ്പാറ

കാസർകോട് പുല്ലൂർ സ്വദേശി. ദേശീയതലത്തിൽ അറിയപ്പെടുന്ന കായികതാരം. വടംവലി മത്സരം എന്ന കായികകലയിൽ വൈദഗ്ധ്യം നേടി . കോട്ടപ്പാറ ശ്യാം പ്രസാദ് മുഖർജി ക്ലബിന്റെ താരമായിട്ടാണ് തുടക്കം. കണ്ണൂർ കാസർകോട് ജില്ലകളിൽ നിരവധി ക്ലബ് മത്സരങ്ങളിൽ പങ്കെടുത്തുകൊണ്ട് ജില്ലാ-സംസ്ഥാന വടംവലി മത്സരങ്ങളിൽ പങ്കെടുക്കുകയുണ്ടായി. 2015 ൽ കേരള വടംവലി മത്സര ടീമിന്റെ ഭാഗമായി മഹാരാഷ്ട്രയിലെ ഓറംഗബാദ് സീനിയർ വടംവലി മത്സരത്തിൽ വെങ്കലം നേടികൊടുത്ത കേരളാ ടീം അംഗം ആയിരുന്നു. 2016 മുതൽ പരിശീലകനായി മാറി പഞ്ചാബിൽ നടന്ന ആദ്യ നാഷണൽ മത്സരത്തിൽ പുരുഷ-വനിതാ ടീമുകൾക്ക് മൂന്നാം സ്ഥാനം നേടാൻ പ്രാപ്തി നേടി കൊടുത്തു. 2018 നാസിക്കിലും 2019 മഹാരാഷ്ട്രയിലെ സാംഗ്ലിയിലും 2022 ൽ രാജസ്ഥാനിലും നടന്ന നാഷണൽ വടംവലി മത്സരങ്ങളിലെ പരിശീലകനായി കേരളത്തിന് അഭിമാനകരമായ നിരവധി ഒന്നാം സ്ഥാനങ്ങൾ നേടി കൊടുത്തു. ഓറീസയിലെ ഭുവനേശ്വറിൽ നടന്ന അഖിലേന്ത്യ സർവകലാശാല വടംവലി ചാമ്പ്യൻഷിപ്പിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് ആദ്യമായി ഓവറോൾ കിരീടം നേടി കൊടുക്കുവാൻ സാധിച്ചിട്ടുണ്ട്. 2020 ൽ സീനിയർ നാഷണൽ മത്സരത്തിൽ പുരുഷ വിഭാഗത്തിൽ ആദ്യമായി പുരസ്ക്കാരം നേടിയ കേരള ടീമിന്റെയും പരിശീലകനായിരുന്നു വടംവലി അസോസിയേഷൻ സംസ്ഥാന റഫറി ബോർഡ് അംഗം, ജില്ലാ ജോ. സെക്രട്ടറിഎന്നി നിലകളിലും തുടരുന്നു. 2021 മുതൽ ജന്മഭൂമിയുടെ കാഞ്ഞങ്ങാട് ബ്യൂറോ റിപ്പോർട്ടറായി. നിലവിൽ കാഞ്ഞങ്ങാട് പ്രസ്സ് ഫോറം സെക്രട്ടറിയാണ്.

## അജിതകുമാരി ഐ.

തിരുവനന്തപുരം ബാലരാമപുരം സ്വദേശിനി. കഴിഞ്ഞ 20 വർഷക്കാലമായി സാമൂഹിക രാഷ്ട്രീയ ജീവകാരുണ്യ രംഗത്ത് പ്രവർത്തിക്കുന്നു. കോവിഡ് കാലത്ത് മരുന്നുകളും മറ്റും എത്തിച്ച് കൊടുക്കുന്നതിന് പരിശ്രമങ്ങൾ ധാരാളം ചെയ്തിട്ടുണ്ട്. തമിഴ്നാട് സർക്കാറിന്റെ കീഴിൽ ജോലി ചെയ്യുന്നു. കിട്ടുന്ന വരുമാനത്തിൽ നിന്നും പലപ്പോഴും ചാരിറ്റി പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചു വരുന്നു. തെരുവിൽ അലയുന്ന അനാഥർക്കും, ആശുപത്രികളിൽ സർക്കാറിന്റെ അന്നപൂർണ പദ്ധതി പ്രകാരം എത്തുന്ന രോഗികൾക്കും മുടങ്ങാതെ ഭക്ഷണം എത്തിച്ച് കൊടുക്കുന്നുണ്ട്. ആർ.സി.സിയിൽ വരുന്ന നിർദ്ധനരായ രോഗികൾക്കും ഭക്ഷണവും മറ്റ് സൗകര്യങ്ങളും ഒരുക്കി കൊടുക്കുന്നു. 600 ഓളം പേർക്ക് കേരളത്തിലുടനീളം ബ്ലഡ് അറേഞ്ച് ചെയ്ത് കൊടുത്തിട്ടുണ്ട്. തെരുവിൽ അലയുന്ന അമ്മമാരെ സുരക്ഷിതമായ അനാഥാലയങ്ങളിൽ എത്തിച്ച് പുനരധിവസിപ്പിക്കുന്നു. Society Forum People Rights എന്ന സംഘടനയ്ക്ക് സംസ്ഥാന ട്രഷറർ എന്ന ചുമതല ഉണ്ട്.

## തമലം കെ. ശ്രീധരൻനായർ

തിരുവനന്തപുരം നരുവാമൂട് സ്വദേശി. കവി, ഗാനരചയിതാവ്, ഗായകൻ. ചെറുപ്പകാലത്തിലെ ഭക്തിഗാനങ്ങൾ എഴുതുന്നതിലും ആലപിക്കുന്നതിലും, ആത്മീയകാര്യങ്ങൾ കേൾക്കുന്നതിലും, സംസാരിക്കുന്നതിലും വലിയ താൽപ്പര്യമായിരുന്നു. ജ്ഞാനാമൃത കീർത്തനം എന്ന പുസ്തകം ആദ്യ പ്രകാശനം ചെയ്തു. തുടർന്ന് കവിതകൾ, തുള്ളൽ പാട്ടുകൾ, ശ്രീകൃഷ്ണ ഭക്തിഗാനങ്ങൾ, ദേവീ കീർത്തനങ്ങൾ, ഗണപതി കീർത്തനങ്ങൾ, അയ്യപ്പ ഭക്തിഗാനങ്ങൾ, മഹാവിഷ്ണു കീർത്തനങ്ങൾ, തമിഴ് ഭക്തിഗാനങ്ങൾ, നാടൻ പാട്ടുകൾ എന്നിവ രചിച്ചിട്ടുണ്ട്. ശാസ്ത്ര സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കവി മുദ്ര അവാർഡ്, സംസ്കാര ഭാരതം കാവ്യസദസ്സിന്റെ പുരസ്കാരം, മലയാള സാഹിത്യ സമിതിയുടെ കാവ്യോപകാരം, തമിഴ്നാട് ആറ്റൂർ സൗഹൃദവേദിയുടെ അവാർഡ്, ജില്ലാ സാമൂഹിക ഓഫീസ് തിരുവനനന്തപുരത്തിന്റെ അവാർഡ്, തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ നാടൻ പാട്ടിന് ലഭിച്ച പുരസ്കാരം, കുഴിത്തുറ മലയാളി സമാജത്തിന്റെ അവാർഡ് തുടങ്ങി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്.എസിനുവേണ്ടി വൈസ് ചെയർമാൻ ബി.എസ്. ഗോപകുമാർ സമ്മാനിക്കുന്നു



കലയപുരം വിജയകുമാർ



ദീപകുമാർ



ജസീന



പ്രവീൺ ഹരിശ്രീ

## കലയപുരം വിജയകുമാർ

കൊട്ടാരക്കര സ്വദേശി. സാഹിത്യകാരൻ, സാമൂഹ്യപ്രവർത്തകൻ. കഥാസമാഹാരവും കവിതാ സമാഹാരങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാസികകളിൽ കഥകളും, കവിതകളും യാത്രാവിവരണങ്ങളും എഴുതുന്നുണ്ട്. ഭക്തിഗാന ആൽബത്തിൽ ഗാനങ്ങൾ രചിച്ചിട്ടുണ്ട്. കലയപുരം ആശ്രയ ചാരിറ്റബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ, പ്രത്യേകിച്ച് ലഹരിവിരുദ്ധ പ്രവർത്തനങ്ങളിലും, ‘അനാഥരില്ലാത്ത ഭാരതം’ എന്ന പരിപാടിയിലും സജീവമായി പങ്കെടുക്കുന്നു. കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ നിന്ന് (കേരള ബാങ്ക് ) 2018 ൽ വിരമിച്ചു. സതീഷ് ബാബു പയ്യന്നൂർ സ്മാരക കഥാമത്സരം അവാർഡ്2023,ബാങ്ക് വർക്കേഴ്സ് ഫോറത്തിന്റെ വി ബാലചന്ദ്രൻ അനുസ്മരണ സാഹിത്യമത്സരം അവാർഡ്,വിജ്ഞാന പോഷിണി അവാർഡ്,തൂലികാ ശ്രേഷ്ഠ അവാർഡ്,കാവ്യതരംഗണി അവാർഡ്,കൊല്ലം ഫ്രണ്ട്സ് തരംഗം സാഹിത്യകലാ സാംസ്കാരിക സംഘടനയുടെ അവാർഡ്,കോട്ടയം കമലദളം സാംസ്കാരിക സംഘടനയുടെ അവാർഡ്,കടപ്പാക്കട സ്പോർട്സ് ക്ലബിന്റെ ആദരവ് , നാടിന്റെ തൂലികാകൃത്ത് അവാർഡ്, കൂടാതെ നാട്ടിലെ സംഘടനകളുടെ ആദരവും അവാർഡും ലഭിച്ചിട്ടുണ്ട്. 2019 മുതൽ 2025 വരെ ആശ്രയയുടെ വൈസ് പ്രസിഡന്റായിരുന്നു. നിലവിൽ കലയപുരം എൻഎസ് എസ് കരയോഗം സെക്രട്ടറിയായി പ്രവർത്തിക്കുന്നു.കൂടാതെ കലയപുരം പബ്ലിക് ലൈബ്രറിയുടെ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ പങ്കു വഹിക്കുന്നു.

## ദീപകുമാർ

എറണാകുളം കോതമംഗലം സ്വദേശി. കവയിത്രി, കഥാകൃത്ത്. കവിത സമാഹാരങ്ങൾ പ്രസദ്ധീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ കഥാരചനയും നടത്താറുണ്ട്. 101 കവിതകളുടെ നാഷണൽ പോയറ്റ് മീറ്റിൽ പങ്കെടുത്തിട്ടുണ്ട്. 2024 ൽ പരസ്പരം സാഹിത്യമാസികയുടെ അനീഷ് ബാബു കവിത സ്മാരകപുരസ്കരം ലഭിച്ചു. 2023 ൽ പെൻഡ്രോപ്സിന്റെ അംഗീകാരം കിട്ടിയിട്ടുണ്ട 2024-25 ൽ നവഭാവന ചാരിറ്റബിൾ ട്രസ്റ്റിന്റെ നവഭാവന പുരസ്കാരം ലഭിച്ചു. കൂടാതെ കുടുംബശ്രീ സി ഡി എസ് എസ് എൻ ഡി പി, മർച്ചന്റ് അസോസിയേഷൻ തുടങ്ങിയ സംഘടനകളിൽ നിന്നും അംഗീകാരങ്ങൾ ലഭിച്ചു. നിലവിൽ ടൈലറിങ്ങ് &ഗാർമെന്റ്സ് സ്ഥാപനം നടത്തിവരുന്നു.

## ജസീന

ആലപ്പുഴ കായംകുളം സ്വദേശി. മേക്കപ്പ് ആർട്ടിസ്റ്റ്, അഭിനേത്രി. 9 വർഷമായി ഷോർട്ട് ഫിലിം പരസ്യചിത്രങ്ങൾ, സിനിമകൾ ഇവയിലൊക്കെ മേക്കപ്പ് ആർട്ടിസ്റ്റായി പ്രവർത്തിക്കുന്നു. മേക്കപ്പ് ആർട്ടിസ്റ്റായി വർക് ചെയവേ തന്നെ കഥാപാത്രമായി വേഷമിടുകയും ചെയ്തു. ശോഭന, ഉണ്ണിമേനോൻ ഉൾപ്പെടെ നിരവധി പേർക്ക് മേക്കപ്പ് ചെയ്തിട്ടുണ്ട്.

## പ്രവീൺ ഹരിശ്രീ

തിരുവനന്തപുരം കരമന സ്വദേശി. 6-ാം വയസ്സിൽ തന്റെ അച്ഛന്റെ സമിതിയായ തിരുവനന്തപുരം എസ്.പി. നൃത്താലയം എന്ന ഈരടി ബാലെ ട്രൂപ്പിലെ നൃത്തനാടകരംഗത്തേക്ക് ശ്രീമുരുകൻ വേഷത്തിൽ ബാലതാരമായി രംഗപ്രവേശം ചെയ്തു. ഇന്നും നൃത്തനാടക രംഗത്ത് സജീവം. കലയുടെ വിവിധ മേഖലകളിൽ പ്രവർത്തനം നടത്തി വരുന്നു. ചിത്രകലാ അധ്യാപകൻകൂടിയാണ് ഘോഷയാത്രാ കലാരൂപങ്ങളിൽ തന്റേതായ ശൈലികൾക്ക് സ്ഥാനം ഉറപ്പിച്ച കലാകാരനാണ്. 2004 ൽ എസ്.പി. നൃത്താലയം നൃത്തനാടക സംഘടനായി മാറിയപ്പോൾ നൃത്തനാടകത്തിലൂടെ നൃത്തരംഗത്തേക്ക് തുടർന്നു. വിവിധ സൂപ്പർഹിറ്റ് നൃത്ത നാടകങ്ങൾ പ്രേക്ഷകരിലേക്ക് എത്തിക്കുവാൻ സാധിച്ചു. നൃത്ത നാടകരംഗത്ത് ആദ്യമായി 2ഡി ഡിസ്ട്രാവിഷൻ സാങ്കേതികവിദ്യ നൃത്തനാടകങ്ങളിലൂടെ പ്രേക്ഷകർക്ക് അത്ഭുത പ്രതിഭാസം നൽകിയിരുന്നു. തുടർന്ന് അന്തമഹാകാലനിൽ ചെയിൻ ബോക്സ് സെറ്റിംഗ്സ് ആദ്യമായി നൃത്തനാടകരംഗത്ത് സംഭാവന നൽകി. സൂപ്പർ ഹിറ്റ് നാടകങ്ങൾ സംവിധാനവും ചെയ്തു.




കെ.കെ.സഞ്ജന




പ്രേംജിത്ത് ചോമ്പാല




സ്വാതി രാമൻ




കാതറിൻ ജോഷാ

## കെ.കെ.സഞ്ജന

കണ്ണൂർ തലശ്ശേരി സ്വദേശി. തലശ്ശേരി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ നേഴ്സ് ആയി ജോലി ചെയ്തു വരുമ്പോൾ (1998-2005)സാമൂഹ്യ, സന്നദ്ധ സേവന പ്രവർത്തനങ്ങളിൽ കൂടുതൽ പങ്കെടുക്കാൻ സാധിക്കുന്ന മേഖല എന്ന നിലയിൽ കോം ട്രസ്റ്റ് ചാരിറ്റബിൾ ട്രസ്റ്റ് ഐ കെയർ ഹോസ്പിറ്റലിൽ നഴ്സിംഗ് ഹെഡ് ഇൻചാർജ് ആയി ജോലിയിൽ പ്രവേശിച്ചു. എല്ലാ ഞായറാഴ്ചകളിലും പാവങ്ങൾക്ക് സൗജന്യ നേത്ര പരിശോധനയും തിമര ശസ്ത്രക്രിയ ക്യാമ്പുതളും സംഘടിപ്പിക്കാൻ നേതൃത്വം നൽകി. അതു വഴി ഏകദേശം ഒരു മാസം 500 തിമിര ശസ്ത്രക്രിയ കളിൽ അസിസ്റ്റ് ചെയ്തു ഒരു ലക്ഷത്തിലധികം രോഗികൾക്ക് സൗജന്യ നേത്രചികിത്സ നൽകാൻ നേതൃത്വം നൽകി. സർവ്വിസിനിടയിൽ അഞ്ചുപേർരുടെ കണ്ണു മാറ്റി വെക്കൽ ശസ്ത്രക്രിയ യിൽ അസിസ്റ്റ് ചെയ്യാൻ സാധിച്ചു. സ:ചെങ്കൊടി കണ്ണൻ സ്മാരക വായനശാലയുടെ വനിതാവേദിയുടെ കൺവീനറായും പ്രവർത്തിക്കുന്നു. അവിടെ ഡാൻസ് ടീച്ചറായി പ്രവർത്തിക്കുന്നു. അതു വഴി നിരവധി കുട്ടികൾക്ക് സൗജന്യമായി നൃത്ത പരിശീലനം നൽകി വരുന്നു. കണ്ണൂർ ജില്ലാ പ്രൈവറ്റ് ഹോസ്പിറ്റൽആൻറ്മെഡിക്കൽ ഷോപ്പ്. എംപ്ലോയിസ്. യൂണിയൻ ജില്ലപ്രസിഡന്റ് കൂടിയാണ്. സംഘടനയുടെ സ്വാന്തന പരിചരണ വിഭാഗം ചുമതല നിർവ്വഹിക്കുന്നു. പിണറായി മണ്ഡലത്തിലെ ധർമടം പഞ്ചായത്തിലെ കിടപ്പ് രോഗികൾക്കായുള്ള ഐആർ പി സിയുടെ ചുമതലക്കാരിയാണ്.

## പ്രേംജിത്ത് ചോമ്പാല

കണ്ണൂർ തലശ്ശേരി സ്വദേശി. നർത്തകൻ, കൊറിയോഗ്രാഫർ, കവി,കഥാകൃത്ത്, തിരക്കഥാകൃത്ത്, നോവലിസ്റ്റ്, സംവിധായകൻ, ഗായകൻ, അഭിനേതാവ്, അധ്യാപകൻ. കഥാപ്രസംഗം, മോണോ ആക്ട്, ഡാൻസ് കവർ, ആൽബം, വെബ്സീരിസ്, ഷോർട്ട് ഫിലിം നാടകം /തെരുവ് നാടകം എന്നിവയും ചെയ്തിട്ടുണ്ട്. വെബ് സീരിയലുകൾ കഥ എഴുതി സംവിധാനം ചെയ്തു. ആൽബം ഗാനരചന നടത്തി സംവിധാനം ചെയ്തു. കലാകേന്ദ്ര എന്ന പേരിൽ സ്വന്തമായി കലാപ്രവർത്തനങ്ങൾ നടത്താനുള്ള ഒരു സംഘടന രൂപീകരിച്ചു, പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യസം നൽകുക എന്ന ലക്ഷ്യത്തോടെ വിദ്യാകേന്ദ്ര എന്ന പേരിൽ ട്യൂഷൻ സെന്റർ ആരംഭിച്ചു കലാമത്സരങ്ങളിൽ വിധി കർത്താവായ് പങ്കെടുക്കാറുണ്ട്. ആനിമൽ റെസ്ക്യൂയുടെ പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിക്കാറുണ്ട്. ലഹരി വിപത്ത് സമൂഹത്തെ ബോധ്യപ്പെടുത്താൻ തെരുവു നാടകങ്ങളും സംഗീത ശില്പങ്ങളും സംവിധാനം ചെയ്ത് അവതരിപ്പിക്കാറുണ്ട്. അഭിനയ കളരിയുടെ ക്ലാസുകൾ വിവിധ പ്രായങ്ങളിലുള്ളവർക്ക് വേണ്ടി നടത്താറുണ്ട്. വിവിധ വിഷയങ്ങളിൽ ഉപജില്ല-ജില്ല തലത്തിൽ R.P (Reosurce Perosn) ആയി വർക്ക് ചെയ്തിട്ടുണ്ട്. ശാസ്ത്ര പരീക്ഷണത്തിലും സംഗീതത്തിലും കുട്ടികളെ പരിശീലിപ്പിച്ച് സംസ്ഥാനതലത്തിൽ പങ്കെടുപ്പിച്ചിട്ടുണ്ട്. നൃത്തം, സംഗീതം, ചിത്രരചന, സാഹിത്യം എന്നീ മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനം നേടിയിട്ടുണ്ട്.

## സ്വാതി രാമൻ

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് തത്തൻകോട് സ്വദേശി, സംഗീത അധ്യാപക, ഗായിക. നിരവധി സ്റ്റേജ് പ്രോഗ്രാമുകൾ ചെയ്തുവരുന്നു. നിരവധി കുട്ടികളെ കർണ്ണാടക സംഗീതം പഠിപ്പിച്ചു വരുന്നു. ഇപ്പോൾ നെടുമങ്ങാട് ആഇഷ മെമ്മോറിയൽ പബ്ലിക് സ്കൂൾ സംഗീത അധ്യാപികയായി പ്രവർത്തിച്ചു വരുന്നു. അമൃതവർഷിണി ഗ്ലോബൽ ആർട്സ് ചാരിറ്റബിൾ സൊസൈറ്റിയുടെ ജനറൽ സെക്രട്ടറിയുമാണ്. (സത്യജിത്ത് റേ ഫിലിം സൊസൈറ്റി മ്യൂസിക്കൽ അവാർഡ്, ജി.കെ. പിള്ള ഫൗണ്ടേഷൻ ഗുരുപ്രിയ ഠഢ അവാർഡ്, ഹ്യൂമൺ റൈറ്റ് പ്രാട്ടക്ഷൻ വേദി, കേരള സ്റ്റേറ്റ് കമ്മിറ്റിയുടെ 2025ലെ മികച്ച സംഗീത അധ്യാപികയ്ക്കും മികച്ച ഗായികയ്ക്കുമുള്ള അവാർഡ് എന്നിവ ലഭിച്ചു. കൂടാതെ അനവധി അനുമോദനങ്ങളും നേടയിട്ടുണ്ട്. നിരവധി മൃസിക്കൽ ആൽബംസിൽ പാടിയിട്ടുണ്ട്. സ്വന്തമായി സംഗീത ക്ലാസ് ‘ദക്ഷ കർണ്ണാടിക് മ്യൂസിക് ക്ലാസ്’ നടത്തി വരുന്നു.

## കാതറിൻ ജോഷാ

കൊല്ലം ശക്തികുളങ്ങര സ്വദേശി. ലയൺസ് ക്ലബ്ബ് ചവറ സൗത്ത് അംഗം. കഴിഞ്ഞ 30 വർഷമായി സ്ഥാപനത്തിന്റെ ടമഴമൃമ അഴലിരശലൈന്റെ മാനേജിംഗ് ഡയറക്ടർ ആയി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. വിവിധ ഇനം ലഘു ഭക്ഷണങ്ങളും വളരെ ശുദ്ധമായ ഭക്ഷണ പദാർത്ഥങ്ങളും സംസ്ക്കരിക്കപ്പെട്ട ഭക്ഷണ വിഭവങ്ങളും കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലും സുലഭമായി വിറ്റഴിക്കുന്നു. ഗ്രേറ്റഡ് കോക്കനട്ട്, ആരോ റൂട്ട്, റൈസ്, കാഷ്യൂനട്ട്, വിവിധ ഇനം ബിസ്ക്കറ്റ്സ്, ഗ്രൗണ്ട് നട്ട്, സ്വീറ്റ്സ് തുടങ്ങി നിരവധി ലഘുഭക്ഷണ വിഭവങ്ങൾ ഉൽപ്പാദിപ്പിച്ച് വിദേശത്തും സ്വദേശത്തും വിൽക്കപ്പെടുന്നു. അതുവഴി ആയിരത്തോളം പേർക്ക് തൊഴിൽ നൽകുവാനും അവരുടെ ജീവിത സാഹചര്യങ്ങളെ മെച്ചപ്പെടുത്തുവാനും സാധിച്ചിട്ടുണ്ട്. മികച്ച സംരംഭക എന്നതിലുപരി തൊഴിലാളികളുടെയും സമൂഹത്തിന്റെയും വികസനക്ഷേമം നല്ല നടപ്പ് എന്നിവയ്ക്ക് വേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കേരള വ്യാപാരി വ്യവസായി ഏകോപനസമിതി രാമൻകുളങ്ങര യൂണിറ്റ് സെക്രട്ടറി, സെയിൽസ് ഫാൻസ് അസോസിയേഷൻ സെക്രട്ടറി.




ദിലീപ് കുമാർ കെ.ജി




ബി.വി. കാരയ്ക്കാട്




ആനന്ദ്.എസ്.ലിൻ




വർഷ ഇ.വി

## ദിലീപ് കുമാർ കെ.ജി

പത്തനംതിട്ട പുല്ലാട് സ്വദേശി. പടയണി എന്ന പരമ്പരാഗത ക്ഷേത്രകലയുടെ ആചാര്യൻ. കേരളത്തിൽ ഒട്ടുമിക്ക അതിപുരാതന ദേവീ ക്ഷേത്രങ്ങളിലും പടയണി അവതരിപ്പിച്ചിട്ടുണ്ട്. പടയണി അവതരണത്തിന്റെ ഗാനങ്ങൾ എഴുതി ചിട്ടപ്പെടുത്തുന്നുണ്ട്. പടയണിയിലെ കോലം എഴുത്ത്, കോലം തുള്ളൽ, കോലപ്പാട്ട് എന്നിങ്ങനെ ഒരു കോലത്തിന്റെ തുടക്കം മുതൽ അവസാനം വരെയുള്ള എല്ലാ കാര്യങ്ങളിലും സജീവ സാന്നിധ്യമാണ് കെ.ജി.എസ്സ്.എസ്സ് എന്ന സംഘടന പൈതൃക കലാശ്രേഷ്ഠ എന്ന പുരസ്ക്കാരം നൽകി ആദരിക്കുകയുണ്ടായി. കവിത, കഥ, തിരക്കഥ എന്നീ മേഖലകളിലും സജീവം.. സാമൂഹികമായും സാംസ്കാരികമായും സാധാരണക്കാരന് ഒപ്പം നിന്ന് പ്രവർത്തിക്കുന്നവ്യക്തി കേരളത്തിൽ പത്തനംതിട്ട ജില്ലയിൽ ഓതറ പുതുക്കുളങ്ങര ദേവീ ക്ഷേത്രത്തിൽ മാത്രം അവതരിപ്പിക്കുന്ന 101 പാതാളമുഖി ഭൈരവി കോലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ വളരെ ചെറുപ്പം മുതൽ തന്നെ സജീവമായി പ്രവർത്തിച്ചുവരുന്നു. ഭജന പാട്ടുകൾ എഴുതുകയും സംഗീതം നൽകി അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട് ഇന്ത്യയിലെ പ്രധാനപ്പെട്ട നഗരങ്ങളിലെല്ലാം സാംസ്കാരികപരമായും വിശ്വാസപരമായും കോലങ്ങൾ എഴുതി അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## ബി.വി. കാരയ്ക്കാട്

തിരുവനന്തപുരം പാപ്പനംകോട് സ്വദേശി. കവി, കഥാകൃത്ത്, ലേഖകൻ, പത്രപ്രവർത്തകൻ. ബാലസാഹിത്യം, അഭിമുഖങ്ങൾ. സാമൂഹ്യവും, സാംസ്കാരികവും, വിദ്യാഭ്യാസപരവുമായ പ്രവർത്തനങ്ങളിൽ സജീവം. അമ്പത്തിരണ്ട് വർഷമായി സാഹിത്യലോകത്ത് പ്രവർത്തിക്കുന്നു. വിവിധ കവിതകളും കവിതാ സമാഹാരങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ആനന്ദ്.എസ്.ലിൻ

തിരുവനന്തപുരം തിരുമല സ്വദേശി. ഫിലിം മേക്കർ, സിനിമാട്ടോഗ്രാഫർ, എഡിറ്റർ. കഴിഞ്ഞ 31 വർഷമായി ദൃശ്യമാധ്യമ രംഗത്ത് സജീവമായി പ്രവർത്തിക്കുന്നു. ഷോർട്ട് ഫിലിമുകൾ, ഡോക്യുമെന്ററികൾ, ടെലിവിഷൻ പ്രോഗ്രാമുകൾ എന്നിവ നിർമ്മിക്കുന്നു. ഒരു സിനിമയുടെ തുടക്കം മുതൽ ഒടുക്കം വരെയുള്ള എല്ലാ സാങ്കേതിക വശങ്ങളും കൈകാര്യം ചെയ്യും. പ്രൊഫഷണലായി ക്യാമറ ഹാൻഡിലിംഗ്, വീഡിയോ എഡിറ്റിംഗ് ആന്റ് ആനിമേഷൻ എന്നിവയിൽ മുപ്പത് വർഷത്തെ എഡിറ്റിംഗ് പരിചയം. ആഡിയോ എഞ്ചിനിയറിംഗ് വഴി ഡബ്ബിംഗ്, റെക്കാർഡിംഗ് ആന്റ് സൗണ്ട് മിക്സിംഗ്, സംവിധാനം എന്നിവയിലും മികവ് തെളിയിച്ചിട്ടുണ്ട്. നിരവധി ഷോർട്ട് ഫിലിമുകളും പൂർത്തിയാക്കി. ക്യാമറ, എഡിറ്റിംഗ്, ഡബ്ബിംഗ്, മിക്സിങ് എന്നിവ സ്വയം നിൽവഹിച്ച് നാല് ലഘുചിത്രങ്ങൾ തീയേറ്ററുകളിൽ പ്രദർശിപ്പിച്ചു. ദൂരദർശനിലെ വിവിധ പ്രോഗ്രാമുകളുടെ ഭാഗമായി ദീർഘകാലം പ്രവർത്തിച്ചു. ഏഷ്യനെറ്റിലെ വോഡഫോൺ കോമഡിസ്റ്റാർസിലെ 36 ടീമുകളുട റെക്കാർഡിംഗ് ചുമതലകൾ നിർവഹിച്ചു. അതുപോലെ സീരിയൽ എഡിറ്റിംഗ് രംഗത്തും പ്രവർത്തിച്ചിട്ടുണ്ട്. ഷോർട്ട് ഫിലിം ഡോക്യുമെന്ററി വിഭാഗത്തിലെ മികച്ച പ്രവർത്തനത്തിന് 2025-ലെ സത്യൻ സ്മൃതി അവാർഡ് ലഭിച്ചിട്ടുണ്ട്.

## വർഷ ഇ.വി

എറണാകുളം വടുതല സ്വദേശിനി. സൈക്കോളജിസ്റ്റും സൈക്കോളജി തെറാപ്പിസ്റ്റുമായി പ്രവർത്തിച്ചുവരുന്നു. വിവിധ ആധുനിക സൈക്കോതെറാപ്പി രീതികളിൽ പരിശീലന ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നു. മാനസികാരോഗ്യത്തെക്കുറിച്ചുള്ള ബോധവൽക്കരണവും പ്രായോഗിക പരിശീലനവും നൽകുന്നതിലൂടെ വിദ്യാർത്ഥികൾക്കും പ്രൊഫഷണലുകൾക്കും പ്രചോദനമായിക്കൊണ്ടിരിക്കുന്നു. വിമലഹൃദയം കോളേജിൽ ലക്ചററായി സേവനം അനുഷ്ഠിക്കുന്നു. വുമൺ ആന്റ് ചൈൽഡ് പ്രൊട്ടക്ഷൻ കൗൺസിലേറ്റ് സംഘടിപ്പിക്കുന്ന ക്യാമ്പുകളിൽ സ്ത്രീകൾക്കും കുട്ടികൾക്കും ക്ലാസ്സുകൾ നൽകി കൊണ്ട് മാനസികാരോഗ്യരംഗത്ത് സജീവമായി ഇടപെട്ട് വരുന്നു.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്.എസിനുവേണ്ടി വൈസ് ചെയർമാൻ ബി.എസ്. ഗോപകുമാർ സമ്മാനിക്കുന്നു




കെ.എസ്. ചന്ദ്രകുമാർ




ഷമീന കെ.പി




നിസാവ് അഹമ്മദ് കുട്ടി

### കെ.എസ്. ചന്ദ്രകുമാർ

തിരുവനന്തപുരം സ്വദേശി. 1967 മുതൽ പൊതുപ്രവർത്തനരംഗത്ത് സജീവമായിരുന്നു. 1982 ൽ ഹൈദ്രാബാദിൽ സിവിൽ ഏവിയേഷൻ ഡിപ്പാർട്ടുമെന്റിൽ ജോലി നേടുകയും 1982 ൽ തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്നും റിട്ടേയർ ആവുകയും ചെയ്തു. 1987 മുതൽ ആന്ദ്ര ചാരിറ്റബിൾ സൊസൈറ്റിയുടെ സ്ഥാപകനും സെക്രട്ടറിയുമായി ജനസേവനത്തിനായി പ്രവർത്തിച്ച് തുടങ്ങി. 250 ഓളം നിർദ്ധന കുടുംബത്തിലെ അംഗങ്ങളായ ക്യാൻസർ രോഗികൾക്ക് ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്.

### ഷമീന കെ.പി

എറണാകുളം മണക്കാപ്പാട് സ്വദേശിനി. ആരോഗ്യരംഗത്ത് റീ മെഡിക്കൽ പരിശീലക ആയി പ്രവർത്തിക്കുന്നു. കപ്പിൾ തെറാപ്പിയും, പേഴ്സണാലിറ്റി ഡെവലപ്മെന്റ് സംബന്ധമായ കൗൺസിലിംഗും ചികിത്സ ഇടപെടലുകളും പ്രധാന പ്രവർത്തനമേഖലകളാണ് ശാസ്ത്രീയവും യുക്തിപരവുമായ സമീപനങ്ങളിലൂടെ ബന്ധങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും വ്യക്തികളുടെ മാനസിക സമത്വം വീണ്ടെടുക്കുന്നതിനും ഫലപ്രദമായ പിന്തുണ നൽകികൊണ്ട് നിരവധി വ്യക്തികൾക്കും കുടുംബങ്ങൾക്കും അവരുടെ സേവനവും ആത്മവിശ്വാസവും മാനസിക ശക്തിയും പകരുന്ന വഴികാട്ടിയാണ്. കെ.എൻ.എം. കോളേജിൽ അസി. പ്രൊഫസർ ആയി സേവനം അനുഷ്ഠിച്ചുകൊണ്ട് വിദ്യാഭ്യാസ രംഗത്തും ശ്രദ്ധേയമായ സംഭാവന നൽകി വരുന്നു. മാനസികാരോഗ്യ ബോധവൽക്കരണും വ്യക്തികളുടെ സമഗ്ര വികസനവും ലക്ഷ്യമാക്കി ആത്മാർത്ഥമായി പ്രവർത്തിച്ചുവരുന്നു.


### നിസാവ് അഹമ്മദ് കുട്ടി

കോഴിക്കോട് സ്വദേശി. മനഃശാസ്ത്ര വിദഗ്ധനും സാമൂഹിക പ്രവർത്തകനുമാണ്. കൗൺസിലിംഗ്, സൈക്കോ തെറാപ്പി Remedical Triner and ABA Theorpyist, OT Practioner എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്നു. മാനസികാരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്കും യുവജനങ്ങൾക്കും വ്യക്തിഗതവും ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ളതുമായ കൗൺസിലിംഗ് നൽകി അവരുടെ ജീവിതത്തിൽ വ്യക്തമായ മാറ്റങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് വ്യക്തമായ മാർഗനിർദേശം നൽകി സമൂഹത്തിന് വലിയ സംഭാവനയാണ് നൽകിയിരിക്കുന്നത്. സാമൂഹികക്ഷേമ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ട് മാനസികാരോഗ്യബോധവൽക്കരണ പരിപാടികൾ, പരിശീലനങ്ങൾ സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നു.

## സമാധാനത്തിന്റെ മാടപ്രാവുകൾ

# സമാധാനത്തിന്റെ അപ്പോസ്തലൻ: ഫ്രെഡറിക് പാസി (Frederic Passy)

ആശ റാണി



1901-ൽഹെൻറിഡുനൻറിനൊപ്പം സമാധാനത്തിനുള്ള ആദ്യത്തെ നോബൽ സമ്മാനം പങ്കിട്ട ഫ്രെഡറിക് പാസി (FrWpdWpric Passy) ഒരു ഫ്രഞ്ച് സാമ്പത്തിക ശാസ്ത്രജ്ഞനും അന്താരാഷ്ട്രസമാധാന മധ്യസ്ഥതയുടെ വക്താവുമായിരുന്നു. 1822 മെയ് 20-ന് പാരീസിലെ ഒരു രാഷ്ട്രീയ-സൈനിക പാരമ്പര്യമുള്ള കുടുംബത്തിൽ ജനിച്ച അദ്ദേഹം നിയമ പരിശീലനത്തിനു ശേഷം, ഒരു അക്കൗണ്ടന്റായി ജോലി ചെയ്യുകയും നാഷണൽ ഗാർഡിൽ സേവനമനുഷ്ഠിക്കുകയും ചെയ്തു. എന്നാൽ താമസിയാതെ ഈ സ്ഥാനം ഉപേക്ഷിച്ച അദ്ദേഹം വിവിധ സാമ്പത്തിക പരിഷ്കാരങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും വേണ്ടി സ്വയം സമർപ്പിച്ചു. ഈ കാലയളവിൽ അദ്ദേഹം ഫ്രാൻസിലെ വിവിധയിടങ്ങളിൽ ലിബറൽ സാമ്പത്തിക നയങ്ങളെയും (Economic Liberalism), സമാധാനവും സാമ്പത്തികവും തമ്മിലുള്ള ബന്ധത്തെയും കുറിച്ച് പ്രഭാഷണങ്ങൾ നടത്താൻ തുടങ്ങി. യൂറോപ്പിലുടനീളമുള്ള വർഷങ്ങളോളം നീണ്ടുനിന്ന അക്രമാസക്തമായ സംഘർഷങ്ങളെ തുടർന്ന് 1850-കളിലാണ് പാസി സമാധാനത്തിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത്. രാജ്യങ്ങൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കാൻ യുദ്ധത്തിന് പകരം ‘ആർബിട്രേഷൻ’ (മധ്യസ്ഥത) എന്ന രീതിയെ അദ്ദേഹം ശക്തമായി പിന്തുണച്ചു. സമാധാനത്തിനായുള്ള പോരാട്ടത്തിൽ പത്രപ്രവർത്തനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ അദ്ദേഹം 1867ൽ ‘ലെ ടെംപ്സ്’ എന്ന ആനുകാലിക പ്രസിദ്ധീകരണത്തിൽ സമാധാനത്തിനായുള്ള അദ്ദേഹത്തിന്റെ അഭ്യർത്ഥന ലേഖനങ്ങളായി നിരന്തരം പ്രസിദീകരിക്കുകയും തുടർന്ന് ലക്സംബർഗിനെ ച്ചൊല്ലി ഫ്രാൻസും പ്രഷ്യയും തമ്മിലുള്ള യുദ്ധം ഒഴിവാക്കാൻ ഈ ലേഖനങ്ങൾ സഹായിക്കുകയും ചെയ്തു. 1867-ൽ ‘ഇൻറർനാഷണൽ ലീഗ് ഓഫ് പീസ്’ (Ligue internationale et permanente de la paix) എന്ന സംഘടന സ്ഥാപിച്ചു. എന്നാൽ, 1870-ൽ ഫ്രാങ്കോ-പ്രഷ്യൻ യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ ഈ സംഘടന താൽക്കാലികമായി നിർത്തലാക്കേണ്ടി വന്നു. പിന്നീട് അദ്ദേഹം ഇതിനെ പരിഷ്കരിച്ച് ‘ഫ്രഞ്ച് സൊസൈറ്റി ഓഫ് ഫ്രണ്ട്സ് ഓഫ് പീസ്’ (SociWptWp franopaise des amis de la paix) എന്ന പേരിൽ പുനരുജ്ജീവിപ്പിച്ചു. രാജ്യങ്ങൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കാൻ മധ്യസ്ഥത (Arbitration) എന്ന മാർഗ്ഗം ഉപയോഗിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ 1888 ഒക്ടോബറിൽ പാരീസിൽ വെച്ച് ബ്രിട്ടീഷ് എം.പി. വില്യം റാൻഡൽ ക്രീമറും പാസിയും ആദ്യമായി ഒത്തുകൂടി. ഇതിൽ 9 ബ്രിട്ടീഷ് എം.പിമാരും 25 ഫ്രഞ്ച് എം.പിമാരും പങ്കെടുത്തു. ഈ ചർച്ചകളുടെ തുടർച്ചയായി 1889 ജൂൺ 30-ന് പാരീസിൽ വെച്ച് ആദ്യത്തെ ‘ഇൻറർ പാർലമെൻററി കോൺഫറൻസ്’ സംഘടിപ്പിച്ചു. ഈ ചർച്ചകളുടെ തുടർച്ചയായി 1889 ജൂൺ 30-ന് പാരീസിൽ വെച്ച് ആദ്യത്തെ ‘ഇൻറർ പാർലമെൻററി കോൺഫറൻസ്’ സംഘടിപ്പിച്ചു. 9 രാജ്യങ്ങളിൽ നിന്നുള്ള (ബെൽജിയം, ഡെന്മാർക്ക്, ഫ്രാൻസ്, ഹംഗറി, ഇറ്റലി, ലൈബീരിയ, സ്പെയിൻ, ബ്രിട്ടൻ, യു.എസ്.എ) ജനപ്രതിനിധികൾ ഇതിൽ പങ്കെടുത്തു. വിവിധ രാജ്യങ്ങളിലെ പാർലമെൻറ് അംഗങ്ങൾ തമ്മിൽ ആശയവിനിമയത്തിനായി ഒരു സ്ഥിരമായ വേദി ഒരുക്കുക എന്നതായിരുന്നു ഈ സംഘടനക്ക് പിന്നിലെ ലക്ഷ്യം. ഇന്ന് ലോകത്തെ 180-ലധികം രാജ്യങ്ങളിലെ പാർലമെൻറുകൾ അംഗങ്ങളായുള്ള ഒരു ആഗോള സംഘടനയായി കജഡ വളർന്നിരിക്കുന്നു. 1899-ൽ ഹേഗിൽ സ്ഥിരമായ മധ്യസ്ഥ കോടതി (Permanent Court of Arbitration) സ്ഥാപിക്കുന്നതിലും ലീഗ് ഓഫ് നേഷൻസ്, ഐക്യരാഷ്ട്ര സഭ എന്നിവയുടെ രൂപീകരണത്തിന് അടിത്തറയിടുന്നതിലും കജഡ വലിയ പങ്കുവഹിച്ചു. ഈ മഹത്തായ പ്രവർത്തനത്തിനാണ് അദ്ദേഹത്തിന്റെ 79-ാം വയസ്സിൽ ലോകം അദ്ദേഹത്തിന് ഏറ്റവും വലിയ ആദരമായാ സമാധാനത്തിനുള്ള നോബൽ സമ്മാനം നൽകി ആദരിച്ചത്. അങ്ങനെ അദ്ദേഹം 1901-ൽ ആദ്യ സമാധാനത്തിനുള്ള നോബൽ സമ്മാനം, റെഡ് ക്രോസ് സ്ഥാപകൻ ഹെൻറി ഡുനൻറിനൊപ്പം പങ്കിട്ടു. യുദ്ധങ്ങൾക്കെതിരെയും സമാധാനത്തിന് വേണ്ടിയും ജീവിതകാലം മുഴുവൻ പ്രവർത്തിച്ചതുകൊണ്ടാണ് അദ്ദേഹത്തെ ലോകം ഇന്നും ‘സമാധാനത്തിന്റെ അപ്പോസ്തലൻ’ എന്ന് വിളിക്കുന്നത്.

# സാവിത്രിബായി ഫുലെ (1831-1897)

എൻ കെ ജയ



1831 ജനുവരി 3 ന് മഹാരാഷ്ട്ര യിൽ ജനിച്ച സാവിത്രി ബായി ഫുലെ ഇന്ത്യയിലെ ഒരു പ്രമുഖ സാമൂഹ്യ പരിഷ്കർത്താവും അധ്യാപികയും കവിയുമായിരുന്നു. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം അനുവദിക്കാതിരുന്ന കാലമായിരുന്നു അത്. അവരുടെ ഭർത്താവ് ജ്യോതിറാവു ഫുലെ വിദ്യാഭ്യാസം നേടുന്നതിലും വിദ്യാഭ്യാസപ്രവർത്തനങ്ങളിലും അവരെ പ്രോത്സാഹിപ്പിച്ചു. അങ്ങനെ അവർ ഇന്ത്യയിലെ വിദ്യാഭ്യാസം നേടിയ ആദ്യകാല സ്ത്രീകളിൽ ഒരാളായി.

1848 ൽ സാവിത്രി ബായിയും ജ്യോതി റാവുവും ചേർന്ന് പൂനെയിൽ പെൺകുട്ടികൾക്ക് മാത്രമായി ഇന്ത്യയിലെ ആദ്യത്തെ സ്കൂൾ ആരംഭിച്ചു. ഇന്ത്യയിലെ ആദ്യ വനിതാ അധ്യാപികയായിരുന്നു സാവിത്രി ബായി ഫുലെ. പെൺകുട്ടികൾക്കും ദളിതർക്കും മറ്റു പിന്നാക്ക വിഭാഗങ്ങൾക്കും അവർ വിദ്യാഭ്യാസം നൽകി.

സാമൂഹ്യ പരിഷ്കർത്താവ് എന്നനിലയിൽ അവർ ബാല്യ വിവാഹത്തെയും ജാതി വ്യവസ്ഥയെയും ജാതി വിവേചനത്തെയും തൊട്ടുകൂടായ്മയെയുമെല്ലാം ശക്തമായി എതിർത്തു. വിധവാവിവാഹത്തെ പ്രോത്സാഹിപ്പിക്കുകയും സ്ത്രീകളുടെ മാന്യതയ്ക്കായി പ്രവർത്തിക്കുകയും ചെയ്തു. മാത്രമല്ല, വിധവകൾക്കും ഉപേക്ഷിക്കപ്പെട്ട കുട്ടികൾക്കുമായി ഒരു പരിപാലന കേന്ദ്രവും ആരംഭിച്ചു.



എന്നാൽ ഇതെല്ലാം ചെയ്യുമ്പോൾ അവർക്ക് സമൂഹത്തിൽ നിന്നു ശക്തമായ എതിർപ്പ് നേരിടേണ്ടിവന്നു. സ്കൂളിലേക്ക് പോകുമ്പോൾ ആളുകൾ അവരെ കല്ലും ചെളിയും എറിഞ്ഞു. എന്നാൽ അവർ ധൈര്യത്തോടെ തന്റെ പ്രവർത്തനം തുടർന്നു.

സാവിത്രി ബായി ഫുലെ കവിയും എഴുത്തുകാരിയുമായിരുന്നു. വിദ്യാഭ്യാസം, സമത്വം, സ്വാഭിമാനം എന്നിവ പ്രചരിപ്പിക്കാൻ അവർ തന്റെ എഴുത്തിലൂടെ ശ്രമിച്ചു. ഇന്ത്യൻ ഫെമിനിസത്തിന്റെ മാതാവ് എന്നറിയപ്പെടുന്ന സാവിത്രി ബായി ഫുലെ സ്ത്രീ ശാക്തീകരണത്തിന്റെ പ്രതീകമാണ്. അവരുടെ ജന്മദിനമായ ജനുവരി 3 മഹാരാഷ്ട്രയിൽ ബാലികാ ദിനമായി ആചരിക്കുന്നു. വിദ്യാഭ്യാസം മാറ്റത്തിനുള്ള ശക്തമായ ആയുധമാണെന്ന് സാവിത്രി ബായി ഫുലെയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

## നാട്ടറിവ്

# പനിക്കൂർക്ക

റാണി ശ്രീജയൻ

ഭൂമിയിൽ നിന്ന് അധികം ഉയരത്തിലല്ലാതെ താഴ്ന്നു വളരുന്ന ഔഷധ സസ്യമാണ് പനിക്കൂർക്ക നവര. കോളിയസ് അരോമാറ്റികസ് (Coleus aromaticus) എന്നാണ് ശാസ്ത്രീയനാമം. ‘കർപ്പൂരവല്ലി’, ‘കഞ്ഞിക്കൂർക്ക’, ‘നവര’ എന്നും പ്രാദേശികമായി ഇത് അറിയപ്പെടുന്നു. പച്ച നിറത്തിലുള്ള ഇളം തണ്ടുകൾക്കും ഇലകൾക്കും മൂത്തുകഴിഞ്ഞാൽ തവിട്ടു നിറം ആയിരിക്കും. പനിക്കൂർക്കയുടെ ഇലയ്ക്കും തണ്ടിനുമാണ് ഔഷധഗുണമുള്ളത്. കാർവാൾ എന്ന ബാഷ്പീകൃത എണ്ണയാണ് പനിക്കൂർക്കയിലെ പ്രധാന രാസസംയുക്തം. കുട്ടികൾക്ക് രോഗങ്ങൾ വരുമ്പോൾ ഏറ്റവും ഫലപ്രദമായി പ്രയോഗിക്കാവുന്ന ഔഷധമാണ് പനിക്കൂർക്ക. പനി, ജലദോഷം, ചുമ, ശ്വാസതടസം എന്നിവ ഉള്ളപ്പോൾ ഇതിന്റെ ഇല വാട്ടിയ നീര് തേൻ ചേർത്തോ, കൽക്കണ്ടം ചേർത്തോ നൽകുന്നത് ഫലപ്രദമാണ്. ശ്വാസകോശ അണുബാധ തടയാനും പ്രതിരോധ ശേഷി കുറഞ്ഞ കുട്ടികൾക്കും ഇവ പതിവായി നൽകാറുണ്ട്. കുട്ടികളിലെ വയറു വേദനക്കും ദഹന പ്രശ്നങ്ങൾക്കും ഉള്ള ഒരു വീട്ടിലെ പൊടിക്കൈ കൂടിയാണിത്. ജലദോഷത്തിനും സൈനസൈറ്റിസ് ഉള്ളവർക്കും പനിക്കൂർക്കയില ഇട്ട് തിളപ്പിച്ച വെള്ളത്തിൽ ആവി പിടിക്കാം. കുട്ടികളിലെ ഛർദ്ദിക്കും വയറിളക്കത്തിനും ഗ്രഹണി രോഗത്തിനും പനിക്കൂർക്ക വെള്ളത്തിൽ തിളപ്പിച്ചോ മോര് കാച്ചിയോ കൊടുക്കുന്നത് ഫലദായകമാണ്.

പനിക്കൂർക്ക കടലമാവിൽ മുക്കി എണ്ണയിൽ വറുത്ത് ബജി രൂപത്തിൽ ലഘു ഭക്ഷണമായി കഴിക്കാം. ഉഴുന്നുവടയിലും പനിക്കൂർക്ക ചേർക്കാകവുന്നതാണ്. പാനീയമായി കുടിക്കുന്ന ഒരു രീതിയും ഉണ്ട്. പനിക്കൂർക്കയുടെ ഇലയും ഏലക്കയും ഗ്രാമ്പുവും ചേർത്ത് രണ്ട് കപ്പ് വെള്ളം തിളപ്പിച്ച് ഒരു കപ്പ് ആക്കി തേൻ ചേർത്ത് കഴിക്കാം. മാത്രമല്ല പനിക്കൂർക്ക നല്ല ഒരു മൂത്ര വിരേചകമാണ്. മൂത്രാശയ അണുബാധ കുറയ്ക്കാനും നീർക്കെട്ട് ഒഴിവാക്കാനും പനിക്കൂർക്ക മികച്ചതാണ്. ഉത്കണ്ഠ, മാനസിക പിരിമുറക്കം പോലുള്ള മാനസിക പ്രശ്നങ്ങൾ കുറയ്ക്കാനും പനിക്കൂർക്ക ഉപയോഗിക്കാം. ത്രിഫല ചൂർണം കലക്കിയ വെള്ളത്തിൽ പനിക്കൂർക്കയില അരച്ചത് ചേർത്ത് കഴിക്കുന്നത് വയറ്റിലെ വിര ശല്യം കുറയ്ക്കാൻ സഹായിക്കും. കൂടാതെ വെള്ള പോക്ക് പോലുള്ള രോഗാവസ്ഥകളിലും പനിക്കൂർക്ക ഫലപ്രമാണ്.

## എഴുത്തിന്റെ ആദരങ്ങൾ

# സരസ്വതി സമ്മാൻ: സാഹിത്യത്തിന്റെ ഉയർന്ന ദേശീയ ബഹുമതി



ഡോ: സുജ സതീഷ്

ഇന്ത്യൻ സാഹിത്യ രംഗത്ത് ഉയർന്ന സ്ഥാനമുള്ള ഒരു ദേശീയ ബഹുമതിയാണ് സരസ്വതി സമ്മാൻ. രാജ്യത്തിന്റെ വിവിധ ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന മികച്ച കൃതികളെ അംഗീകരിക്കുന്നതിനായി സ്ഥാപിച്ച ഈ പുരസ്കാരം, സാഹിത്യത്തിന്റെ ആഴവും മനുഷ്യജീവിതത്തിന്റെ അനുഭവങ്ങളും ഒരുപോലെ വിലമതിക്കുന്നു. വിദ്യാദേവിയായ സരസ്വതിയുടെ പേരിൽ നൽകപ്പെടുന്നതുകൊണ്ടു തന്നെ, ഇത് ജ്ഞാനത്തിന്റെയും സൃഷ്ടിയുടെയും പ്രതീകമായി മാറിയിരിക്കുന്നു.

1991-08 കെ.കെ.ബിർള ഫൗണ്ടേഷൻ ആരംഭിച്ച ഈ ബഹുമതി, ഇന്ത്യൻ ഭരണഘടനയുടെ എട്ടാം പട്ടികയിൽ ഉൾപ്പെട്ട ഭാഷകളിലെ കൃതികളെയാണ് പരിഗണിക്കുന്നത്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ പ്രസിദ്ധീകരിച്ച് മികച്ച സാഹിത്യ സൃഷ്ടികളിൽ നിന്നാണ് ജേതാവിനെ തിരഞ്ഞെടുക്കുന്നത്. സാഹിത്യ വിദഗ്ധരും പണ്ഡിതരുമടങ്ങുന്ന സമിതി കൃതികളുടെ കലാസൗന്ദര്യവും ആശയഗൗരവവും സാമൂഹിക പ്രസക്തിയും സൂക്ഷ്മമായി വിലയിരുത്തുന്നു.

ഈ പുരസ്കാരം ലഭിക്കുന്നത് ഒരു വ്യക്തിക്കു മാത്രം ലഭിക്കുന്ന അംഗീകാരമല്ല; ഒരു ഭാഷയ്ക്കും അതിന്റെ സാംസ്കാരിക പാരമ്യത്തിനും ലഭിക്കുന്ന ആദരവുമാണ്. പതിനഞ്ചുലക്ഷം രൂപയും പ്രശസ്തി പത്രവും ശില്പവും ഉൾപ്പെടുന്ന ഈ ബഹുമതി, എഴുത്തുകാരന്റെ സൃഷ്ടിജീവിതത്തിൽ ഒരു പ്രത്യേക നാഴികക്കല്ലായി മാറുന്നു. ദേശീയതലത്തിൽ അംഗീകരിക്കപ്പെടുന്ന ഒരു കൃതിയെന്ന നിലയിൽ അത് കൂടുതൽ വായനക്കാരിലേക്കും എത്തുന്നു.




ഹിന്ദി, മലയാളം, ഗുജറാത്തി, മറാത്തി തുടങ്ങി നിരവധി ഭാഷകളിലെ പ്രതിഭകൾ ഈ ബഹുമതി നേടിയിട്ടുണ്ട്. മലയാള സാഹിത്യത്തിൽ ബാലാമണി അമ്മ (കവിതാ സമാഹാരം-1995), കെ. അയ്യപ്പപ്പണിക്കർ (കവിതാ സമാഹാരം-2005), സുഗതകുമാരി (മണലെഴുത്ത്-2012), പ്രഭാവർമ്മ (നോവൽ-സാത്വികം-2023) എന്നിവർ ഈ ബഹു മതിയിലൂടെ അഭിമാന നിമിഷങ്ങൾ സമ്മാനിച്ചു. വിവിധ കാലഘട്ടങ്ങളിലെ എഴുത്തുകാർ തങ്ങളുടെ വ്യത്യസ്ത ശൈലികളിലൂടെ മനുഷ്യ ജീവിതത്തിന്റെ പല വശങ്ങളും അവതരിപ്പിച്ചപ്പോൾ, ആ സൃഷ്ടികളുടെ മികവ് ഈ അംഗീകാരത്തിലൂടെ ദേശീയ തലത്തിൽ തെളിഞ്ഞു.

സരസ്വതി സമ്മാൻ ഭാഷകളുടെ അതിരുകൾ കടന്ന് ചിന്തകളെ ഒന്നിപ്പിക്കുന്ന ഒരു വേദിയായി മാറിയിരിക്കുന്നു. ഓരോ ജേതാവിന്റെയും കൃതിയിൽ ഒരു കാലഘട്ടത്തിന്റെ ശബ്ദം കേൾക്കാം. സമൂഹത്തിന്റെ വികാരങ്ങളും ചിന്തകളും സ്വപ്നങ്ങളും അതിൽ പ്രതിഫലിക്കുന്നു. അതുകൊണ്ടുതന്നെ ഈ ബഹുമതി സാഹിത്യത്തിന്റെ മഹത്വം ഓർമ്മിപ്പിക്കുന്ന ഒരു സ്ഥിരമായ ചിഹ്നമായി നിലകൊള്ളുന്നു.

സരസ്വതി സമ്മാൻ ഒരു സാധാരണ പുരസ്കാര പ്രഖ്യാപനത്തിൽ ഒതുങ്ങുന്ന ഒന്നല്ല; അത് വാക്കുകളുടെ ശക്തിയിലൂടെ മനുഷ്യ ഹൃദയത്തെ സ്പർശിക്കുന്ന മഹത്തായ സൃഷ്ടികളുടെ മഹോത്സവമാണ്. ഭാഷകൾ വ്യത്യസ്തമായാലും മനുഷ്യാനു ഭവങ്ങളുടെ സ്വരത്തിൽ ഒരു ആഴത്തിലുള്ള സാമ്യം നിലനിൽക്കുന്നതാണെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു. കാലത്തിന്റെ പ്രവാഹം കടന്നുപോയാലും സത്യസന്ധവും സാർഥകവുമായ സാഹിത്യ സൃഷ്ടികൾ ശാശ്വതമായി നിലനിൽക്കുമെന്ന വിശ്വാസം ഈ ബഹുമതി ശക്തിപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ സരസ്വതി സമ്മാൻ സാഹിത്യത്തിന്റെ ശാശ്വത ദീപമായി, പ്രകാശം മങ്ങിയിടങ്ങളിലേക്കും സൃഷ്ടിയുടെ വെളിച്ചം എത്തിക്കുന്ന നിത്യസാന്നിധ്യമായി തുടരുന്നു.

# കുളി കാക്ക കാഷ്ഠിച്ചാൽ മാത്രം

(1 –ാം പേജിൽ നിന്നും തുടർച്ച)

മഹാകവിയുടെ മരണം കോഴിക്കോട്ടെ മാതൃഭൂമിയിൽ വന്നത് ഏഴാംദിവസമാണ്. വാർത്ത നാലാം ദിവസമോ അഞ്ചാം ദിവസമോ മാതൃഭൂമി ഓഫീസിൽ ലഭിച്ചിരുന്നു. എന്നാൽ അത് കഴിഞ്ഞ് പത്രം പ്രസിദ്ധീകരിക്കുന്നത് മൂന്നുദിവസങ്ങൾക്കുശേഷമായിരുന്നു. ഏതായാലും വാർത്ത വന്നത് ജനുവരി 23ന് പുറത്തിറങ്ങിയ പത്രത്തിലാണ്!

ആർ.എസ്.പി നേതാവും അഞ്ചുതവണ സംസ്ഥാന മന്ത്രിസഭയിൽ അംഗവുമായിരുന്ന ബേബി ജോണിന്റെ ആശീർവാദത്തോടെയും സഹായ സഹകരണങ്ങളോടെയും തിരുവനന്തപുരത്തുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന പത്രത്തിന് ബേബിജോണിന്റെ ചരമവാർത്ത കൊടുക്കാനായത് ഭാഗ്യം കൊണ്ടുമാത്രമാണ്! 2008 കാലഘട്ടം. പത്രം ഓഫീസിലെ നൈറ്റ് ഡ്യൂട്ടി എഡിറ്റർമാർ സിയാദും മോഹനനും. സാധാരണ രാത്രി 12 മണിയാവുമ്പോൾ മോഹനൻ ഓഫീസിലെ കിടപ്പുമുറിയിലേക്ക് നടക്കും. “കുരിശ് വല്ലതും വന്നാൽ വിളിക്കൂ” എന്ന് സിയാദിനോട് പറഞ്ഞിട്ടായിരിക്കും നടപ്പ്. വളരെ വൈകിവരുന്ന വാർത്തകൾക്ക് അവരിട്ടിരുന്ന പേരാണ് ‘കുരിശ്’. ഒന്നു മയങ്ങിയശേഷം ഒരുമണിയാവുമ്പോഴേക്കും മോഹനൻ മടങ്ങിയെത്തി ഫോർമാനെ വിളിച്ച് പൊസിഷൻ തിരക്കി കഴിയുമ്പോൾ സിയാദ് പറയും “മണിയനെ കാണാൻ പോകാം...” കണ്ണമ്മൂല ജങ്ഷനിലെ തട്ടുകടക്കാരനാണ് മണിയൻ. അവസാന എഡിഷന്റെ പണി തീരാൻ ഇനിയും രണ്ടുമണിക്കൂറെടുക്കും. ഇതിനിടെ തട്ടുകടയിൽ പോയി ഒരു കട്ടൻ കുടിക്കുന്നത് പതിവാണ്. 2008 ജനുവരി 27നും പതിവുപോലെ സിയാദും മോഹനനുമായി മണിയനെ കാണാനിറങ്ങി. ഒരു സിഗററ്റും കത്തിച്ച് ഗേറ്റിലേയ്ക്ക് നടക്കവേ എഡിറ്റേഴ്സ് റൂമിന് മുന്നിലെ സെക്യൂരിറ്റി വിളിച്ചുപറഞ്ഞു: “സാർ ഫോൺ”. ഓടിച്ചെന്ന് ഫോണെടുത്തു. മനോരമയിൽ നിന്ന് സി. വിജയകുമാറാണ്. ഒരു സംശയം തീർക്കാൻ വിളിച്ചതാണ്; “ബേബി ജോണിന്റെ പ്രായം 91 വയസ്സ് തന്നെയല്ലേ” ? “അതേ” എന്നു പറഞ്ഞ് അവസാനിപ്പിക്കുംമുമ്പ് തന്നെ വിജയകുമാർ ഫോൺ വച്ചു. ഗേറ്റിൽ കാത്തുനിൽക്കുകയായിരുന്ന സിയാദുമൊത്ത് നടക്കവേ സിയാദ് മോഹനനോട് ചോദിച്ചു: “ആരാവിളിച്ചത്” ? മോഹനൻ അലക്ഷ്യമായി മറുപടി പറഞ്ഞു: “വിജയകുമാറാണ്, ബേബി ജോണിന്റെ വയസ്സെത്രയെന്നറിയാൻ വിളിച്ചതാണ്.” ഇതുകേട്ട് സിയാദ് തെല്ലൊരീർഷ്യയോടെ പറഞ്ഞു: “അയാൾക്ക് എപ്പോഴും ഒരു സംശയമാണ്! ഈ കൊച്ചുവെളുപ്പാൻകാലത്താണ് ബേബി ജോണിന്റെ വയസ്സിൽ സംശയം...!” അതുകേട്ട് ആദ്യം ചിരിച്ചുവെങ്കിലും പെട്ടെന്ന് മോഹനന്റെ മനസ്സിൽ ഒരു വെള്ളിടി വെട്ടി: “ശരിയാണല്ലോ; ഈ വെളുപ്പാൻകാലത്ത് എന്തിനാണ് ബേബിജോണിന്റെ വയസ്സ് തിരക്കുന്നത്?” മോഹനൻ പെട്ടെന്ന് പറഞ്ഞു: “സിയാദേ വന്നേ തിരിച്ചുപോകാം...”, “എന്താ... എന്തുപറ്റി...?” സിയാദ് ചോദിച്ചു. “വാ പറയാം” അവർ തിരിച്ചുനടന്നു. നടക്കുകയല്ല...ഓടുകയായിരുന്നു. ഓഫീസിലെത്തി ടെലിപ്രിന്റർ റൂമിൽ കയറി പ്രിന്റർ നോക്കി. കഷ്ടകാലത്തിന് ടെലിപ്രിന്ററിൽ പേപ്പർ തീർന്നിരിക്കുന്നു...! ഫോണെടുത്ത് ബേബിജോണിന്റെയും ബേബി ജോണുമായി അടുപ്പമുള്ളവരുടേയും ഫോണുകളിലെല്ലാം വിളിച്ചു. എല്ലാ ഫോണുകളും തിരക്കിലാണ്. ഇതെല്ലാം നോക്കിനിൽക്കുകയായിരുന്ന സിയാദ് പ്രതികരണമെന്താവുമെന്ന ഭയത്തോടെ സ്വരം താഴ്ത്തി അരാഞ്ഞു: “എന്തുപറ്റി...?” “സിയാദേ... നീ ചോദിച്ചത് ശരിയാണ്. ഈ കൊച്ചുവെളുപ്പാൻകാലത്ത് ബേബിജോണിന്റെ വയസ്സെത്രയെന്ന് എന്തിനാണ് അറിയുന്നത്...? ബേബിജോൺ കുറേ നാളുകളായി കിടപ്പിലല്ലേ...?”

ഇതുകേട്ടതോടെ സിയാദിനും കാര്യം മനസ്സിലായി. ഉടനെ അയാൾ ഏറ്റവും അടുപ്പമുള്ള ചിലരെ വിളിച്ചു. ഊഹം ശരിയായിരുന്നു. ബേബി ജോൺ അൽപ്പം മുമ്പ് അന്തരിച്ചു.! ഉടനെതന്നെ ഡസ്കിലുള്ളവരെ ഉഷാറാക്കിക്കൊണ്ട് കിട്ടാവുന്ന വിവരങ്ങളും ഓർമ്മയിലുള്ള വിവരങ്ങളുമൊക്കെ വച്ച് വാർത്ത തയാറാക്കി ഡസ്ക്കിൽ കൊടുത്തു. ഫൈനൽ പ്രൂഫ് ഒപ്പിട്ടുകൊടുക്കുമ്പോൾ മോഹനന്റെ ആത്മഗതം “ഭാഗ്യം”

അടുത്ത ദിവസം രാവിലെ ഓഫീസ് വക മറ്റ് ദിനപ്പത്രങ്ങൾ വീട്ടിലെത്താൻ ഏഴുമണിയാകുമെന്നതുകൊണ്ട് പുലർച്ചെ നാലരയ്ക്ക് തമ്പാനൂർ ബസ് സ്റ്റാന്റിൽ പോയി മറ്റു പത്രങ്ങൾ നോക്കിയപ്പോഴാണ് മോഹനന് ആശ്വാസമായത് “വലിയ പരിക്കൊന്നും പറ്റിയിട്ടില്ല” നേരം പുലർന്നപ്പോൾ സിയാദിനെ വിളിച്ചു. സിയാദ് ചോദിച്ചു: “വിജയകുമാറിന് സംശയം തോന്നാതിരുന്നെങ്കിലോ...?” മോഹനന്റെ മറുപടി “അതിനല്ലേ പേന”

“പേനയോ?”

“ങാ... ഒരു പേപ്പറിൽ പേനയെടുത്ത് രാജിക്കത്തെഴുതി അയച്ചുകൊടുക്കുക... അത്രതന്നെ”

കുമാരനാശാന്റെ മരണം വൈലോപ്പള്ളി അറിയുന്നത് നാലുമാസം കഴിഞ്ഞാണ്. ഇക്കാര്യം വൈലോപ്പള്ളി എഴുതിയിട്ടുണ്ട്. അന്നദ്ദേഹം വിദ്യാർത്ഥിയായിരുന്നു. 1099 ലെ വെള്ളപ്പൊക്ക സമയത്ത് വീട്ടിൽ നിന്നും സ്കൂളിലേയ്ക്കുള്ള ഏതാണ്ട് അര കിലോമീറ്ററോളം ദൂരത്തെ വഴിയെല്ലാം വെള്ളത്തിൽ മുങ്ങിക്കിടന്നതുമൂലം കുറേയേറെ നാളുകൾ വൈലോപ്പള്ളിക്ക് സ്കൂളിൽപോകാൻ കഴിഞ്ഞിരുന്നില്ല. വെള്ളമിറങ്ങിയശേഷം വീണ്ടും സ്കൂളിൽ പോയി തുടങ്ങിയപ്പോഴാണ് കുമാരനാശാൻ മരിച്ചത് താൻ അറിയുന്നതെന്ന് അദ്ദേഹം എഴുതിയിട്ടുണ്ട്. അപ്പോഴേയ്ക്കും മഹാകവി മരിച്ചിട്ട് നാലുമാസം കഴിഞ്ഞിരുന്നു.

കേരള ശബ്ദം പത്രാധിപരായിരുന്ന തോപ്പിൽ രാമചന്ദ്രൻപിള്ളയുടെ കായംകുളംകാരൻ അനന്തിരവൻ മരിച്ച വിവരം കൊല്ലത്ത് താമസിച്ചിരുന്ന പിള്ള അറിയുന്നത് രണ്ടുമാസം കഴിഞ്ഞാണ്. തോപ്പിൽ രാമചന്ദ്രൻ പിള്ള കേരളശബ്ദം വിട്ട് മലയാളനാട് രാഷ്ട്രീയ വാരികയിൽ ചേർന്ന വിവരം അറിയാതെ ബന്ധുക്കൾ കേരളശബ്ദത്തിലേയ്ക്കാണ് മരണ വിവരമറിയിച്ചുകൊണ്ടുള്ള കാർഡ് അയച്ചത്. അച്ചടിച്ച കാർഡ് കേരള ശബ്ദത്തിലെത്തിയപ്പോൾ അവരത് അന്ന് കൊല്ലത്തെ നിലാ ഹോട്ടൽ വളപ്പിലെ കെട്ടിടത്തിൽ താമസിക്കുകയായിരുന്ന രാമചന്ദ്രൻ പിള്ളയ്ക്ക് നൽകുവാനായി സ്റ്റാഫ് ഫോട്ടോഗ്രാഫർ കൃഷ്ണൻകുട്ടിയെ ഏൽപ്പിച്ചു. കൃഷ്ണൻകുട്ടിയുടെ ഷർട്ടിന്റെ പോക്കറ്റിൽ കിടന്ന കത്ത് ഷർട്ട് കഴുകിയപ്പോൾ വെള്ളത്തിൽ കുതിർന്ന് നശിച്ചുപോയി.

പിന്നീട് കൊല്ലം റെയിൽവേ സ്റ്റേഷനിൽവച്ച് തോപ്പിലിനെ കണ്ടപ്പോൾ കൃഷ്ണൻകുട്ടി തനിക്ക് പറ്റിയ അമളിയെക്കുറിച്ച് പറഞ്ഞ് ക്ഷമ ചോദിച്ചു. അപ്പോഴേയ്ക്കും മരണം നടന്ന് രണ്ടുമാസം കഴിഞ്ഞിരുന്നു.

കൊല്ലം സേവിയേഴ്സ് ഹോട്ടലിൽ മലയാളനാട് പത്രാധിപർ എസ്.കെ. നായരുടെ നേതൃത്വത്തിലുള്ള പതിവ് സായാഹ്ന സദസ്സിൽ സംഭവം വിവരിച്ച രാമചന്ദ്രൻ പിള്ളയുടെ കമന്റ്: “വല്ലപ്പോഴും മാത്രം അടിച്ചു നനച്ച് കുളിക്കുന്നവനാണ് കൃഷ്ണൻകുട്ടി, എനിക്കുള്ള കത്ത് കിട്ടിയപ്പോൾ അവന് ഉടനെ കുളിക്കണം...” അപ്പോഴേക്കും കാക്കനാടന്റെ തിരുത്തുവന്നു; “വല്ലപ്പോഴുമല്ല; തലയിൽ കാക്ക കാഷ്ഠിച്ചാൽ മാത്രം...” ഇതുകേട്ട് തകഴിച്ചേട്ടൻ അതിനെ കാക്കനാടന് തന്നെയുള്ള ഒരു ‘വടി’യാക്കി; “നീ എന്തിനാ അവന്റെ തലയിൽ അത് വെയ്ക്കുന്നത്...? കാക്കനാടനെ അവരെല്ലാവരും ‘കാക്ക’ എന്നാണ് വിളിക്കാറ്.”

## ഗഗനചാരികൾ

# ആകാശത്തേക്ക് പാടി പറന്ന എലിസബത്ത് തിബിൾ

ആശ റാണി



എലിസബത്ത് തിബിൾ (Elisabeth Thible) ആകാശ ചരിത്രത്തിലെ ഏറ്റവും ധീരയായ വനിതകളിൽ ഒരാളാണ്. 1757 മാർച്ച് 8-ന് ഫ്രാൻസിലെ ലിയോൺ നഗരത്തിലെ ഒരു സാധാരണ കുടുംബത്തിലാണ് അവർ ജനിച്ചത്. അവരുടെ ജനനസമയത്തെ പേര് എലിസബത്ത് എസ്ട്രിയക്സ് (Elisabeth Estrieux) എന്നായിരുന്നു. വളരെ ചെറുപ്പത്തിൽ തന്നെ (ഏകദേശം 14 വയസ്സുള്ളപ്പോൾ) ക്ലോഡ് തിബിൾ (Claude Tible) എന്ന മെഴുകു വ്യാപാരിയെ അവർ വിവാഹം കഴിച്ചു. അതിനുശേഷം ‘തിബിൾ’ എന്ന ക്ലോഡ് തിബിളിന്റെ കുടുംബപ്പേര് ചേർത്ത് എലിസബത്ത് തിബിൾ എന്ന് അറിയപ്പെടാൻ തുടങ്ങി. ഒരു ഫാഷൻ വ്യാപാരിയും ഓപ്പറ ഗായികയും ആയിരുന്ന അവർ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ഉള്ളവരുമായി സൗഹൃദം നിലനിർത്തിയിരുന്നു. ഈ സൗഹൃതമാണ് അവരെ ഒരു അപ്രതീക്ഷിത ആകാശയാത്രയിലേക്ക് നയിച്ചത്. 1784 ജൂൺ 4-ന് ലിയോണിൽ വെച്ച് നടക്കേണ്ട ആകാശയാത്രയ്ക്കായി ഉപയോഗിച്ച ‘ലാ ഗസ്റ്റാവ്’ (La Gustave) എന്ന ഹോട്ട് എയർ ബലൂൺ നിർമ്മിക്കാൻ സാമ്പത്തിക സഹായം നൽകിയത് ഫ്രഞ്ച് പ്രഭുവായിരുന്നു കൗണ്ട് ലോറൻസിൻ ആയിരുന്നു. സ്വീഡനിലെ രാജാവായ ഗുസ്താവ് മൂന്നാമന്റെ (King Gustav III) സാന്നിധ്യത്തിൽ നടക്കേണ്ട ഈ യാത്രയിൽ പൈലറ്റായ മോൺസിയർ ഫ്ലൂറന്റിനൊപ്പം സഞ്ചരിക്കാൻ ആദ്യം തീരുമാനിച്ചിരുന്നത് കൗണ്ട് ലോറൻസിൻ ആയിരുന്നു. എന്നാൽ യാത്രയ്ക്ക് തൊട്ടുമുമ്പ് അദ്ദേഹം പിന്മാറിയപ്പോൾ പകരമാര് എന്ന ചോദ്യം വരികയും ഈ ആകാശസഞ്ചാരം കാണാൻ വന്ന എലിസബത്ത് ആകാശസഞ്ചാരം നടത്താനുള്ള തന്റെ ആഗ്രഹം കൗണ്ട് ലോറൻസിനെ അറിയിക്കുകയും ചെയ്തു. പുരുഷന്മാരുപോലും ഭയന്ന് പിന്മാറിയിരുന്ന ഈ സാഹസത്തിന് ധൈര്യപൂർവ്വം മുന്നിലേക്ക് വന്ന എലിസബത്ത് തിബിളിന്റെ ആഗ്രഹം കണക്കിലെടുത്ത അദ്ദേഹം അവർക്ക് അതിനുള്ള അനുമതി നൽകി. എന്നാൽ അവർ ഈ സാഹസിക യാത്ര ഏറെ ആസ്വാദനകരമാക്കി. മിനർവ്വാദേവതയുടെ വേഷം ധരിച്ചെത്തിയ എലിസബത്ത് ബലൂൺ വായുവിൽ ഉയർന്നപ്പോൾ താഴെ നിൽക്കുന്ന ജനക്കൂട്ടത്തെയും അതിഥിയായ സ്വീഡൻ രാജാവിനെയും സാക്ഷിയാക്കി മനോഹരമായ രണ്ട് ഓപ്പറ ഗാനങ്ങൾ ആലപിച്ചു. ഇതുകാരണം ലോകത്തിലെ ആദ്യത്തെ ‘സിംഗിങ് ഏറോനോട്ട്’ എന്ന പേരിന് അവർ അർഹയായി. ബലൂണുകൾ വായു ചൂടാക്കാൻ ഉപയോഗിച്ചിരുന്നു വലിയ തീപ്പെട്ടികളിൽ (Fire boxes) നിന്നും യാത്രയ്ക്കിടയിൽ ബലൂണിന്റെ ചില ഭാഗങ്ങളിൽ തീ പിടിക്കാൻ തുടങ്ങിയപ്പോൾ, ഒട്ടും പതറാതെ പൈലറ്റിനെ സഹായിച്ച് അവർ ധൈര്യപൂർവം ആ സാഹചര്യവും പുഞ്ചിരിച്ചുകൊണ്ട് നേരിട്ടു. ഏകദേശം 45 മിനിറ്റോളം നീണ്ടുനിന്ന ഈ യാത്രയിൽ അവർ 1,500 മീറ്റർ ഉയരത്തിൽ വരെ എത്തുകയും 4 കിലോമീറ്ററോളം ദൂരം സഞ്ചരിക്കുകയും ചെയ്തശേഷം അവർ സുരക്ഷിതമായി നിലത്തിറങ്ങി. പരുക്കൻ ലാൻഡിംഗ് ആയിരുന്നിട്ടും ചെറിയൊരു കാൽ മുറിവ് ഒഴിച്ചാൽ അവർക്ക് മറ്റ് പരിക്കുകൾ ഒന്നുമുണ്ടായില്ല. ലാൻഡിംഗിന് ശേഷം ‘എന്റെ വിജയത്തിന്റെ പകുതി ക്രെഡിറ്റും എലിസബത്തിന്റെ ധൈര്യത്തിനുള്ളതാണ്’ എന്നാണ് പൈലറ്റായ മോൺസിയർ ഫ്ലൂറൻറ്റ് പറഞ്ഞത്. വിസ്മയിപ്പിക്കുന്ന ആ യാത്ര നടന്ന് അധികം വൈകാതെ, 1785 ഫെബ്രുവരി 13-ന് പാരീസിൽ വെച്ച് 27-ാം വയസ്സിൽ അവർ അന്തരിച്ചു. ആകാശയാത്രയിലെ അവരുടെ അസാധാരണമായ ധൈര്യവും പങ്കാളിത്തവും പരിഗണിച്ച് ഫ്രാൻസിലെ റോയൽ അക്കാദമി ഓഫ് സയൻസസ് (Royal Academy of Sciences) അവർക്ക് മെഡൽ നൽകി ആദരിക്കുകയും ലോകത്തിലെ ആദ്യത്തെ വനിതാ വ്യോമയാത്രിക (First female passenger in a balloon) എന്ന നിലയിൽ ഗിന്നസ് വേൾഡ് റെക്കോർഡ്സിൽ അവരുടെ പേര് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

# ഫ്രിറ്റ്സ് സ്റ്റാസ്റ്റ്നി (Fritz Stastny): തെർമോക്കോൾ/ എക്സ്പാൻഡഡ് പോളിസ്റ്റൈറൈൻ (EPS)

(1 –ാം പേജിൽ നിന്നും തുടർച്ച)

പദാർത്ഥത്തെ കൂടുതൽ വഴക്കമുള്ളതാക്കാനും (flexible), വൈദ്യുതി കടത്തിവിടാത്ത വിധത്തിലുള്ള കേബിൾ ഇൻസുലേഷനായി (cable insulation) മാറ്റാനുമുള്ള അദ്ദേഹത്തിന്റെ പരീക്ഷണത്തിനിടെ പോളിസ്റ്റൈറൈൻ മുത്തുകൾക്കൊപ്പം (pellets) പെന്റേൻ (Pentane) എന്ന ഹൈഡ്രോകാർബൺ അദ്ദേഹം ചേർത്തു.

തന്റെ പരീക്ഷണത്തിന്റെ ഭാഗമായി ഒരു ഷൂ പോളിഷ് ടിന്നിൽ ഈ മിശ്രിതം അദ്ദേഹം ഇട്ടു വെച്ചിരുന്നു. അവിചാരിതമായി ഈ മിശ്രിതം ചൂടുള്ള നീരാവിയുമായി സമ്പർക്കം വന്നപ്പോൾ മുത്തുകൾ വികസിക്കുന്നതായി കണ്ടു. എന്നാൽ തന്റെ ജോലി സമയം കഴിഞ്ഞതിനാൽ അദ്ദേഹം ഷൂ പോളിഷ് ടിന്നിൽ ഈ മിശ്രിതം ഇട്ടു വെച്ചിരുന്നു. അദ്ദേഹം തിരികെ വന്നപ്പോൾ കണ്ട കാഴ്ച അത്ഭുതകരമായിരുന്നു. ആ കാനിന്റെ അടപ്പ് തനിയെ തുറന്നിരിക്കുന്നു. കാനിനുള്ളിലെ മിശ്രിതം വികസിച്ച് (Expand) കാനിന്റെ ആകൃതിയിലുള്ള ഭാരം കുറഞ്ഞ ഒരു വെളുത്ത പദാർത്ഥമായി മാറിയിരുന്നു. താപനിലയിലുണ്ടായ നേരിയ വ്യത്യാസത്തിൽ പെന്റെയ്ൻ വാതകമായി മാറുകയും അത് പോളിസ്റ്റൈറൈൻ തരികളെ ഉള്ളിൽ നിന്ന് വീർപ്പിക്കുകയും ചെയ്തതായിരുന്നു ഇതിന് കാരണം.

അതിലുണ്ടായിരുന്ന മുത്തുകൾ പരസ്പരം ഒട്ടിപ്പിടിച്ച് ഭാരം കുറഞ്ഞ സ്പോഞ്ച് പോലുള്ള പദാർത്ഥമായി മാറിയതായിരുന്നു അത്. ഇതായിരുന്നു എക്സ്പാൻഡഡ് പോളിസ്റ്റൈറൈൻ (EPS) -ന്റെ ആദ്യ രൂപം. ഈ അറിവ് ഉപയോഗിച്ച് അദ്ദേഹം പിന്നീട് നീരാവി കടത്തിവിട്ട് പോളിസ്റ്റൈറൈൻ തരികളെ പത്തിരട്ടി വലിപ്പത്തിൽ വീർപ്പിച്ചെടുക്കുന്ന രീതി വികസിപ്പിച്ചു. ഇതാണ് ഇന്ന് നമ്മൾ കാണുന്ന സ്റ്റൈറോപോർ (Styropor). ഈ കണ്ടെത്തലിലൂടെ 98% വായുവും 2% പ്ലാസ്റ്റിക്കും മാത്രമുള്ള, വളരെ ഭാരം കുറഞ്ഞ ഒരു വസ്തു ലോകത്തിന് ലഭിച്ചു. സ്റ്റാസ്റ്റ്നിയും BASF-ഉം ചേർന്ന് ഇതിനായി 1949-ൽ പേറ്റന്റിന് അപേക്ഷിക്കുകയും അത് ലഭിക്കുകയും ചെയ്തു.

ജർമ്മൻ കമ്പനിയായ BASF ആണ് 1951-ൽ ഇതിന് ‘തെർമോകോൾ’ എന്ന പേര് നൽകിയത്. എന്നാൽ 1952-ൽ ഡസൽഡോർഫിൽ നടന്ന പ്ലാസ്റ്റിക് പ്രദർശനത്തിലാണ് ഇത് ആദ്യമായി പൊതുജനങ്ങൾക്ക് മുന്നിൽ അവതരിപ്പിച്ചത്. ‘സ്റ്റൈറോപോർ’ (Styropor) എന്ന പേരിലാണ് ഇത് വിപണിയിൽ അറിയപ്പെടുന്നത്. പോളിസ്റ്റൈറൈൻ തരികളെ നീരാവി ഉപയോഗിച്ച് ചൂടാക്കി വികസിപ്പിച്ചെടുക്കുന്ന (Expansion) രീതിയാണ് അദ്ദേഹം വികസിപ്പിച്ചത്. ഭാരം കുറഞ്ഞതും മികച്ച താപ ഇൻസുലേഷൻ നൽകുന്നതുമായ ഈ വസ്തു ഇന്ന് പാക്കേജിംഗിനും നിർമ്മാണ മേഖലയിലും വ്യാപകമായി ഉപയോഗിക്കുന്നു. പോളിസ്റ്റൈറൈൻ കൂടാതെ മറ്റ് പല സിന്തറ്റിക് വസ്തുക്കളുടെയും വികസനത്തിൽ അദ്ദേഹം പങ്കാളിയായിരുന്നു. കണ്ടുപിടുത്തങ്ങൾക്കും സാങ്കേതിക മുന്നേറ്റങ്ങൾക്കും നൽകുന്ന ഏറ്റവും പഴയ പുരസ്കാരങ്ങളിൽ ഒന്നായ ജർമ്മൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻവെൻഷൻസ് (German Institute for Inventions) 1962-ൽ അദ്ദേഹത്തിന് പ്രശസ്തമായ ഡീസൽ മെഡൽ (Diesel Medal) നൽകി ആദരിച്ചു.

ജീവിതകാലം മുഴുവൻ അദ്ദേഹം ശാസ്ത്ര ഗവേഷണങ്ങളിൽ സജീവമായിരുന്നു. തന്റെ തിരക്കേറിയ ഗവേഷണങ്ങൾക്കിടയിലും അദ്ദേഹം തന്റെ ഭാര്യ മരിയയോടും കുടുംബത്തോടൊപ്പം സമയം ചിലവഴിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. 1985 ഏപ്രിൽ 8-ന് ജർമ്മനിയിലെ മാൻഹൈമിൽ വെച്ചാണ് അദ്ദേഹം അന്തരിച്ചത്.

# പ്രതിഭകൾക്കൊപ്പം പരിപാടിയിൽ അതിഥിയായി കെ.കെ. രാജീവ്




*ബി.എസ്.എസ് പ്രതിഭകൾക്കൊപ്പം പരിപാടിയിൽ അതിഥിയായെത്തിയ കെ.കെ. രാജീവ് സംസാരിക്കുന്നു*

**തിരുവനന്തപുരം:** വിവിധ മേഖലകളിലെ സമാദരണീയ വ്യക്തികളെ പരിചയപ്പെടുത്തുന്നതിനായി ഭാരത് സേവക് സമാജ് സംഘടിപ്പിച്ചിട്ടുള്ള ‘പ്രതിഭകൾക്കൊപ്പം’ പ്രതിമാസ പരിപാടിയിൽ മാർച്ച് മാസത്തെ അതിഥിയായി സിനിമ-സീരിയൽ സംവിധായകൻ കെ. കെ. രാജീവ്.

കവടിയാർ സദ്ഭാവനാ ഭവൻ ആഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ ബി.എസ്.എസ് ദേശീയ വൈസ് ചെയർമാൻ ബി.എസ്.ഗോപകുമാർ അധ്യക്ഷനായിരുന്നു. ബി.എസ്.എസ് ഡയറക്ടർ ജനറൽ ജയശ്രീകുമാർ സ്വാഗതമാശംസിച്ചു.


അസിസ്റ്റൻറ് ഡയറക്ടർ ലീനാമാത്യു കൃതജ്ഞത രേഖപ്പെടുത്തി.

## ഗാന്ധി ഭാരത്

# മഹാത്മാഗാന്ധിയുടെ ഗുണങ്ങൾ എങ്ങനെ ജീവിതത്തിൽ ഉൾപ്പെടുത്താം

ശ്രീലത എ.പി

*(തുടർച്ച)*



### 5 സ്വഭാവത്തിന്റെ ശക്തി

ലോകത്ത് ഏഴുതരത്തിലുള്ള പാപങ്ങൾ ഉണ്ട്. ജോലിയിലൂടെ അല്ലാത്ത സമ്പത്ത്, മനസാക്ഷിയില്ലാത്ത ആനന്ദം, നല്ല സ്വഭാവത്തിലൂടെ അല്ലാത്ത അറിവ്, ധാർമ്മികതയില്ലാത്ത വാണിജ്യം, മനുഷ്യത്വമില്ലാത്ത ശാസ്ത്രം, ത്യാഗമില്ലാത്ത ആരാധന, തത്വമില്ലാത്ത രാഷ്ട്രീയം.

മഹാത്മാഗാന്ധി നല്ല വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. സത്യത്തെയും, സത്യസന്ധതയെയും അദ്ദേഹം എപ്പോഴും ഇഷ്ടപ്പെട്ടിരുന്നു. അക്രമത്തെ അദ്ദേഹം എതിർത്തിരുന്നു, ഭൗതികമോഹങ്ങളിൽ നിന്ന് അകന്നു നിന്നു. ഉയർന്ന ധാർമ്മികതയുടെ പാതയിലൂടെ അദ്ദേഹം സഞ്ചരിച്ചു. ലോകമെമ്പാടും അംഗീകരിക്കപ്പെട്ട ഒരു വ്യക്തിയായിരുന്നു അദ്ദേഹം. എന്നിട്ടും അദ്ദേഹം ജനശ്രദ്ധയിൽ നിന്ന് സ്വാധീനിക്കപ്പെടാതെ ഒരു സന്യാസി ജീവിതം നയിച്ചു. ലാളിത്യവും, അച്ചടക്കവുമുള്ള ജീവിതം അദ്ദേഹം നിലനിർത്തിയിരുന്നു.

### ആത്മനിയന്ത്രണത്തിന്റെ പ്രാധാന്യം

‘നിങ്ങൾക്ക് ഒരിക്കലും നിങ്ങളുടെ മേൽ വലുതോ, കുറവോ ആധിപത്യം ഉണ്ടാകില്ല. ഒരു മനുഷ്യന്റെ വിജയത്തിന്റെ ഉയരം അളക്കുന്നത് അവന്റെ സ്വയം നിയന്ത്രണത്തിലൂടെയാണ്. അവന്റെ സ്വയം ഉപേക്ഷിക്കലിലൂടെ പരാജയത്തിന്റെ ആഴം അളക്കുന്നു. സ്വയം നിയന്ത്രണത്തിലാക്കാൻ കഴിയാത്തവന് മറ്റുള്ളവരുടെ മേൽ ആധിപത്യം ഉണ്ടാകില്ല.’ ലിയാനാർഡോ ഡാവിഞ്ചിയുടെ ഈ ഉദ്ധരണിയിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത് സംഘാടനവും സ്വയം നിയന്ത്രണവുമില്ലാതെ അച്ചടക്കത്തിന്റെയും സദ്ഗുണത്തിന്റെയും ജീവിതം സാധ്യമല്ല. നമ്മുടെ ചിന്തകളെ നിയന്ത്രിക്കുന്നതിലൂടെയാണ് സ്വയം നിയന്ത്രണത്തിന് തുടക്കമിടുന്നത്.

### 6 സ്നേഹിക്കുക, വെറുപ്പ് അവലംബിക്കരുത്

മിക്ക ആളുകൾക്കും സ്വീകരിക്കാൻ ബുദ്ധിമുട്ടുള്ള ഒരു ഗുണമാണിത്. ‘ഒരു എതിരാളിയെ നേരിടേണ്ടി വരുമ്പോഴെല്ലാം, അവനെ സ്നേഹം കൊണ്ട് കീഴടക്കുക.’ ഇത് പലപ്പോഴും മഹാൻമാരിൽ കാണപ്പെടുന്ന ഒരു ഗുണമാണ്. ബുദ്ധനിലും, ക്രിസ്തുവിലും മറ്റ് മഹാൻമാരായ ആത്മീയ നേതാക്കളിലും ഇത് ഉണ്ടായിരുന്നു. ഗാന്ധിജി തന്റെ ആദർശങ്ങളിൽ നിന്ന് സ്വീകരിച്ച ഒന്നായിരുന്നു തന്റെ എതിരാളികളെ സ്നേഹം കൊണ്ട് കീഴടക്കുക എന്നത്.

### സ്നേഹം കൊണ്ട് ശത്രുക്കളെ കീഴടക്കുക

ശാശ്വതമായ ബന്ധങ്ങൾ കെട്ടിപ്പടുക്കാൻ സഹായിക്കുന്നത് എപ്പോഴും ഒരു പോരാട്ടം ഒഴിവാക്കി എതിരാളിയോടൊപ്പം വേദിയിൽ നിന്ന് ഇറങ്ങി പോവുമ്പോൾ രണ്ടു പേരുടെയും മുഖത്ത് വിരിയുന്ന പുഞ്ചിരിയും, ഹസ്തദാനവും തന്നെയാണ്. കുറച്ച് പേർക്ക് അത് മണ്ടത്തരമായി തോന്നാമെങ്കിലും പക്ഷേ അത് യഥാർത്ഥത്തിൽ നിങ്ങൾക്ക് അനുകൂലമായി പ്രവർത്തിക്കുന്നു. ഇതിൽ നിങ്ങൾ വിജയിച്ച രണ്ട് കാര്യങ്ങൾ എന്തെന്നാൽ യഥാർത്ഥത്തിൽ വഴക്കിടാതെയുള്ള പോരാട്ടവും, ജീവിതത്തിലെ ഉയർച്ച താഴ്ചകളിൽ നിങ്ങളെ സഹായിച്ചേക്കാവുന്ന ഒരു നല്ല സുഹൃത്തും. ഗാന്ധിജി എപ്പോഴും തന്റെ ശത്രുക്കളോട് സ്നേഹം കൊണ്ടാണ് പോരാടിയിരുന്നത്.

തുടരും

# വേദങ്ങളിലെ വാക്യങ്ങൾക്ക് പകരംവെയ്ക്കാൻ മറ്റൊന്നില്ല: ബി.എസ്. ബാലചന്ദ്രൻ



വേദാന്തദർശനത്തിന്റെ മുഴുവൻ സത്തയും ആവാഹിച്ച് കൈച്ചുരുളിലൊതുക്കിയ അമൃതവാക്യങ്ങളാണ് വേദങ്ങളിൽ പറഞ്ഞിട്ടുള്ള മഹാവാക്യങ്ങളെന്ന് ബി.എസ്.എസ് ദേശീയ ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ രാമായണപ്രഭാഷണം നടത്തവേ ചൂണ്ടിക്കാട്ടി.

ഈ മഹാവാക്യങ്ങളെക്കാൾ പ്രാധാന്യം മറ്റൊന്നിനും ഉപനിഷത്തുകൾ നൽകിക്കാണുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

രാമായണ പ്രഭാഷണ പരമ്പരയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു ബി.എസ്.ബാലചന്ദ്രൻ.

'തത്ത്വമസി', 'അയമാത്മാബ്രഹ്മ', 'പ്രജ്ഞാനം ബ്രഹ്മ', 'അഹം ബ്രഹ്മാസ്മി' എന്നിവയാണ് ആ അമൃതവാക്യങ്ങളെന്ന് വ്യക്തമാക്കിയ അദ്ദേഹം അവയെക്കുറിച്ച് ലളിതമായി വിശദീകരിക്കുകയുമുണ്ടായി.

'തത്ത്വമസി' എന്നത് സാമവേദത്തിലെ (ഛാന്ദോദ്യോപനിഷത്) ഒരു ഉപദേശവാക്യമാണ്. 'അയമാത്മാ ബ്രഹ്മ' എന്നതാകട്ടെ അഥർവ്വവേദത്തിലെ (മാണ്ഡുക്യോപനിഷത്) അനുസന്ധാന വാക്യവും. ഋഗ്വേദത്തിലെ (ഐതരേയം) ലക്ഷണവാക്യമാണ് പ്രജ്ഞാനം ബ്രഹ്മ എന്നത്. അഹം ബ്രഹ്മാസ്മി എന്നത് യജ്ജുർവേദത്തിലെ (ബ്രഹ്മദാരണ്യകം) അനുഭവവാക്യമാണ്. വളരെ ലളിതമായി വിശദീകരിക്കുന്നപക്ഷം 'തത്ത്വമസി' എന്നതിനെ 'തത്' അഥവാ 'ഞാൻ'- നീ തന്നെയാകുന്നു എന്നാണർത്ഥം. 'ഈ ആത്മാവ് തന്നെയാണ് ബ്രഹ്മം' എന്ന അർത്ഥമാണ് അയമാത്മാ ബ്രഹ്മ എന്നതിനുള്ളത്. ലോകത്തെ സമസ്ത വസ്തുക്കൾക്കും അധാരമായ ചൈതന്യം എന്നതാണ് പ്രജ്ഞാനം ബ്രഹ്മ എന്നതുകൊണ്ടർത്ഥമാക്കുന്നത്. 'അഹം ബ്രഹ്മാസ്മി' എന്നാൽ 'ഞാൻ ബ്രഹ്മമാകുന്നു' എന്നതാണർത്ഥം. ഇതെല്ലാം ഒറ്റവാചക വിശദീകരണം മാത്രമാണെന്നും ഓരോന്നിനെക്കുറിച്ചും മണിക്കൂറുകൾ തന്നെ വിശദീകരിച്ചാലും പൂർണ്ണമാകില്ലായെന്നും ബി.എസ്. ബാലചന്ദ്രൻ വ്യക്തമാക്കുകയുണ്ടായി.

തത്ത്വമസി തുടങ്ങിയ വാക്യജപങ്ങളേയും ഉപനിഷത്തുകളിലെ 'ഓം നമോ ഭഗവതെ വാസുദേവായ', 'ഓം നമോ നാരായണായ' എന്നീ മന്ത്രങ്ങളേയും സ്വാദ്ധ്യായം അഥവാ പ്രണവം എന്നാണ് പറയപ്പെടുന്നത്. സ്വാദ്ധ്യായമെന്നത് വളരെ പ്രധാനപ്പെട്ടതും ഏറെ ശ്രേഷ്ഠതരവും അതീവ ഗുണദായകവുമായ യോഗസാധനയാണ്.

ഉപവാസ (വ്രത)ത്തെക്കുറിച്ചും ബി.എസ്. ബാലചന്ദ്രൻ ഹ്രസ്വമായി വിവരിക്കുകയുണ്ടായി. ഉപവാസമെന്നാൽ ആഹാരം ഉപേക്ഷിക്കുക എന്ന് പൊതുവായി പറയാമെങ്കിലും ആഹാരമെന്നാൽ ഭക്ഷണം മാത്രമാണെന്ന് ധരിക്കരുതെന്ന് അദ്ദേഹം പറഞ്ഞു. ഇന്ദ്രിയങ്ങൾവഴി ഉള്ളിലേയ്ക്കെടുക്കുന്നതെന്തും ആഹാരം തന്നെയാണ്. നല്ല കാഴ്ചകൾ കണ്ണിന് ആഹാരമാണ്. നല്ല ഗാനം കാതിന് ആഹാരമാണ്. കേൾക്കാൻ ഇമ്പമുള്ളതെന്തിനേയും കാതിന്റെ ആഹാരമായി കണക്കാക്കാം. നല്ല സുഗന്ധം നാസികയ്ക്ക് ആഹാരമാണ്. ഈ വസ്തുത ഉൾക്കൊണ്ടുള്ള നിരാഹാരം മാത്രമേ യഥാർത്ഥ ഉപവാസമാകുന്നുള്ളൂ. 'ഉപ' എന്നാൽ സമീപം എന്നാണർത്ഥം. വാസം എന്നാൽ വസിക്കുക എന്നും അർത്ഥം. അങ്ങിനെവരുമ്പോൾ ഉപവാസം എന്നാൽ സമീപത്ത് വസിക്കൽ എന്നാണർത്ഥം വരുന്നത്. മനുഷ്യന്റെ ഉള്ളിന്റെയുള്ളിൽ കുടികൊള്ളുന്ന അന്തരാത്മാവായ ഈശ്വരനാണ് നമ്മുടെ ഏറ്റവും അടുത്തായുള്ളത്. അതായത് ഉള്ളിന്റെയുള്ളിലായി കുടികൊള്ളുന്ന ഈശ്വരന്റെ സമീപത്ത് വസിക്കലാണ് ഉപവാസം.

ഇവ കൂടാതെ മനശുദ്ധിയും, ശരീരശുദ്ധിയും, വാഗ്ശുദ്ധിയും കൂടിയേ തീരൂ. സർവ്വോപരി ഈശ്വരപ്രാർത്ഥനയും. ആഹാരം ഉപേക്ഷിച്ചിട്ട് മറ്റൊന്നുമില്ലെന്ന് വന്നാൽ അതിനെ വ്രതമെന്നു പറയാൻ തന്നെയാവില്ല.

## ആൽബം



ബി.എസ്. ബാലചന്ദ്രനും ശിവഗിരി മഠാധിപതി ബ്രഹ്മശ്രീ ശ്രീമദ് സച്ചിതാനന്ദ സ്വാമികളും

# ധർമ്മ മാർഗ്ഗത്തിൽ വിശ്വാസമർപ്പിച്ച് ഭാരത ദർശനം

(1 –ാം പേജിൽ നിന്നും തുടർച്ച)

ഉയർത്തിയത്. ദിവ്യശക്തിയുടെ പിൻബലത്താൽ ആവിർഭവിക്കപ്പെട്ടതും 'അറിവ്' എന്നർത്ഥമുള്ളതുമായ വേദങ്ങൾ ഭാരതസംസ്കാര വടവൃക്ഷത്തിന്റെ അടിവേരുകളിൽ പ്രധാനപ്പെട്ടവയാണ്. ആദ്യഘട്ടത്തിൽ വായ്മൊഴിയായി പാരമ്പര്യത്തിലൂടെ പ്രചരിക്കപ്പെട്ടു. ഏറെക്കാലത്തിന് ശേഷമാണ് ഇതിന് ലിഖിതരൂപം കൈവന്നത്. അത് ബി.സി 1500നും ബി.സി500നും ഇടയിലാണെന്നാണ് പണ്ഡിതമതം.

വേദങ്ങൾ നാലാണ്. ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവ്വവേദം. ഓരോ വേദത്തിനും നാല് ഉപവിഭാഗങ്ങളുമുണ്ട്. സംഹിതകൾ, ആരണ്യകങ്ങൾ, ബ്രഹ്മണങ്ങൾ, ഉപനിഷത്തുകൾ എന്നിവയാണവ. 'സംഹിത'കളിൽ അടങ്ങിയിരിക്കുന്നത് മന്ത്രങ്ങളും അനുഗ്രഹങ്ങളുമാണെങ്കിൽ 'ആരണ്യക'ങ്ങളിൽ അചാരങ്ങളെക്കുറിച്ചുള്ള പാഠം, നവജാതശിശുവിന്റെ വംശാവലി, പ്രായപൂർത്തിയാകൽ, വിവാഹം, ശവസംസ്കാരം, യാഗങ്ങൾ, പ്രതീകാത്മകയാഗങ്ങൾ എന്നിവയെക്കുറിച്ച് വിവരിക്കുന്നു. ആചാരങ്ങൾ, ചടങ്ങുകൾ, യാഗങ്ങൾ എന്നിവയെക്കുറിച്ചുള്ള വ്യാഖ്യാനങ്ങളാണ് 'ബ്രഹ്മണ'ങ്ങളിലുള്ളത്. 'ഉപനിഷത്തു'കളിൽ ധ്യാനം, തത്വചിന്ത, ആത്മീയ അറിവ് എന്നിവയെക്കുറിച്ച് ചർച്ചചെയ്യുന്ന പാഠങ്ങൾ ഉൾക്കൊള്ളുന്നു.

ഭാരതീയ തത്വചിന്ത ലോകത്തിന് സമ്മാനിച്ച ഏറ്റവും വലിയ സംഭാവനകളിലൊന്നാണ് ഉപനിഷത്തുകൾ. 'വേദങ്ങളുടെ അവസാനം' എന്നർത്ഥം വരുന്ന 'വേദാന്ത'ത്തിലുൾപ്പെടുന്നതാണിത്. വേദങ്ങൾ എന്നതിന് അറിവ് എന്നർത്ഥമാകുമ്പോൾ വേദാന്തത്തിനെ അറിവിന്റെ അവസാനം എന്നും വ്യാഖ്യാനിക്കാം. ആകെയുള്ള 108 ഉപനിഷത്തുകളിൽ ശ്രീശങ്കരാചാര്യർ വ്യാഖ്യാനം നൽകിയ പത്തെണ്ണമാണ് മുഖ്യ ഉപനിഷത്തുകളായി കണക്കാക്കപ്പെടുന്നത്.

'തത്വമസി' എന്ന മഹാകാവ്യം ഉപനിഷത്തിൽ നിന്നുള്ളതാണ് (ഛാന്ദക്യോപനിഷത്). 'തത്' എന്നാൽ അത്. അതായത് ബ്രഹ്മം. 'ത്വം' എന്നാൽ 'നീ' അതായത് ആത്മാവ് 'അസി' എന്നാൽ ആകുന്നു. അതായത് 'തത്വമസി' എന്നാൽ 'അത് നീ തന്നെയാകുന്നു' എന്നാണർത്ഥം. പരമാത്മാവും (ദൈവം) ജീവാത്മാവും (മനുഷ്യൻ) ഒന്നുതന്നെയാണെന്ന വെളിവാക്കലിലൂടെ ഈശ്വരൻ നമ്മുടെ ഉള്ളിൽ തന്നെ വസിക്കുന്നു എന്ന് ഉദ്ഘോഷിക്കപ്പെടുകയാണ്! സ്വയം ബ്രഹ്മസ്വരൂപനാണെന്ന തിരിച്ചറിവാണ് ഇവിടെ ഉണരുന്നത്. മനസ്സിലെ അഹങ്കാരവും അഞ്ജതയും വെടിയാൻ ഈ വചനം നമ്മെ പ്രേരിപ്പിക്കുമെന്നത് നിസ്തർക്കം.

'അഹം ബ്രഹ്മാസ്മി' എന്ന വാക്യവും സമാനസ്വഭാവം പുലർത്തുന്നു. വളരെ ചുരുക്കി വിശദീകരിച്ചാൽ 'ഞാൻ ബ്രഹ്മമാകുന്നു' എന്നാണ് ഈ വാക്യത്തിലൂടെ വിവക്ഷിക്കുന്നത്.

ഭാരതീയ സംസ്കാരത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത "നാനാത്വത്തിൽ ഏകത്വം" എന്നതാണ്. മതം, ഭാഷ, വേഷം തുടങ്ങിയുള്ള പല വൈവിധ്യങ്ങൾ നിലനിൽക്കുമ്പോഴും ഇവിടുത്തെ മനുഷ്യരിലെ പരസ്പര സ്നേഹവും ഒരുമയും ഐക്യവും ശ്രദ്ധേയമാണ്. ഹിന്ദു-മുസ്ലീം-ക്രൈസ്തവ-ബുദ്ധ-സിഖ്-ജൈന- മതസ്ഥരെല്ലാമടങ്ങുന്ന സമൂഹത്തിൽ നിലനിൽക്കുന്ന ഈ ഐക്യം ഭാരതസംസ്കാരത്തിന്റെ പ്രത്യേകതയാണ്. ഭാരതത്തിന്റെ ദേശീയതയും സാംസ്കാരിക പൈതൃകവും വരച്ചുകാട്ടുന്നതുമാണിത്! സമൂഹത്തിലെ സഹിഷ്ണുത, പരസ്പര ബഹുമാനം, പരസ്പര സഹകരണം എന്നിവയുടെ വളർച്ച ത്വരിതപ്പെടുന്നതാണിതെന്ന വസ്തുതയും പ്രത്യേകം ചൂണ്ടിക്കാട്ടപ്പെടേണ്ടതായുണ്ട്.

> ● ആധുനിക കാലഘട്ടത്തിലെ യാന്ത്രിക ജീവിതത്തിനിടെ മനുഷ്യന് അനുഭവിക്കേണ്ടിവരുന്ന മാനസിക സമ്മർദ്ദവും വ്യഥയും ആശങ്കയുമൊക്കെ വളരെ വലുതാണ്

ആധുനിക കാലഘട്ടത്തിലെ യാന്ത്രിക ജീവിതത്തിനിടെ മനുഷ്യന് അനുഭവിക്കേണ്ടിവരുന്ന മാനസിക സമ്മർദ്ദവും വ്യഥയും ആശങ്കയുമൊക്കെ വളരെ വലുതാണ്. ഇത്തരം പ്രതിസന്ധിഘട്ടങ്ങളിൽ തുണയായെത്തുന്നത് ഭാരത്തിന്റെ തനതായ ആത്മീയതയാണ്. യോഗം, ധ്യാനം, ധർമ്മചിന്ത എന്നിവ മാനസിക-ശാരീരിക ഉത്തേജനങ്ങൾക്ക് വഴിമരുന്നാവുന്നു. ഇതിൽ ധ്യാനം മനസ്സിനെ ഏകാഗ്രമാകുന്നതിനൊപ്പം ആത്മാവിനെ തിരിച്ചറിയുവാനുള്ള മാർഗ്ഗമാവുകയും ചെയ്യുന്നു. ഭാരതദർശനത്തിൽ ഭക്തിക്കുള്ള സ്ഥാനം പ്രധാനമാണ്. ഈശ്വരനോടുള്ള അനുരാഗവും വിശ്വാസവും മനഃശുദ്ധിയിലേക്കും തുടർന്ന് ആത്മസാക്ഷാത്ക്കാരത്തിലേയ്ക്കും നയിക്കുന്നു.

മാനവ ജീവിതത്തെ അതിന്റെ പൂർണ്ണമായ അളവിലും അർത്ഥത്തിലും അറിയുവാനും ഉള്ളിന്റെയുള്ളിൽ ഉറങ്ങിക്കിടക്കുന്ന പരമമായ സത്യത്തെ ഉണർത്തി ഉയർത്താനും, ലോകത്തെയാകെ സമതുലിതമായി കണ്ടനുഭവിക്കാനും ഭാരതദർശനം വഴിയൊരുക്കുന്നു.

കർമ്മഫലമെന്നത് ഈശ്വരനുപോലും അനുഭവിക്കാതിരിക്കാനാവില്ലെന്ന് ഭാരതം ദർശിക്കുന്നു. മനുഷ്യനുണ്ടാകുന്ന നിമ്നോന്നതങ്ങളെല്ലാം സ്വകർമ്മങ്ങളിലധിഷ്ഠിതമായിരിക്കുന്നുവെന്ന ഉറച്ച ദർശനമാണ് ഭാരതത്തിനുള്ളത്. സദ്പ്രവർത്തികൾ ഗുണഫലങ്ങൾ പ്രദാനം ചെയ്യുമ്പോൾ ദുഷ്ചെയ്തികൾ നാശം ക്ഷണിച്ചുവരുത്തുന്നു. കർമ്മഫലം ജന്മ-ജന്മാന്തരങ്ങളിൽ തുടരുമെന്നതും അനിഷേധ്യ വസ്തുതയായി കാണുന്നു!

സത്യാന്വേഷണം, ആത്മാവിനെ തിരിച്ചറിയൽ ധാർമ്മികത, അഹിംസ, കരുണ, ആത്മീയത തുടങ്ങിയവയാണ് ഭാരതദർശനത്തിന്റെ അടിസ്ഥാനശിലകൾ. മനുഷ്യൻ അവനിലെ യഥാർത്ഥ മനുഷ്യനെ കണ്ടെത്തുമ്പോൾ അവിടെ അവൻ സത്യവും സമാധാനവും കണ്ടെത്തുന്നുവെന്നും ഭാരതദർശനം വിളംബരം ചെയ്യുന്നു. മാനവ ജീവിതപുരോഗതിയുടെ സുന്ദരവഴിത്താര ഇതാണെന്നും ചൂണ്ടിക്കാട്ടുന്നുണ്ട്.

ഭാരതീയ ചിന്തയിൽ മനുഷ്യ ജീവിതത്തിലെ പ്രധാന ഘടകങ്ങൾ; നീതി-ന്യായങ്ങൾ പരിപാലിക്കുക എന്ന 'ധർമ്മ'വും, ദ്രവ്യപ്രാപ്തിയെന്ന 'അർത്ഥ'വും, ഫലകാംക്ഷയെന്ന 'കാമ'വും സംസാര സാഗരത്തിൽ നിന്നുള്ള മോചനവും ദുഃഖനിവൃത്തിമൂലമുണ്ടാകുന്ന പരമാനന്ദ പ്രാപ്തിയുമായ 'മോക്ഷ'വുമാണെന്ന് ഭാരതം ഉറച്ചുവിശ്വസിക്കുന്നു! ഇവ നാലും ധർമ്മത്തിലൂന്നിനിന്നും സമതുലിതമായും പാലിക്കപ്പെടുന്നതാണ് ഭാരതത്തിന്റെ ശക്തി.

# അറിവിന്റെ മധുകണങ്ങൾ



രാജി അജിത്ത്

- ഇറാന്റെ ഏത് പ്രധാന ആണവ കേന്ദ്രത്തിലാണ് അമേരിക്കയും ഇസ്രായേലും സംയുക്തമായി സൈനിക ആക്രമണം നടത്തിയത്
  നതൻസ് (Natanz)
- ഉപഭോക്തൃ നീതി ഉറപ്പാക്കുന്നതിൽ ഇന്ത്യയിലെ വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിന്റെ സ്ഥാനം
  12 (ഒന്നാം സ്ഥാനം : ആന്ധ്ര പ്രദേശ്)
- 2026 മാർച്ചിൽ കുട്ടികൾക്കായി പേരന്റ് മാനേജ്ഡ് അക്കൗണ്ടുകൾ അവതരിപ്പിച്ച സോഷ്യൽ മീഡിയ
  വാട്സ്ആപ്പ്
- 2026 - 27 ബജറ്റിൽ 'ഇന്ദിരമ്മ ഫാമിലി ലൈഫ് ഇൻഷുറൻസ് സ്കീം' പ്രഖ്യാപിച്ച സംസ്ഥാനം
  തെലങ്കാന
- തോന്നയ്ക്കൽ കുമാരനാശാൻ ദേശിയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ടിന്റെ കുമാരനാശാൻ ദേശീയ കവി പുരസ്കാരം നേടിയ ഒഡിയ കവി
  സീതാകാന്ത മഹാപത്ര
- ഇന്ത്യയിലെ കാർബൺ മാർക്കറ്റ് വിപുലീകരിക്കുന്നതിനായി ന്യൂഡൽഹിയിൽ നടന്ന അന്താരാഷ്ട്ര സമ്മേളനം
  പ്രകൃതി 2026
- കുമാരനാശാൻ മലയാളം കവി പുരസ്കാരം നേടിയത്
  കെ. സച്ചിതാനന്ദൻ
- ഇൻകം ടാക്സ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ആരംഭിച്ച കാമ്പയിൻ
  PRARAMBH 2026 (Policy Reform and Responsible Action for Mission Viksit Bharat)
- ഭിന്നശേഷി കുട്ടികൾക്ക് 7 ദിവസം വരെ സുരക്ഷിതമായി താമസിക്കാൻ സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി റെസ്പൈറ്റ്
  റെസ്പൈറ്റ് ഹോം
- വായുസഞ്ചാരമുള്ള അന്തരീക്ഷമില്ലാത്ത ചൊവ്വയിൽ (Mars) വളരാൻ സാധിക്കുമെന്ന് ശാസ്ത്രജ്ഞർ കണ്ടെത്തിയ മരുഭൂമിയിലെ പായൽ
  സിൻട്രിച്ചിയ കാനിനെർവിസ്
- 2026 ലെ ലോക ഉപഭോക്തൃ അവകാശ ദിനത്തിന്റെ (മാർച്ച് 15) പ്രമേയം
  Safe Products, Confident Consumers
- റോഡ് അപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പുതിയ പദ്ധതി
  PM RAHAT (Prime Minister Road Accident Victims' Hospitalisation and Assured Treatment)
- 2026 ലെ ലോക ജലദിനത്തിന്റെ പ്രമേയം (മാർച്ച് 22)
  ജലവും ലിംഗനീതിയും (Water and Gender)

## സംസ്കാര ഭാരതം കാവ്യസദസ്സ്

# മികച്ച കവിതയ്ക്കുള്ള പുരസ്കാരം ഹരി തേജസ്സിന് സമ്മാനിച്ചു




സംസ്കാരഭാരതം കാവ്യസദസ്സ്: ഡോ. ബി. സുഗീത ഉദ്ഘാടനം ചെയ്യുന്നു

**തിരുവനന്തപുരം:** സംസ്കാരഭാരതം പ്രതിമാസ പരിപാടിയായ കാവ്യ സദസ്സിന്റെ ഉദ്ഘാടനം ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല മുൻ ഡയറക്ടർ ഡോ.ബി. സുഗീത നിർവ്വഹിച്ചു. കാവ്യ സദസ്സിൽ അവതരിപ്പിച്ച കവിതകളുടെ സമാഹാരമായ 'കാവ്യമാലിക ഇതൾ 20'ന്റെ പ്രകാശന കർമ്മവും സുഗീത നിർവ്വഹിക്കുകയുണ്ടായി. കവി അരുവിക്കര വിൽഫ്രഡ് പുസ്തകം സ്വീകരിച്ചു. കാവ്യസദസ്സിൽ അവതരിപ്പിക്കപ്പെട്ട കവിതകളിലെ മികച്ച കവിതയ്ക്കുള്ള പുരസ്കാരം ഹരിതേജസ്സിന് സമ്മാനിക്കുകയുണ്ടായി. കാവ്യ സദസ്സിൽ ഒട്ടേറെ കവികൾ തങ്ങളുടെ കവിതകൾ അവതരിപ്പിച്ചു.



മികച്ച കവിതയ്ക്കുള്ള പുരസ്കാരം ഹരി തേജസ്സിന് സമ്മാനിക്കുന്നു



'കാവ്യമാലിക ഇതൾ 20' പ്രകാശനം, കവി അരുവിക്കര വിൽഫ്രഡ് പുസ്തകം ഏറ്റുവാങ്ങിയപ്പോൾ

# സദ്ഭാവനാ ട്രസ്റ്റ്: രണ്ട് പുസ്തകങ്ങൾ കൂടി പ്രകാശനം ചെയ്തു



'മനസ്സിൽ പതിഞ്ഞ മാധവിക്കുട്ടി' എന്ന കൃതിയുടെ പ്രകാശന കർമ്മം



'അറിവിന്റെ വഴിത്താരകൾ' പ്രകാശനം ചെയ്യുന്നു

**തിരുവനന്തപുരം:** സദ്ഭാവനാ ട്രസ്റ്റ് പ്രസിദ്ധീകരിച്ച രണ്ട് പുസ്തകങ്ങൾ കൂടി പ്രകാശനം ചെയ്തു.

കുമാരനിലയം വിജയകുമാറും ഡോ. വൈ.ജോൺസണും സംയുക്തമായി രചിച്ച 'മനസ്സിൽ പതിഞ്ഞ മാധവിക്കുട്ടി" എന്ന കൃതിയും എൽ. പരമേശ്വരൻ രചിച്ച 'അറിവിന്റെ വഴിത്താരകൾ' എന്ന പുസ്തകവുമാണ് പ്രകാശനം ചെയ്തത്.

'മനസ്സിൽ പതിഞ്ഞ മാധവിക്കുട്ടി' എന്ന കൃതി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം. സത്യനും 'അറിവിന്റെ വഴിത്താരകൾ' എന്ന പുസ്തകം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ ഡോ. വി.കാർത്തികേയൻ നായരും പ്രകാശനം ചെയ്തു. കൃതികൾ യഥാക്രമം പത്രപ്രവർത്തകൻ ടി. ബി. ലാലും പണ്ഡിതനും സാഹിത്യകാരനും പത്രപ്രവർത്തകനുമായ പി. ഗോവിന്ദപ്പിള്ളയുടെ പുത്രിയും സംസ്ഥാന വിദ്യാഭ്യാസ വകുപ്പ്മന്ത്രി ശിവൻകുട്ടിയുടെ പത്നിയും പത്രപ്രവർത്തകയുമായ ആർ. പാർവ്വതീദേവിയും ഏറ്റുവാങ്ങി.

Edited, Printed and Published by B.S. Balachandran on behalf of Satbhavana Publishing Chamber, Sri Nikethan, Thycaud P.O, Thiruvananthapuram 695014. Printed at Rainbow Printers, Kumarapuram, for BRN Printers.
Managing Editor: Manju Sreekandan, Chief Editor: Jaya Sreekumar